ഖണ്ഡശേഷത്തെ രണ്ടു ദിക്കിൽ വെച്ചു ഒന്നിനെ "ധനം" എന്നതു കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലം തിയതിയാകുന്നു. ബാക്കിയെ ൬൦-ൽ പെരുക്കി ഇലിവികളേയും ഉണ്ടാക്കുക. അവയെ ൩൦-ൽ കയറ്റി രാശിയും വെച്ചുകൊള്ളുക. മറ്റേതിൽ നിന്നു "സ്മൃതി" എന്നതു കൊണ്ടു ഹരിച്ച ഫലം ഇലിയിലും, വിലി വേണമെങ്കിൽ ശിഷ്ടത്തെ ൬൦-ൽ പെരുക്കി "സ്മൃതി" കൊണ്ടു ഹരിച്ചു ഉണ്ടാക്കിയ ഫലം വിലിയിലും കൂട്ടണം. അതിൽ സൂര്യമധ്യമം വരുത്തുമ്പോൾ സൂക്ഷിക്കുവാൻ പറഞ്ഞിരിക്കുന്ന 'അബ്ദ' ഫലവും (൩൩൦-ൽ ഹരിച്ചു കിട്ടിയ വിലി) കൂട്ടണം. പിന്നെ ഇതിൽ ധ്രുവവും കൂട്ടിയാൽ തുംഗമായി.

൪൬

കുജമധ്യമം വരുത്തുവാൻ പറയുന്നു.

(൧) "പടു" ഹരദിനാൽ പൃഥക്സ്ഥാൽ "പുരൈതുഃ" "ഇന്ദ്രൈഃ" കജസ്യ രാശ്യംശകലാഃ ഇതി.

ഖണ്ഡശേഷത്തെ "പടു" എന്നതു കൊണ്ടു പെരുക്കി രണ്ടു ദിക്കിൽ വെക്കുക; ഒന്നിനെ "പുത്രൻ" എന്നതു കൊണ്ടു ഹരിക്കുകയും ചെയ്യു; കിട്ടുന്ന ഫലം തിയതിയാകുന്നു. ശിഷ്ടത്തെ വീണ്ടും ൬൦-ൽ പെരുക്കി ഹരിച്ചു ഇലിയും വ

ങ്ങളെക്കൊൾക. മറ്റേതിനെ "ശ്രുഭേ"നെ (വ്യ൬ര) കൊണ്ടു ഹരിച്ചു കിട്ടിയ ഫലം മുൻവെച്ചിരിക്കുന്നതിന്റെ ഇലിയിൽ കൂട്ടണം. പിന്നെ തീയതിയെ ൧൦–ൽ കയററി രാശിയും വെച്ച് ധ്രുവം കൂട്ടിയാൽ അതു കുജമദ്ധ്യമ മാകുന്നു. കുജാദിഗ്രഹങ്ങൾക്ക വിലിയാലിപ്ത്യാവില്ലാത്തതിനാൽ വിലിയാലിയായി ഗണിക്കയും പതിവില്ല.

൪൩

ബുധശീഘ്രോച്ചം വരുത്തുവാനാണ് ഇനി പറയുന്നതു

(വ്യ) "ദേഹം"ക്ഷു ഭേണാദൌ "ഭാനാത്മാ"പൃംശകാദി കല്പാൽ ജ്ഞെ ഇതി.

ഖണ്ഡശേഷത്തെ രണ്ടേടത്തു വെച്ചു ഒന്നിനെ "ദേഹം" (വ്യ) കൊണ്ടു ഹരിച്ചാൽ കിട്ടുന്നതു വ്യംശഫലമാകുന്നു. ശിഷ്ടത്തെ ൬൦–൬൦–൩൦ ഇതുകളെക്കൊണ്ടും ക്രമത്തിൽ പെരുക്കി 'ദേഹം'കൊണ്ടു തന്നെ ഹരിച്ചാൽ രാശി തീയതി ഇലികളും കിട്ടും. മറേറ ഖണ്ഡശേഷത്തെ "ഭാനാത്മം" എന്നറെവ്യ കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലം തിഷ്ടതിയാകുന്നു. പിന്നെയും ൬൦–ൽ പെരുക്കി ഭാനാത്മനെകൊണ്ടു ഹരിച്ചു ഇലിയും ഉണ്ടാക്കി മുൻവെച്ചിരിക്കുന്ന തിഷ്ടതിയിലും ഇലിയിലും യഥാക്രമം കൂട്ടുകയും വേണം. ബുധന്റെ ക്ഷേപധ്രുവവും കൂടി അതിൽ കൂട്ടിയാൽ അതു ബുധന്റെ ശീഘ്രോച്ചമായി വരുന്നതാകുന്നു.

൪൪

ഇനി വ്യാഴത്തിന്റെ മദ്ധ്യമം വരുത്തുവാൻ പറയുന്നു.

(വ്യ) "പ്രിയ"ർ ഭക്ത രോഗാദൌ ജീവേ "സത"ക്ഷേപിപ്പികാദേശൊദ്ധ്യാഃ ഇതി.

ഖണ്ഡശേഷത്തെ രണ്ടു ദിക്കിൽ വെച്ചു, ഒന്നിനെ "പ്രി

വാൻ" എന്ന ഫല കൊണ്ടു ഹരിക്കുക: കിട്ടുന്ന ഫലം തിഥി തിയാകുന്നു. ശിഷ്ടത്തെ ന്യാ-ൽ പെരുക്കി 'പ്രിയം'കൊണ്ടു ഹരിച്ച ഇലിയും ഉണ്ടാക്കണം. രണ്ടാമത്തെ ഖണ്ഡശേഷത്തിൽ നിന്നു "സുതൻ" എന്ന ന്യ കൊണ്ടു ഹരിച്ചു കിട്ടിയ ഫലത്തെ ഇലിയിൽ നിന്നു കളയുകയും വേണം. പിന്നെ അയ നാ-ൽ കഴററി രാശിയും വെച്ചു വ്യാഴത്തിന്റെ ധ്രുവവും കൂട്ടിയാൽ, വ്യാഴമദ്ധ്യമം സിദ്ധിക്കുന്നതാകുന്നു.

൩൩

ശുക്രന്റെ ശീഘ്രോച്ചം വരുത്തുവാനാണ് ഇനി പറയുന്നതു്.

(വ൪) "മുഖരം" പൂരണഹാരാദൌ സഖം "സ്വ"ശ്ച "മണി"ഹൃത കാൽ ശുക്രേ ഇലി

ഖണ്ഡശേഷത്തെ രണ്ടു ദിക്കിൽ വെച്ചു് ഒന്നിനെ "മുഖരം" എന്ന ഫല കൊണ്ടു ഹരിച്ചു് കിട്ടിയ ഫലം കളയുക. ശിഷ്ടത്തെ ഫല കൊണ്ടും, നാ കൊണ്ടും, ന്യാകൊണ്ടും യഥാക്രമം പെരുക്കി 'മുഖരം' കൊണ്ടു തന്നെ ഹരിച്ചാൽ കിട്ടുന്നതു രാശി തിഥി ഇലികളാകുന്നു. രണ്ടാമത്തേതിനെ "സ്വ" എന്നതു കൊണ്ടു പെരുക്കി "മണി" എന്നതു കൊണ്ടു ഹരിച്ചു കിട്ടിയ ഇലി മുൻ വെച്ചിരിക്കുന്നതിന്റെ ഇലിയിൽ കൂട്ടി, ധ്രുവവും കൂട്ടിയാൽ ശുക്രന്റെ ശീഘ്രോച്ചമായി വരുന്നതാകുന്നു.

൩൪

ശനിമദ്ധ്യമം വരുത്തുവാൻ പറയുന്നു.

(വ൫) "പ്രശ്ന"ഘ്നം ദിനഃ ഖ, ലിപ്താ "നിവൃത്ത" ഭക്താഃ കലാഃ രാശ്യാദ്യാഃ ഇതി.

ഖണ്ഡശേഷത്തെ രണ്ടെടുത്തു വെച്ചു് ഒന്നിനെ "പ്രശ്ന

എന്ന രണ്ടുകൊണ്ടു പെരുക്കിയ (ഹരിച്ച്) ൩ ശുദ്ധിയാകുന്നു. ഇതിനെ ൩൦-ലും ൧൨-ലും ക്രമത്തിൽ കയററി തിഥിയും രാശിയും ഉണ്ടാക്കിൽ പോരും. മററ ബന്ധശേഷത്തെ "നിവേദ്യം" എന്ന ക്ഷേപംകൊണ്ടു ഹരിച്ചു ഫലം ശുദ്ധിയിൽ കൂട്ടുകയും വേണം. പിന്നെ ധ്രുവം കൂട്ടിയാൽ ശനിമദ്ധ്യമം സിദ്ധിക്കും.

## ൪൧

രാഹുമദ്ധ്യമം വരുത്തുവാൻ പറയുന്നു.

(ശ്ലോ) "തന്തമ" വിഹൃതേ രാശ്യോ ഭാഗാ ലിപ്താഃ "ശരോ"ഷ്ടാ വികലാഃ ഇതി.

ബന്ധശേഷത്തെ രണ്ടു ദിക്കിൽ വെച്ച്, ഒന്നിനെ "തന്തമ" എന്ന സംഖ്യ കൊണ്ടു ഹരിക്കുക. കിട്ടിയ ഫലം രാശിയാകുന്നു. ശിഷ്ടത്തെ ൩൦-ലും, ൬൦-ലും ക്രമത്താലെ പെരുക്കി "തന്തമ" കൊണ്ടു തന്നെ ഹരിച്ച തിയ്യതിയും ഇലിയും ഉണ്ടാക്കണം. വേണമെങ്കിൽ ശിഷ്ടത്തെ ഒരിക്കൽ കൂടി ൬൦-ൽ പെരുക്കി 'തന്തമ'കൊണ്ടു ഹരിച്ചു വിലിയും ഉണ്ടാക്കാം. മററ ബന്ധശേഷത്തെ "ശരോ" എന്ന സംഖ്യ കൊണ്ടു ഹരിച്ചു കിട്ടിയ ഫലം വിലിയിൽ നിന്നു കളയുകയും വേണം. പിന്നെ രാശ്യാദിയായി ഈ വരുത്തിയതിനെ രാഹുവിന്റെ ദൃക്കിലെ ധ്രുവത്തിൽ നിന്നു കളഞ്ഞാൽ അതു രാഹുവിന്റെ മദ്ധ്യമമാകുന്നു. പരഹിതത്തിൽ പറഞ്ഞപ്രകാരം തന്നെ ദൃക്കിലും രാഹുവിന്റെ മദ്ധ്യമവും സ്ഫുടവും ഒന്നുതന്നെയാണെന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു.

## ൪൨

(ശ്ലോ) ഏവം ഭൃഗ്വാദീനാം സാദ്ധ്യം സ്യാൽ മദ്ധ്യമം വിശേഷേണ ഇതി.

ള്ളേ് അപ്രകാരം ശനിക്കനോൾ മദ്ധ്യമം ഉണ്ടാക്കേണ്ടു മേൽപറഞ്ഞ പ്രകാരമാകുന്നു.

## ൪൯

ദേശാന്തരത്തെയും അഹർമ്മാനത്തെയും മദ്ധ്യമത്തിൽ സംസ്കരിക്കേണ്ടതായ ക്രിയ പറയുന്നു.

(സൂ.) ദേശാന്തര ഹർഷീയസംജ്ഞചപൂ ന്താന്ദ്രാ ഗ്രഹാണാം നിജ ഭുക്തിനിഘ്നാഃ. ശശാങ്കഗത്യാ വിഹൃതാ ഭോ കാര്യ്യാ ഇത്യാദിനിജഭുക്തിനിഘ്നാഃ ശശാങ്കഗത്യാ വിഹൃതാഃ ചാന്ദ്രാഃ ദേശാന്തരാഹർഷീയിസംജ്ഞചപൂഃ ച ഗ്രഹാണാം യഥോദിതം കാര്യ്യാ ഇത്യന്വയഃ. സ്മൃതിതി ശേഷഃ.

അതാതു ദിക്കിലേക്കുള്ള ചന്ദ്രദേശാന്തരത്തെയും 1 ചന്ദ്രാഹർമ്മാനത്തെയും 2 വെച്ച്, അതാതു ഗ്രഹത്തിന്റെ മദ്ധ്യഗതി 3 കൊണ്ടു പെരുക്കി, ചന്ദ്രമദ്ധ്യഗതികൊണ്ടു ഹരിച്ച് ഋണധനം പോലെ അതാതു മദ്ധ്യമത്തിന്റെ ഇലിയിൽ സംസ്കരിക്കണം. ഈ ക്രിയയെ ഒന്നു കൂടി വ്യക്തമാക്കാം— സൂക്ഷ്മമദ്ധ്യമമാണെന്നു വിചാരിക്കുക. ഇഷ്ടദേശത്തേക്കുള്ള ചന്ദ്രദേശാന്തരത്തെ സൂക്ഷ്മമദ്ധ്യഗതിയായ "ഭാനധന്യം" എന്നു മടക്കി വെച്ചു പെരുക്കി ചന്ദ്രമദ്ധ്യഗതിയായ "ഭൃഗനിമ്നസ്ഥ" എന്നു മടക്കി (ഭൃഗ എന്ന വിലിയും നിമ്നസ്ഥ എന്ന ഇലിയുമായി) വെച്ചു ഹരിക്കുക: കിട്ടുന്ന ഫലം ഇലിയാകുന്നു. വിലിയവേണമെങ്കിൽ ബാക്കി ൬൦ൽ പെരുക്കി വീണ്ടും ചന്ദ്രമദ്ധ്യഗതി കൊണ്ടുതന്നെ ഹരിച്ചാൽ വിലിയും കിട്ടും. ഈ ദേശാന്തരം ഋണമെന്നു വെച്ചുകൊൾക. ദേശാന്തരം എപ്പോഴും ധനമാണെന്നും ധരിക്കണം. പിന്നെ ഈ പറഞ്ഞതുപോലെ തന്നെ ഇഷ്ടദേശത്തേക്കുള്ള ചന്ദ്രാഹർമ്മാനത്തെയും സൂക്ഷ്മഗതികൊണ്ടു പെരുക്കി ചന്ദ്രഗതികൊണ്ടു ഹരിക്കണം. ശനിക്കുന്നതു പ

1 അതാതു ദേശത്തേക്ക ദേശാന്തരം ഉണ്ടാക്കുവാനുള്ള പ്രമാണം ൧൪൦-ാം പാരയിൽ പറയുന്നതാണ്.

2 അഹർമ്മാനം ഉണ്ടാക്കുന്നതു ൧൪൭-ാം പാരയിലാണ കാണുക.

3 ഈ മദ്ധ്യഗതികാണുവാൻ ൧൫൦-ാം പാര നോക്കുക.

കൽ സമയത്തേക്കാണെങ്കിൽ ഉദയാഹർഗ്ഗണവും, രാത്രിയിലേക്കാണെങ്കിൽ അസ്തമയാഹർഗ്ഗണവുമാണു വേണ്ടതു്. അഹർഗ്ഗണം ചിലകാലത്തു ധനമായും, ചിലപ്പോൾ ഋണമായും വരുമല്ലോ. ധനമാണെങ്കിൽ, അതും (ദേശാന്തരവും അഹർഗ്ഗണവും) ധനമാകയാൽ, ഗുണഹരിച്ചു കിട്ടിയ അഹർഗ്ഗണവും മുൻവെച്ചിരിക്കുന്ന ദേശാന്തരത്തിൽ കൂട്ടുകയും, ഋണമാണെങ്കിൽ അവ തമ്മിൽ അന്തരിക്കുക (വലുതിൽ നിന്നു ചെറുതു കുറയ്ക്കുക)യും വേണം. ഇങ്ങിനെ തമ്മിൽ കൂട്ടുകയാണു ചെയ്തതെങ്കിൽ അതു മുഴുവനും മദ്ധ്യമത്തിൽ കൂട്ടണം. അന്തരിക്കയാണു ചെയ്തതെങ്കിൽ, ബാക്കി ധനമാണെങ്കിൽ കൂട്ടുകയും, ഋണമാണെങ്കിൽ കുറയ്ക്കുകയുമാണു വേണ്ടതു്. മദ്ധ്യമത്തിൽ വിലി ഉള്ളെടത്തു ഈ ഉണ്ടായതിന്റെ വിലി മദ്ധ്യമത്തിന്റെ വിലിയിലും, മുകളിലെ സ്ഥാനം ലിപ്തയിലും വരുമാറു സംസ്കരിക്കയും വേണം. മറ്റു ഗ്രഹങ്ങൾക്കും ഇതു പോലെതന്നെ കണ്ടുകൊൾക. മദ്ധ്യമത്തിൽ വിലിയില്ലെങ്കിൽ ഇവിടെ വന്നതിന്റെ വിലിയുടെ അർദ്ധാധിക്യം ലിപ്തയിൽ കൂട്ടി അതു സംസ്കരിച്ചാൽ മതി. ഇത്രയും ക്രിയചെയ്താൽ ആ മദ്ധ്യമം സ്ഫുടക്രിയാ യോഗ്യമായി എന്നറിക.

൩൦

(൩൧) യഥോദിതം വ്യസ്തമഹോ ബല സർവ്വമിതി— അഹോ സർവ്വം ച യഥോദിതം വ്യസ്തം ഋണധനയോഃ സ്യാദിതിശേഷഃ.

മറ്റു ഗ്രഹങ്ങൾക്കു പറഞ്ഞതിന്നു വിപരീതം, ധനമായി സംസ്കരിക്കുന്നതെല്ലാം ഋണമായിട്ടും, ഋണമെല്ലാം ധനമായിട്ടുമാണു രാഹുവിന്നു സംസ്കരിക്കേണ്ടതെന്നർത്ഥം.

൩൧

സൂക്ഷ്മമദ്ധ്യമം വരുത്തുവാൻ തന്നെ മറ്റൊരു സമ്പ്രദായത്തെയാണു പറയുന്നതു്.

(൩൧) മാസേ തു ഷഷ്ടിനാഡീകൃത്യൈഃ പൃഥക് "പദ്ദു" ഘ്നാ "വിതഥൻ" പൂർവിതാഃ—ഭാഗാദ്യൈഃ സംക്രമണാർക്കമദ്ധ്യയോജ്യാ ഇതി—പൃഥക് "പദ്ദു" ഘ്നാൽ "വിതഥൻ" പൂർവിതാഃ ഭാഗാദ്യൈഃ മാസേ തു യാതാഃ [illegible] സംക്രമണാർക്കമദ്ധ്യയോജ്യാ ഇത്യന്വയഃ. സ്പഷ്ടമിതി ശേഷഃ.

ഇഷ്ടമാസത്തിലെ ചെന്ന തിയ്യതികളെ ദിക്കുകളിലും, അതിന്നു മുമ്പുള്ള സംക്രമസമയം മുതൽ ഇഷ്ടസമയം വരെയുള്ള നാഴികകളേയും, (ആവശ്യമെങ്കിൽ അതിന്നും മേലെ വിനാഴികകളേയും) രണ്ടു ദിക്കിൽ വെക്കുക. ഒന്നിനെ "പദ്ദു" എന്ന ... കൊണ്ടു പെരുക്കി "വിതഥൻ" എന്ന ... കൊണ്ടു ഹരിച്ചു ഫലം മറ്റതിന്റെ ചുവട്ടിൽ (നാഴികയിൽ നിന്നു കളയണം) വിലിയും (വിനാഴികയും) ഉണ്ടെങ്കിൽ, ശിഷ്ടത്തെ നാല് പെരുക്കി ... 'വിതഥ'നെ കൊണ്ടു ഹരിച്ചു കിട്ടിയ ഫലം വിനാഴികയിൽ നിന്നും കളയണം. പിന്നെ അതു ആ മാസത്തിലെ സംക്രമവാക്യ * ത്തിൽ (സംക്രമസമയത്തെയുള്ള സ്ഫുടമദ്ധ്യമത്തിൽ) സ്ഥാനം മാറാതെ കൂട്ടുകയും വേണം.

൧൭

(൩൨) ഏവം രവിമധ്യമഃ സ്യാദിതി. ക്രമേണ താത്പര്യം.

ഇങ്ങിനെ (മേൽ പാദയിൽ പറഞ്ഞപ്രകാരം) ചെയ്താലും രവിമദ്ധ്യമം സിദ്ധിക്കുമെന്നർത്ഥം.

൧൮

സൂര്യോദയ സമയത്തെ ഗ്രഹമദ്ധ്യമങ്ങൾ വരുത്തുവാനാണല്ലോ ഇതുവരെ പറഞ്ഞത്. ഇനി ഇഷ്ടസമയത്തെ മദ്ധ്യമം വരുത്തുവാൻ പറയുന്നു.

(൩൩) ഗതാന്യാതാൽ പൂർവ്വദിനദ്യുവ്യയാൽ, ഗത്യോനിതാ ... ശുദ്ധ്യാൽ. ഇഷ്ടകാലെ ... സാദ്ധ്യാ, ... "..."

* സംക്രമ സമയത്തെ രവിമദ്ധ്യമം ൧൬-ാം പാദയിൽ കാണുക.

നാഡികൊനാൽ ഇതി—ശരാന്തരിതാൽ പൂൎവ്വദിനഭൂവൃന്ദാൽ, ശേഷ്യാന്തിതാൽ ഇഷ്ടദിനഭൂവൃന്ദാൽ വാ, അസ്തകാലേ യദി "നഗ" നാഡികൊനാൽ പശ്ചി ഷ്ടകാലേ വിഘടാഃ സാദ്ധ്യാഃ ഇത്യുപായഃ. സ്മൃതിദിശേഷഃ.

കലി (ഖണ്ഡദേശം) ഇഷ്ടദിവസത്തെ ഉദയത്തിന്നുള്ളതാണെങ്കിൽ ഉദയം മുതൽ അഭീഷ്ടസമയം വരെയുള്ള നാഴികയും, വേണമെങ്കിൽ വിനാഴികയും കലിയിൽ കൂട്ടിയിട്ടു വേണം മദ്ധ്യമം ഉണ്ടാക്കുവാൻ. ഇഷ്ടദിവസവും കൂടി കൂട്ടി പിറ്റേ ദിവസം ഉദയത്തിനുണ്ടാക്കിയ കലിയാണെങ്കിൽ, ഇഷ്ടസമയം മുതൽ പിറ്റേ ദിവസം ഉദയം വരെയുള്ള നാഴിക വിനാഴികകളെ കലിയിൽ നിന്നു കുറക്കുകയും വേണം. നാഴികയെ കൂട്ടുന്നതു കലിയുടെ ചുവട്ടിലും, വിനാഴികയെ അതിന്റേയും ചുവട്ടിലുമാണ വേണ്ടതു്. കുറക്കുകയാണെങ്കിൽ കലിയിൽ നിന്നു ഒന്നു നാൽ എറക്കി നാഴികയും, അതിൽ നിന്നും ഒന്നു നാൽ എറക്കി വിനാഴികയും കളയുകയും വേണം; അസ്തമയത്തിനാണ് മദ്ധ്യമം വരുത്തേണ്ടതെങ്കിൽ പിറ്റേ ദിവസത്തെ ഉദയകലിയിൽനിന്നു ൩൦ നാഴിക കുറച്ചിട്ടും വേണം മദ്ധ്യമമുണ്ടാക്കുവാൻ. കലി ഇഷ്ടദിവസം ഉദയത്തിന്നുള്ളതാണെങ്കിൽ ൩൦ നാഴിക കൂട്ടണമെന്നും അറിയേണ്ടതാകുന്നു.

## ൩൮

### മദ്ധ്യാധിമാസം വരുത്തുവാൻ പറയുന്നു.

(൩൮) കല്യബ്ദ "ശരാഗ്നിസൈന്യ" ഘാതം, "ചസഭാദിഭേദ്യം" "ഗ്നീനാഗഭികൈഃ" വിഭജ്യ, ലബ്ധ്വാനാഗൈർ ഉണ്ടാകും വർഷാദി മദ്ധ്യാധികമാസങ്ങൾ ഇതി— "ചസഭാദിഭേദ്യം കല്യബ്ദശരാഗ്നിസൈന്യ"ഘാതം "ഗ്നീനാഗഭികൈഃ" വിഭജ്യ ലബ്ധ്വാനാഗൈർ ഉണ്ടാകും വർഷാദിമദ്ധ്യാധികമാസാഃ ഇത്യുപായഃ. മദ്ധ്യദിശേഷഃ.

ഇഷ്ടകാലത്തേക്കു തികഞ്ഞ കലിവർഷത്തെ ശരാഗ്നി

ജലെന്ദ്ര" എന്ന ഗുണകാരം (൧൦൧൬൪൭) കൊണ്ടു പെരുക്കി, "ലംഘനമ" എന്നവ ... അതിൽ കൂട്ടി, "ന്യൂനിനാമിതൻ" എന്ന ഹാരകം (൧൪൭൩൦൦) കൊണ്ടു ഹരിക്കുക: കിട്ടുന്ന ഫലം കളയാം. ശിഷ്ടത്തെ ഹാരകമായ "ന്യൂനിനാമിതം"ത്തിൽ നിന്നും കുറച്ചു, ബാക്കിയെ ഗുണകാരമായ "ദൃഷ്ടാസ്ഥിജലെന്ദ്ര"നെ കൊണ്ടു തന്നെ ഹരിക്കുകയും ചെയ്യുക: അപ്പോൾ കിട്ടുന്ന ഫലം വർഷമാകുന്നു. ബാക്കി ൧൨-ൽ പെരുക്കി പിന്നെയും "ദൃഷ്ടാസ്ഥിജലെന്ദ്ര"നെക്കൊണ്ടു ഹരിച്ചാൽ മാസവും കിട്ടും. അത്ര കൊല്ലവും മാസവും കഴിഞ്ഞാൽ പിന്നത്തെ മാസം മല്യാധിമാസമാണെന്നു അറിഞ്ഞുകൊൾക. കലിവർഷാരംഭം മേടം മുതൽക്കാകയാൽ ഇവിടെയും മേടം മുതൽക്കാണു കൊല്ലവും മാസവും കണക്കാക്കേണ്ടതെന്നു ധരിക്കയും വേണം.

൩൪

ഇനിയത്തെ ശ്ലോകം കൊണ്ടു പരഹിതത്തിൽ അയനചലനം വരുത്തുവാൻ പറയുന്നു.

(ശ്ലോ) ഏകാദശ വർഷാണി കലേഃ "ശകരൈഘ്നേ" ഷഷ്ടിരാശിഭുക്തി നിചയസ്യ ഇതി— ... കലേഃ വർഷാണി "ശകരൈഘ്നേ" ഏതാഃ ഷഷ്ടി രാശിഭുക്തിനിചയസ്യ തിഥ്യാവധഃ.

കലിവർഷത്തെ "ശകന്താ" എന്ന സംഖ്യ കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലം രാശിയാകുന്നു. ശിഷ്ടത്തെ ക്രമത്തിൽ ൩൦-ലും, ൬൦-ലും പെരുക്കി വീണ്ടും "ശകന്താം"കൊണ്ടു ഹരിച്ചാൽ തിയ്യതി ഇലികളും കിട്ടുകയും ചെയ്യും.

൩൫

(ശ്ലോ) ക്രാന്തിം ... വിനയെൽ ഭൂജാതൈ "നീരജൈ" ... പരഹിതായനാംശ ഇതി— അഥ ഭൂജാതഃ ക്രാന്തിം ഗുണം ... "തിരജൈഃ" ഏതാഃ പരഹിതായനാംശ ഇത്യന്വയഃ. ... ശേഷഃ.

പിന്നെ മേൽപറഞ്ഞ രാശ്യാദികളുടെ തുലാമേഷാദി ഭിക്ക നോക്കി, ഭുജക്ക ക്രാന്തിചാപം കൊള്ളണം. 'ഭ്യജെന' എന്നു തുടങ്ങി "നഖാനനാഖ്യഃ" എന്നു അവസാനിക്കുന്നതാണ് ഇവിടെക്കുള്ള ക്രാന്തിജ്യാവ് *. ഈ ക്രാന്തിജ്യാവ് ഇലിയാകുന്നു. അതിനാൽ ഇവിടെ ഉണ്ടാക്കിയ ക്രാന്തിചാപത്തെ നാ-ൽ കയറുകയും വേണം. അതാണ 'അയനചലനം' എന്നു പറയുന്നതു്. ഭിക്ക തുലാദിയാണെങ്കിൽ അയനചലനം ധനവും, മേഷാദിയാണെങ്കിൽ ഋണവുമാകുന്നു. ക്രാന്തിചാപം വിലിപ്താദിയില്ലാത്തതിനാലും, ഗ്രഹണം മുതലായതു ക്കുകൊണ്ടാകയാലും പരഹിതത്തിലെ അയനചലനം വിലിപ്താദിയായി ഉണ്ടാക്കുകയും പതിവില്ല. ഈ അയനചലനത്തിന്റെ ചുവട്ടിലെ സ്ഥാനം ഇലിയും മുകളിലേതു തിയതിയുമാണെന്നറിയണം.

## ൫൭

### ഒക്കിൽ അയനചലനം വരുത്തുവാൻ പറയുന്നു.

(൧൩) കല്യബ്ദതോ "ദൃഗനഗൈ"ർഹൃതം സ്യാദ് രാശ്യാദികമിവി- കല്യബ്ദതഃ "ദൃഗനഗൈ"ർഹൃതം രാശ്യാദികം സ്യാൽ ഇത്യനപായഃ.

കലിവർഷത്തിൽ നിന്നു "ദൃഗനഗ" എന്ന ൭൨൨ കൊണ്ടു ഹരിച്ചാൽ കിട്ടുന്നതു രാശിയാകുന്നു. ശേഷത്തെ ൧൨-ൽ പെരുക്കി ഹരിച്ചാൽ തിയതിയും, ശിഷ്ടത്തെ ഒരിക്കൽ കൂടി ൬൦-ൽ പെരുക്കി ഹരിച്ചാൽ ഇലിയും കിട്ടും. വിലി വേണമെങ്കിൽ ഒരിക്കൽ കൂടി ൬൦-ൽ പെരുക്കി ഹരിച്ചുകൊൾക.

## ൫൮

(൧൪) തൽഭുജയൈ ഭൃശക്ഷണൈഃ "നിത്യം" "ഗോനാ" "ദാന്ത"

* ക്രാന്തിചാപജ്യാവ് ൧൫൭-ാം പാദത്തിലാണ് കാണുക.

ക്കുറി ഹന്ത്യാൽ, രേഖാദ്യ ധ്രുവസംജ്ഞകാഃ ഗുണാദി—ഹൃതക്ഷേപാഃ ഭ ക്തശേഷം “നിത്യം” “ധനം” “ദാനം” ക്രമാദി ഹന്ത്യാൽ. അതു രാശ്യാദ്യം അയനസംജ്ഞകാഃ ഇത്യർത്ഥഃ. സ്പഷ്ടാർത്ഥം ശ്ലോകഃ.

ഈ രാശ്യാദികളേയും, ഭഗണാദി, ദ്രവ്യമാകാന്ത ശേഷമുള്ള ഹാരങ്ങളെക്കൊണ്ടു ഹരിക്കുക: ഫലമായാൽ ഭു നിയതികാ രാശികൾ ഉണ്ടാവില്ല. ആ രാശികളെ വെവ്വേറെ വെക്കുക ഒന്നേ ഉള്ളുവെങ്കിൽ അതിനെ “നിത്യം” എന്ന പദം കൊണ്ടും, രണ്ടുണ്ടെങ്കിൽ രണ്ടാമത്തേതിനെ “ധനം” എന്നതുകൊണ്ടും, മൂന്നു രാശിയുണ്ടെങ്കിൽ മൂന്നാമത്തേതിനെ “ദാനം” എന്ന പദംകൊണ്ടും പെരുക്കുക; രാശി തികച്ചില്ലാതെ അതിന്റെ അംശങ്ങളായ തിയ്യതിയോ ഇലിയോ മാത്രമേ ഉള്ളുവെങ്കിലും, അതിനേയും പെരുക്കണം. അതു എത്രാമത്തെ രാശിയുടെ അംശമാണോ അത്രാമത്തെ ഗുണകാരം കൊണ്ടാണ് പെരുക്കേണ്ടതു. പിന്നെ അതെല്ലാം ഒന്നിച്ചു കൂട്ടി ൬൦—ൽ കയറുകയും വേണം. എന്നാൽ അതിലെ മുകളിലെ സ്ഥാനം തിയ്യതിയും, ചുവട്ടിലെ ഇലിയും, അതിന്റെയും ചുവട്ടിലേതു വിലിയുമാണ്*. ഇതു ഭൂകക്കൊണ്ടുള്ള അയനചലനവുമാകുന്നു.

മദ്ധ്യമഖണ്ഡം കഴിഞ്ഞു.

## ൩. സ്ഫുടക്രിയാഖണ്ഡം

### ൩൯

ഇനി ആറു ശ്ലോകം കൊണ്ടു ഗ്രഹങ്ങളുടെ സ്ഫുടക്രിയയാണ് പറയുന്നതു. ൨൭–ാം പാദത്തിൽ ദാഗ്യാദിയായിരിക്കുന്ന മദ്ധ്യമത്തെ മുഖ്യമാക്കണമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ

(ഭുജയാകുവാനുള്ള) ക്രിയയാണ് ഇനിയത്തെ ശ്ലോകംകൊണ്ടു പറയുന്നതു്.

(ന.൧) സ്വോച്ചോനമധ്യം പ്രവദന്തി കേന്ദ്രമിതി— സ്വോച്ചോനമധ്യം കേന്ദ്രം പ്രവദന്തീത്യന്വയഃ.

തന്റെ തന്റെ മദ്ധ്യമത്തെ കണ്ടുവെച്ചതിൽ നിന്നു അതാതിന്റെ മന്ദോച്ചം * വാങ്ങി ശേഷിച്ചതിന്നു 'കേന്ദ്രം' എന്നു പേർ. മന്ദോച്ചം വാങ്ങിയാൽ ശേഷത്തിന്നു 'മന്ദകേന്ദ്രം' എന്നും, ശീഘ്രോച്ചം വാങ്ങിയാൽ 'ശീഘ്രകേന്ദ്രം' എന്നും പറയും. ഈ കേന്ദ്രത്തിൽ ൬ രാശി തികയുന്നതു വരെ 'മേഷാദി'യെന്നും, ൬ മുതൽ ൧൨ രാശി തികയുന്നതു വരെ 'തുലാദി'യെന്നും പറയും. മന്ദോച്ചം വാങ്ങിയ ഈ മന്ദകേന്ദ്രം മേഷാദിയൊ തുലാദിയൊ എന്നു നോക്കി ധരിക്കയും വേണം. മന്ദകേന്ദ്രത്തിൽ നിന്നു കൊള്ളേണ്ടതു മന്ദജ്യാവാകുന്നു. മദ്ധ്യമം ഇനിയും ആവശ്യമുള്ളതിനാൽ കണ്ടുവെക്കുകയും വേണം.

## ൩൦

(ന.൧) കേന്ദ്രേ ത്രിരാശിത്രിതയം പദാഖ്യമിതി— ക്രമേണാന്വയഃ. സ്യാദിതി ശേഷഃ.

ആ കേന്ദ്രത്തിലെ ഓരോ മൂന്നു രാശികൾക്കും 'പദം' എന്നും പേരാകുന്നു

## ൩൧

(ന.൨) ഓജേ പദേ തദ്ഗത ഭുജജ്യാ കോടിരിതി— ക്രമേണാന്വയഃ. സ്യാദിത്യത്രാപി അനുവർത്തതേ.

ഒന്നു, മൂന്നു ഇങ്ങിനെ ഒറ്റപ്പെട്ട സംഖ്യകൾക്കു 'ഓജം'

* മന്ദോച്ചം ൨൭-ാം പുറയിൽ പറഞ്ഞിട്ടുണ്ട്.

എന്നും, രണ്ടു, നാലു ഇങ്ങിനെ പറ്റതുള്ള സംഖ്യകൾക്കു 'യുഗം' എന്നും സംജ്ഞയാകുന്നു മേൽപറഞ്ഞ കേന്ദ്രത്തിലെ പദം ഓജമാണെങ്കിൽ ആ പദത്തിൽ ചെന്നതു ഭുജയും, ചെല്ലുവാനുള്ളതു് (ആ പദം തികയുവാനുള്ളതു) കോടിയുമാകുന്നു.

## ൩൨

(൩൭) സമെ സ്യാദ്വിപരീത മെവതി- സമെ വിപരീതമെവ സ്യാൽ ഇത്യന്വയഃ.

കേന്ദ്രത്തിലെ പദം യുഗമാണെങ്കിൽ, മുൻപറഞ്ഞതിന്നു വിപരീതം, ചെന്നതു കോടിയും ചെല്ലുവാനുള്ളതു ഭുജയുമാകുന്നു.

സാധാരണ ക്രിയകൾക്കെല്ലാം ഭുജാജ്യാവാണ് ആവശ്യം— ഭുജയിൽ നിന്നാണ്, കോടിയിൽ നിന്നല്ല, ജ്യാവു കൊള്ളേണ്ടതെന്നർത്ഥം— അതിനാൽ ഉച്ചം വാങ്ങിയ കേന്ദ്രം ഓജപദമാണെങ്കിൽ അതിൽ നിന്നു തന്നെ ജ്യാവുകൊള്ളാം; യുഗപദമാണെങ്കിൽ അതിൽ ചെന്നതു കോടിയാകയാൽ അതിനെ ഭുജയാക്കണം. അതിന്നു ഒരു പദമായ മൂന്നു രാശി ഒരേടത്തു വെച്ചു്, ആ യുഗപദത്തെ അതിൽ (മറ്റൊരിടത്തു വെച്ചിരുന്ന രാശിയിൽ) നിന്നു കുറക്കണം. എന്നാൽ ബാക്കി ഭുജയായി വരുമെന്നറിക.

## ൩൩

മന്ദജ്യാവു കൊള്ളുവാനാണ് ഇനി പറയുന്നതു്.

(൩൮) എകൈകരാശൌ ഇ ഭുജാപിണ്ഡകൌ സംഖ്യാഃ സ്യുരസ്യാ ഭൂഷി— ഭുജാൽ എകൈകരാശൌ വിണ്ഡകൌ ഇ അസ്യാഃ സംഖ്യാഃ സ്യുഃ ഇതി അന്വയഃ.

മേൽപറഞ്ഞ ഭുജയിലെ ഓരോ രാശിയിലും എട്ടെട്ടു

ജ്യാവുകൾ വീതമുണ്ടെന്നർത്ഥം. ആ സംഖ്യ ഒരേടത്തു വെച്ചേക്കയും ചെയ്യു.

## ൯൪

(ന.വ്യ) തദിയശിഷ്ടാൽ. ശുദ്ധാദിവാക്യമാ, തദീയസംഖ്യാഃ സമന്വയാവത്യ ഇതാ കൈയയുഃ.

(ന.ൾ) ദ്യുജ്യാഫലം താവയിതാ നിയെയ മിതി, വിശ്ലേഷ ഇത്യൂതാവ്യ സമഞ്ജസ— തദിയശിഷ്ടാൽ ശുദ്ധാദിവാക്യമ വിശ്ലേഷ, തദിയസംഖ്യാഃ സംശ്ലേഷ ഇതാഃ യാവത്യഃ കൈയയുഃ, താപലമ്ബിതാ ദ്യുജ്യാഫലം നിയേയം ഇത്യന്വയഃ. ശേഷമിതി ശേഷഃ.

ഭുജയിലെ രാശി കഴിച്ച് ശിഷ്ടമായ തിയ്യതി ഇലികളിൽ നിന്നു "ശുദ്ധാംശം" * എന്നു തുടങ്ങിയുള്ള വാക്യങ്ങളിൽ പോകുന്ന വാക്യവും കളയുക. അപ്പോൾ എത്രാമത്തെ വാക്യമാണൊ പോയതു അത്ര സംഖ്യയും കൂടി മുൻവെച്ചിരിക്കുന്നതിൽ കൂട്ടണം. ഇങ്ങിനെ ഭുജയിലെ ഓരോ രാശിക്കും എട്ടു വീതവും, ശുദ്ധാംശാദി വാക്യങ്ങളിൽ പോയ വാക്യങ്ങളുവും കൂടിയ സംഖ്യ ഒന്നിച്ചു കൂട്ടിയാൽ എത്ര വരുമൊ അത്രാമത്തെ ജ്യാവാണ വേണ്ടതെന്നർത്ഥം. ആ ജ്യാവിനെയും ഒരേടത്തു വെക്കുക.

## ൯൫

(ന.ൾ) തദ്ഗതഖണ്ഡാന്തരശിഷ്ടപിണ്ഡഃ. "ഖീര" ഭക്താഃ ഫലം ജ്യായാ ഇതി— പൂർവഃ തദ്ഗതഖണ്ഡാന്തരശിഷ്ടപിണ്ഡഃ "ഖീര" ഭക്താ ജ്യായാ ഇത്യന്വയഃ. സ്പഷ്ടമിതി ശേഷഃ.

മേൽപ്രകാരം വെച്ചിരിക്കുന്ന ജ്യാവും അതിന്റെ പിന്നത്തെ ജ്യാവും തമ്മിൽ അന്തരിക്കണം. ഇങ്ങിനെ ഉണ്ടാകുന്ന ജ്യാവന്തരത്തിനെ 'ജ്യാഖണ്ഡം' എന്നും പറയും. ശുദ്ധാംശാദി വാക്യവും കളഞ്ഞിട്ടു ബാക്കി ഇരിക്കുന്നതിൽ തിയ്യ

* ശുദ്ധാംശാദി വാക്യങ്ങൾ മൂന്നാം പാദത്തിൽ ചേർത്തിട്ടുണ്ടു.

തിയുണ്ടെങ്കിൽ ആ തിഥ്യംശങ്ങളെ നാൽ എറക്കി, (ഇലിയുണ്ടെങ്കിൽ ആ) ഇലിയിൽ കൂട്ടി, അതുകളെ ജ്യാഖണ്ഡം കൊണ്ടു പെരുക്കി "ശരീരം" എന്ന വാക്കു കൊണ്ടു ഹരിക്കണം. കിട്ടുന്ന ഫലം മുൻ വെച്ചിരിക്കുന്ന ജ്യാവിൽ കൂട്ടുകയും വേണം. എന്നാൽ ജ്യാവു സ്പഷ്ടമായി വരുന്നതാകുന്നു.

൩൯

(൩൯) പരാല്പകതായാം സതി തു വിശോധ്യഃ ഇതി— ക്രമേണാന്വയഃ സ്പഷ്ടമിതി ശേഷഃ.

മേൽപ്രകാരം വെച്ചിരിക്കുന്ന ജ്യാവിനേക്കാൾ അതിന്റെ പിന്നത്തെ ജ്യാവ് ചെറുതായി വരുമ്പോഴാണു 'പരാല്പകതാ' എന്നു പറയുന്നതു്. ഇങ്ങിനെ പരാല്പകതാ ആയി വന്നാൽ ഇവിടെ ശരീരം കൊണ്ടു ഹരിച്ചു കിട്ടിയ ഫലം ആദ്യം വെച്ചിരിക്കുന്ന ജ്യാവിൽ നിന്നു കളയുകയാണു വേണ്ടതു്. എവിടെയും ജ്യാവു കൊള്ളുവാനുള്ള ക്രിയ ഇപ്രകാരം തന്നെയുമാകുന്നു.

൪൦

ജ്യാവു സംസ്കരിക്കാൻ പറയുന്നു.

(൪൦) ഭുജാഫലം കേന്ദ്രതുലാക്രിയാദ്യം സ്വർണ്ണം സ്വചരം, ഇതി— ഭുജാഫലം സ്വചരഞ്ച കേന്ദ്രതുലാക്രിയാദ്യം സ്വർണ്ണം ഇതി അന്വയഃ കർത്തവ്യമിതി- ശേഷഃ.

കേന്ദ്രം തുലാദിയാണെങ്കിൽ ഇവിടെ വരുത്തിയ ഭുജാജ്യാവു ധനമായിട്ടും, മേഷാദിയാണെങ്കിൽ ഋണമായിട്ടും ആണു അതാതിന്റെ മദ്ധ്യമത്തിൽ സംസ്കരിക്കേണ്ടതു്—ജ്യാവ് ഇലിയായിട്ടാണിരിക്കുന്നതു്. മദ്ധ്യമം ഇലി, തിഥി, രാശി എന്നിങ്ങിനെ മേല്പോട്ടു മൂന്നു സ്ഥാനവുമാണല്ലോ. അതിനാൽ ജ്യാവിനെ നാലും, പിന്നെ ഉണ്ടെങ്കിൽ ലവും കയററിയിട്ടു വേണം സംസ്കരിക്കേണ്ടതെന്നും അറിയേണ്ടതാകുന്നു.

## ൩൯

(൩൯) അർക്കവിധൂ സ്ഫുടൌ സ്തഃ ഇതി— തദാ ഇതി ശേഷഃ— തദാ അർക്കവിധൂ സ്ഫുടൌ സ്തഃ ഇത്യന്വയഃ.

മേല്പറഞ്ഞപ്രകാരം ഉണ്ടാക്കിയ മന്ദജ്യാവു മുഴുവനും തന്റെ തന്റെ മദ്ധ്യമത്തിൽ ഋണധനം പോലെ സംസ്കരിച്ചാൽ സൂര്യന്റെയും ചന്ദ്രന്റെയും സ്ഫുടങ്ങൾ സിദ്ധിക്കുമെന്നർത്ഥം.

## ൪൦

കുജാദി ഗ്രഹങ്ങളുടെ ശീഘ്രജ്യാവു വരുത്തുവാൻ പറയുന്നു.

(൪൦) ശൈഘ്ര്യേ തു കേന്ദ്രേ മൃഗകർക്ക്യാദൌ ഗ്രാഹ്യം തത്ഭുജാ വാ ഇതി കുജാദൌ ഇതി— കുജാദൌ, കേന്ദ്രേ ശൈഘ്ര്യേ തു മൃഗകർക്ക്യാദൌ തദ്ഭുജാ വാ ഗ്രാഹ്യമിത്യന്വയഃ. ന്യായസിദ്ധം.

മന്ദോച്ചം വാങ്ങി മന്ദജ്യാവു കൊള്ളുവാനാണല്ലോ ഇതുവരെ പറഞ്ഞതു്. കുജാദിഗ്രഹങ്ങൾക്കു മന്ദജ്യാവിന്നു പുറമെ ശീഘ്രോച്ചം വാങ്ങി ശീഘ്രജ്യാവു കൊള്ളണം. ചൊവ്വ വ്യാഴം ശനി എന്നീ മൂന്നു ഗ്രഹങ്ങൾക്കും ശീഘ്രോച്ചം എന്നു പറയുന്നതു അതാതുസമയങ്ങളിലെ സൂര്യമദ്ധ്യമമാകുന്നു. ഇവയുടെ ശീഘ്രോച്ചം വാങ്ങിയ ശീഘ്രകേന്ദ്രമാകുമ്പോൾ ആ കേന്ദ്രം മകരാദിയോ കർക്ക്യാദിയോ എന്നു നോക്കി ധരിക്കണം. കേന്ദ്രത്തിൽ (മൂന്നുരാശി തികഞ്ഞതു) നാലാം രാശിമുതൽ ഒൻപതുരാശി തികയുന്നതുവരെ കേന്ദ്രം കർക്ക്യാദിയാകുന്നു. പത്താംരാശി മുതൽ മൂന്നു രാശി തികയുന്നവരെ മകരാദിയുമാണ്. കേന്ദ്രം മകരാദിയാണെങ്കിൽ ജ്യാവും മകരാദിയും, കർക്ക്യാദിയാണെങ്കിൽ ജ്യാവും കർക്ക്യാദിയുമാണ് വേണ്ടതെന്നും ധരിക്കണം. ശീഘ്രകേന്ദ്രത്തിൽ വരാവുന്നതായ കർക്ക്യാദിജ്യാവിന്നും മകരാദിജ്യാവിന്നും കൂടിയുള്ള സംജ്ഞയാണ ശീഘ്രജ്യാവ് എന്നതു്.

൧൭

കുജൻ, വ്യാഴം, ശനി എന്നീ മൂന്നു ഗ്രഹങ്ങളുടെ സ്ഫുടക്രിയയാണ ഇനി രണ്ടു ശ്ലോകം കൊണ്ടു പറയുന്നതു്.

(൧൭) കുജേജ്യമന്ദാംശാംബുധാംബുവാം [illegible] കക്ഷ്യാൽ [illegible] ഇതി— [illegible] കക്ഷ്യാൽ [illegible].

ചൊവ്വ, വ്യാഴം, ശനി ഇവ മൂന്നു ഗ്രഹങ്ങൾക്കും മദ്ധ്യമം മൂന്നെടുത്തു വെച്ചു് ഒന്നിൽ നിന്നു മേൽപറഞ്ഞപ്രകാരം വരുത്തി സിദ്ധിച്ച മന്ദജ്യാവു് എത്രയുണ്ടോ അതിന്റെ പകുതി മാത്രമെ അതാതിന്റെ മറെറ മദ്ധ്യമത്തിൽ സംസ്കരിക്കേണ്ടു എന്നർത്ഥം.

൧൮

(൧൮) [illegible] (൧൯) [illegible] [illegible]— [illegible] [illegible].

മേൽപ്രകാരം മന്ദജ്യാർദ്ധം സംസ്കരിച്ചിരിക്കുന്ന മദ്ധ്യമത്തെ കണ്ടു വെച്ചു് (...കർമ്മിവെച്ചു്) തത്സമയത്തെ സൂര്യസ്ഫുടമാകുന്ന ശീഘ്രോച്ചവും വാങ്ങി ശീഘ്രജ്യാവു് ഉണ്ടാക്കണം. ഇവിടെ ശീഘ്രകേന്ദ്രം കർക്ക്യാദിയോ മകരാദിയോ എന്നറിഞ്ഞു് ജ്യാവും മേൽപ്രകാരമാകുന്നതിനു [illegible] വേണം.

(൧൮) എതദ്ധം— (൧൯) കക്ഷ്യാൽ [illegible] [illegible] ഇതി— [illegible] [illegible] കക്ഷ്യാൽ [illegible].

ഈ വരുത്തിയ ശീഘ്രജ്യാവിന്റെ അർദ്ധത്തെയും, മുൻപു മന്ദജ്യാർദ്ധം സംസ്കരിച്ചു വെച്ചിട്ടുള്ള മദ്ധ്യമത്തിൽ തന്നെ [illegible] കൂട്ടേണ്ടതും സംസ്കരിക്കണം.

൧൫

(ദ്വ) തസ്മാൽ ദൂ മാന്ദം സകലം സ്വമധ്യേ. കൎമ്മാൽ ഇതി- തസ്മാൽ സകലം മാന്ദം സ്വമധ്യേ കൎമ്മാത് ഇത്യന്വയഃ.

ഇങ്ങിനെ രണ്ടു തവണയായി മന്ദജ്യാവിന്റെയും ശീഘ്രജ്യാവിന്റെയും അൎദ്ധം സംസ്കരിച്ചു വെച്ചിട്ടുള്ള ആ മദ്ധ്യമത്തിൽ നിന്നു തന്നെ പിന്നെയും (മൂന്നാമതായി) മന്ദജ്യാവു കൊണ്ടു ആ മന്ദജ്യാവു മുഴുവനും അതാതു ഗ്രഹത്തിന്റെ അസംസ്കൃത (ജ്യാവു ഒന്നും സംസ്കരിക്കാതെ ഇരിപ്പുള്ള മൂന്നാമത്തെ)മദ്ധ്യമത്തിൽ സംസ്കരിക്കുകയും വേണം.

൧൬

(ദ്വ) സ്വമന്ദസ്ഫുടസംജ്ഞകഃ ഇതി— ഏതൽ വേദിതി ശേഷഃ ഏതൽ സ്വമന്ദസ്ഫുടസംജ്ഞകഃ വേദി ഇത്യന്വയഃ.

ഇങ്ങിനെ മൂന്നാമതേതതായ മന്ദജ്യാവു സംസ്കരിച്ചു വെച്ചിട്ടുള്ള മദ്ധ്യമത്തിനു അതാതു ഗ്രഹത്തിന്റെ 'മന്ദസ്ഫുടം' എന്നു പേർ- കുജന്റേതാണെങ്കിൽ 'കുജമന്ദസ്ഫുടം', ഗുരുവിന്റേതാണെങ്കിൽ 'ഗുരുമന്ദസ്ഫുടം' ഈ വിധമെന്നൎത്ഥം.

൧൭

(ദ്വ) അസ്മിൻ തദ്വാഗ്ദൈൎല്യം സകലം സ്ഫുടാത്മൈപ്പ് ഇതി- ക്രിയാന്വയഃ. കൎമ്മാദിസ്വരൂപവൽതേ.

ഈ മന്ദസ്ഫുടത്തെ വീണ്ടും കണ്ടു വെച്ചു ശീഘ്രോച്ചം വാങ്ങി ശീഘ്രജ്യാവു കൊണ്ടു അതും മുഴുവനും മറ്റേ മന്ദസ്ഫുടത്തിൽ സംസ്കരിക്ക. എന്നാൽ അതു കുജൻ വ്യാഴം ശനി എന്നീ മൂന്നു ഗ്രഹങ്ങളുടേയും സ്ഫുടമായി വരുന്നതാകുന്നു- ഇവിടെ ൧൩-ാം പദ്യത്തിൽ പറഞ്ഞതായ മൂന്നാമത്തെതായ മന്ദജ്യാവു കൊള്ളുമ്പോഴത്തെ മന്ദജ്യാഖണ്ഡത്തെയും, ഒടുവിലത്തെതായ ഈ ശീഘ്രജ്യാവിന്റെ ജ്യാഖണ്ഡത്തെയും അതാതു

ഗ്രഹത്തിന്റെ സ്ഫുടഗതി വരുത്തേണ്ടതിന്നു ആവശ്യമാകയാൽ കളയാതെ സൂക്ഷിക്കുകയും, മൂന്നാമത്തെ മന്ദകേന്ദ്രവും കർക്ക്യാദിയോ മകരാദിയോ എന്നു ധരിക്കയും വേണം.

൧൮

ബുധശുക്രന്മാരുടെ സ്ഫുടക്രിയക്കുള്ളതായ ഭേദത്തെ പറയുന്നു.

(ശ്ലോ.) ബുധാദയോ സ്യു പ്രഥമം ന കാര്യമിതി- ക്രമേണാനാച. വേദിതി ത്രാനാദ്യാകൃൽ തത്രാപി അവശ്യത്തെ.

കുജൻ വ്യാഴം ശനി എന്നീ ഗ്രഹങ്ങൾക്കു നാലു ജ്യാവു കൊള്ളുവാനാണല്ലോ പറഞ്ഞതു്. ബുധൻ ശുക്രൻ എന്നീ ഗ്രഹങ്ങളെ സ്ഫുടിക്കേണ്ടതിന്നു അവയിൽ ആദ്യത്തെ മന്ദജ്യാസംസ്കാരം മാത്രം ചെയ്യേണ്ടതില്ലെന്നു അർത്ഥം.

൧൯

(ശ്ലോ.) കിന്തു ചക്രമദ്ധ്യം വേദ്യ സ്വമദ്ധ്യമിതി- കിന്തു ചക്രമദ്ധ്യം സ്വമദ്ധ്യം വേദിത്യനായഃ.

കുജൻ, വ്യാഴം, ശനി ഈ മൂന്നു ഗ്രഹങ്ങൾക്കും തങ്ങളുടെ മദ്ധ്യമത്തിൽ ക്രിയ ചെയ്യാനും, സൂര്യമദ്ധ്യമം ശീഘ്രോച്ചമായിട്ടുമാണല്ലോ പറഞ്ഞതു്; നേരെ മറിച്ചു് ബുധശുക്രന്മാരെ സ്ഫുടിക്കേണ്ടതിന്നു ക്രിയ ചെയ്യാനുള്ള സ്വമദ്ധ്യമായിട്ടു സൂര്യമദ്ധ്യമവും, ശീഘ്രോച്ചമായിട്ടു സ്വമദ്ധ്യമവുമാകുന്നു വേണ്ടതു്.

൨൦

സൂര്യമദ്ധ്യമം സ്വമദ്ധ്യമവും, സ്വമദ്ധ്യമം ശീഘ്രോച്ചവുമായതിനുള്ള സാമാന്യ നിയമമാണു് ഇനി പറയുന്നതു്.

(ശ്ലോ.) ഗ്രഹാൾശീഘ്രോച്ചാദധികാ ചലോച്ചാദൂനമിതി- ക്രമേണാനയേ വേദിതി പൂർവ്വവാക്യാൽ തത്രാപ്യനുവർത്തതെ.

ഗ്രഹത്തിന്റെ ഗതിയും സൂര്യഗതിയും തമ്മിൽ അധികമുള്ളതു ഏതാണോ അതാണ് ശീഘ്രഗതി (ശീഘ്രോച്ചം) എന്നു പറയുന്നതു്.

൭൮

(൪൩) ഭാസ്വാ നിജമദ്ധ്യഭുക്തി രിതി- ക്രമേണാനപായഃ. ശൈഘ്രീ തി പൂർവ്വവാക്യാ ദ്രോപി അനുവർത്തതെ.

നേരെ മറിച്ചു്, ആ രണ്ടു ഗതികളിൽ കുറഞ്ഞതു സമമദ്ധ്യഗതിയുമാകുന്നു. കുജൻ വ്യാഴം ശനി എന്നീ മൂന്നു ഗ്രഹങ്ങളുടെ സമമദ്ധ്യഗതിയെക്കാൾ സൂര്യമദ്ധ്യഗതി വലുതാകയാലാണു അവക്കു സൂര്യമദ്ധ്യമം ശീഘ്രോച്ചമായതു്, ബുധശുക്രന്മാരുടെ മദ്ധ്യഗതി സൂര്യഗതിയെക്കാൾ വലുതാകയാൽ ആ ഗ്രഹങ്ങൾക്കു അതു ശീഘ്രോച്ചമാവുകയും ചെയ്തു വെന്നത്രെ.

൭൯

കുജാദി ശനിപര്യന്തമുള്ള അഞ്ചു ഗ്രഹങ്ങളുടെയും സ്ഫുടഗതി വരുത്തുവാൻ പറയുന്നു.

(൪൪) മന്ദസ്ഫുടഖണ്ഡാഹതമദ്ധ്യഭുക്തിം "ശരീര" ക്കൊണ്ടു ഗുണകർക്കിടാദൌ. ക്രമാദൃണം സ്വം നിജമദ്ധ്യഭുക്തൌ വിധി—ക്രമേണാനപായഃ. കർക്യാദികിശേഷാഃ.

ഏതൊരു ഗ്രഹത്തിന്റെ മദ്ധ്യഗതി * രണ്ടു ദിക്കിൽ വെച്ചു്, ഒന്നിനെ മുമ്പ് ൨൩-ാം പാരയിൽ പറഞ്ഞപ്രകാരം സൂക്ഷിച്ചിട്ടുള്ള മൂന്നാമത്തേതായ മന്ദജ്യാഖണ്ഡംകൊണ്ടു ഗുണിക്കി "ശരീരം" (൨൨൫) കൊണ്ടു ഹരിക്കുക: മന്ദജ്യാവു മകരാദിയാണെങ്കിൽ ഈ ഫലം മറേറ മന്ദഗതിയിൽ നിന്നു കുറയ്ക്കുകയും, കർക്ക്യാദിയാണെങ്കിൽ കൂട്ടുകയും വേണം.

* മദ്ധ്യഗതി ൨൦൮-ാം പാരയിൽ നോക്കുക.

൯ *

൯൰

(൮൮) സ്ഫുടാത്ഭവേൽ മന്ദഗതിരിതി. തദാ ഇതി ശേഷഃ. തദാ മന്ദഗതിഃ സ്ഫുടാത്ഭവേദിത്യന്വയഃ.

മേൽപറഞ്ഞപ്രകാരം മന്ദജ്യാഖണ്ഡംകൊണ്ടു പെരുക്കിയ മദ്ധ്യഗതിയെ "ശരീരം" (൨൦൭) കൊണ്ടു തന്നെ ഹരിച്ചു് ഫലം മദ്ധ്യഗതിയിൽ തന്നെ സംസ്കരിച്ചാൽ അതു സ്ഫുടമന്ദഗതിയായി വരും.

൯൰൧

(൮൯) ഖളനാം (൮൯) ശീഘ്രജ്യാവൃത്തിം ചലഖണ്ഡനിഘ്നീം "ശരീ"രൈർഭജേൽ സ്ഫുടമന്ദഗതേഃ- ധനം മൃഗാദൌ വിഹ കർക്കിടാദൌ വ്യണം ധനം ചൈവ പരാല്പകത്വേ ഇതി- ഖളനാം ചലഖണ്ഡനിഘ്നീം "ശരീരൈ"ർഭജേൽ ശീഘ്രജ്യാവൃത്തിം സ്ഫുടമന്ദഗതേഃ, മൃഗാദൌ ധനം, കർക്കിടാദൌ ഇഹ ഋണം, പരാല്പകത്വേ ധനംചൈവ ഇത്യന്വയഃ. കർക്ക്യാദിതി ശേഷഃ.

ശീഘ്രഗതിവെച്ചു് മേല്പറഞ്ഞ സ്ഫുടമന്ദഗതിയെ അതിൽനിന്നു കളയുക; മുൻപു് സ്ഫുടക്രിയയിൽ സൂക്ഷിച്ചിട്ടുള്ള നാലാം ക്രിയയുടെ ശീഘ്രജ്യാഖണ്ഡംകൊണ്ടു ബാക്കിയെ പെരുക്കി "ശരീരം" കൊണ്ടു തന്നെ ഹരിക്കുകയും ചെയ്തു കിട്ടിയ ഫലം സ്ഫുടമന്ദഗതിയിൽ തന്നെ സംസ്കരിക്കയും വേണം. ഈ സംസ്കാരം ശീഘ്രജ്യാഖണ്ഡം മകരാദിയാണെങ്കിൽ ധനമായിട്ടും, കർക്ക്യാദിയാണെങ്കിൽ ഋണമായിട്ടും ആണു വേണ്ടതു്. കർക്ക്യാദിയാണെങ്കിലും പരാല്പകത്വമാണെങ്കിൽ ഋണത്തിനു പകരം ധനമായി സംസ്കരിക്കയും വേണം— ബുധശുക്രന്മാർക്കു മന്ദജ്യാ സംസ്കാരം ഒന്നു മാത്രമാകയാൽ ആ ൨-ാം ക്രിയയിലെ ജ്യാഖണ്ഡം തന്നെയാണു് മന്ദജ്യാഖണ്ഡം എന്നും അറിഞ്ഞുകൊൾക.

## ൮൰൫

(൪൩) ജ്ഞാ മൈവ ശീഘ്രഗതിഃ സ്ഫുടേയ മിതി— തദാ ജ്ഞയം ശീഘ്രഗതിഃ സ്ഫുടാ മൈവ മിത്യന്വയഃ.

മേൽപ്രകാരം സ്വമന്ദഗതിയിൽ രണ്ടു സംസ്കാരം ചെയ്താൽ അതു അതാതു ഗ്രഹത്തിന്റെ സ്ഫുടമായ ശീഘ്രഗതിയായി വരും.

## ൮൰൬

എന്തിനെയാണ വക്രഗതി എന്നു പറയുന്നു.

(൪൪) ശോധ്യേ ധികേ വക്രഗതിഃ പ്രദിഷ്ടാ ഇതി— ക്രമേണാന്വയഃ. മൈവ മിതി അത്രാപ്യനുവർത്തതെ.

ശീഘ്രജ്യാഖണ്ഡം കക്ഷ്യാദിയായ ഖണ്ഡങ്ങളിൽ ഋണമായി സംസ്കരിക്കേണ്ടാണല്ലോ പറഞ്ഞതു്. ഈ ഋണഫലം ചിലപ്പോൾ സ്ഫുടമന്ദഗതിയേക്കാൾ അധികമായി വരും. അപ്പോൾ ഈ ഫലത്തിൽനിന്നു സ്ഫുടമന്ദഗതിയെ കളയുകയാണ് വേണ്ടതു്, പിന്നെ ബാക്കി കാണുന്നതു വക്രഗതിയുമാകുന്നു.

## ൮൰൭

അഹർമ്മാനം വരുത്തുവാൻ പറയുന്നു.

(൪൫) ദിനചാപാർദ്ധജ്യാൽ പുനരഭ്യസിനാൽ ഭുജാഫലം, തൽപൃഥഗർദ്ധജ്യാ (൪൬) സംസ്കൃത്യ, തദ്വിരസനാംശയുക്താൽ ചരം നയേൽ പ്രാണകലാത്മം ചേതി— ഉദ്ധൃഹിനാൽ അർദ്ധജ്യാൽ പുനഃ ഭുജാഫലം ദിനചാപ, തൽപൃഥക് അർദ്ധജ്യാ സംസ്കൃത്യ, അയനാംശയുക്താൽ തസ്മാൽ ചരം പ്രാണകലാത്മം ച നയേ ദിത്യന്വയഃ.

സൂര്യമദ്ധ്യമം കണ്ടു വെച്ചു്, മുൻപ് പറഞ്ഞപ്രകാരം മന്ദോച്ചം വാങ്ങി ഭുജകൊടി (സൂര്യന്റെ) ജ്യാവുകൊണ്ടു, ആ ജ്യാവും കണ്ടുവെച്ചു് ഒന്നു മറ്റൊരു മദ്ധ്യമത്തിൽ സംസ്കരിക്കുക: പി

ന്ന ആ സൂര്യസ്ഫുടത്തിൽ അയനചലനവും (1) സംസ്കരിച്ച് ഉണ്ടാക്കി പ്രാണകലാന്തരജ്യാവും (2) സ്വദേശത്തേക്കുള്ള ചരജ്യാവും (3) കൊള്ളണം. ചരപ്രാണകലാന്തരങ്ങളുടെ ലിക്ക നോക്കേണ്ടതു അയനചലനം സംസ്കരിച്ച കേന്ദ്രത്തിൽ നിന്നാകുന്നു. ഈ ചരത്തിനും പ്രാണകലാന്തരത്തിനും കേന്ദ്രം ഒന്നു തന്നെയാകയാൽ, 'ഗ്രഹാംശാ' ദിവാക്യം ശോധിച്ചു കഴിയുന്നതുവരെ ക്രിയയും ഒന്നു തന്നെ. ഈ ശോധന കഴിഞ്ഞ ശിഷ്ടത്തെ മാത്രം കണ്ടുവെച്ച്, ഒന്നിൽ നിന്നു ചരജ്യാഖണ്ഡംകൊണ്ടു പെരുക്കി "ശരിരം" കൊണ്ടു ഹരിച്ചു കിട്ടിയ ഫലം ചരജ്യാവിലും, മറ്റേതിൽ നിന്നു പ്രാണകലാന്തരജ്യാഖണ്ഡംകൊണ്ടു പെരുക്കി "ശരിരം" കൊണ്ടു തന്നെ ഹരിച്ചു കിട്ടിയ ഫലം പ്രാണകലാന്തരജ്യാവിലും സംസ്കരിക്കണം. എന്നാൽ രണ്ടു ജ്യാവും സ്ഫുടമായി എന്നറിക.

### വൃത്തം

ചരജ്യാവിന്റെ ഋണധനത്വത്തെ പറയുന്നു.

(൪൭) സ്വർണ്ണം തുലാജാദിഗതം ദ്യുജാന്തം സർവ്വം ചരം ചാന്യഥ യെ ന്യഥാ സ്യാദിതി—ഉദയെ ഇതി ശേഷഃ— ഉദയെ തുലാജാദിഗതം ദ്യുജാന്തം സർവ്വം ചരം സ്വർണ്ണം, അസ്തമയെ തു അന്യഥാ ച സ്യാദിത്യന്വയഃ.

ഉദയസ്ഫുടത്തിൽ സംസ്കരിക്കേണ്ടതിന്നുള്ള ചരജ്യാവ്, തുലാദിയാണെങ്കിൽ ധനമായിട്ടും മേഷാദിയാണെങ്കിൽ ഋണമായിട്ടുമാണു എല്ലാകാലത്തും സംസ്കരിക്കേണ്ടതു്; നേരെ വിപരീതം, അസ്തമയത്തിനുള്ള ചരജ്യാവ് തുലാദിയാണെങ്കിൽ ഋണവും, മേഷാദിയാണെങ്കിൽ ധനവുമാകുന്നു.

1 അയനചലനം വരുത്തുവാൻ ൫൫-ാം പാരയിൽ പറഞ്ഞിട്ടുണ്ട്.

2 പ്രാണകലാന്തരജ്യാവ് ൬൭-ാം പാരയിൽ കാണാം.

3 സ്വദേശത്തേക്കുള്ള ചരജ്യാവ് വരുത്തുവാൻ ൬൯-ാം പാര നോക്കുക.

## ൨൬

### പ്രാണകലാന്തരജ്യാവിന്റെ ഋണധനത്വത്തെ പറയുന്നു.

(ശ്ലോ) സർവ്വത്ര യുഗ്മൌജപദക്രമേണ സ്വർണ്ണം ഭവേൽ പ്രാണകലാന്തരം തു ഇതി— പ്രാണകലാന്തരം തു സർവ്വത്ര യുഗ്മൌജപദക്രമേണ സ്വർണ്ണം ഭവേൽ ഇതി അന്വയഃ.

ഏതു കാലമായാലും ഏതു സമയമായാലും ശരി, കേന്ദ്രം യുഗ്മപദമാകുന്നെങ്കിൽ പ്രാണകലാന്തരം ധനവും, ഓജപദമാണെങ്കിൽ ഋണവുമാകുന്നു.

## ൨൭

മേൽപ്പറഞ്ഞ വിധം ഉണ്ടാക്കിയ സൂര്യന്റെ ഭുജാജ്യാവ്, ചരജ്യാവ്, പ്രാണകലാന്തരജ്യാവ് ഇവകളെക്കൊണ്ട് ദ്യുക്കിലെ അഹർമ്മാനം ഉണ്ടാക്കുവാൻ പറയുന്നു.

(ശ്ലോ) ചരാസുഭിഃ പ്രാണകലാന്തരൈശ്ച ഭുജാസുഭിഃ സ്വർണ്ണകൃതൈര്യുതിം അന്തരം വാ (ൽ) ഷഷ്ട്യാ സ്വഗത്യാ ദിവസാസവസ്സ്യുഃ കൃത്വാ അഹർമ്മാനമിദം ദ്യുക് ഭവേദിതി— ദ്യുക് ഭവേൽ തു ചരാസുഭിഃ പ്രാണകലാന്തരൈശ്ച ഭുജാസുഭിഃ സ്വർണ്ണകൃതൈര്യുതിം അന്തരം വാ സ്വഗത്യാ ഷഷ്ട്യാ ദിവസാസവസ്സ്യുഃ ഇദം അഹർമ്മാനം കൃത്വാ ഇതി അന്വയഃ.

മേൽപറഞ്ഞ പ്രകാരം ഉണ്ടാക്കി വെച്ചിരിക്കുന്ന ചരജ്യാവ് പ്രാണകലാന്തരജ്യാവ് ഭുജാജ്യാവ് ഇവ മൂന്നും അതാതിന്നു പറഞ്ഞപ്രകാരം ഋണധനാദിപ്രകാരം തങ്ങളിൽ കൂട്ടുകയോ അന്തരിക്കുകയോ ചെയ്യുക; പിന്നെ അതിനെ (കൂട്ടുകയോ അന്തരിക്കുകയോ ചെയ്ത ശേഷമുള്ളതു) അതാതു ഗ്രഹത്തിന്റെ മധ്യഗതി മടക്കി വെച്ച "അനന്തപുരം" എന്ന ഹാരം കൊണ്ടു ഹരിക്കണം. അപ്പോൾ കിട്ടുന്നഫലം ദ്യുക്കിലെ അഹർമ്മാനത്തിന്റെ ഇലിയാകുന്നു. ശേഷത്തെ ൬൦ാൽ പെരുക്കി 'അനന്തപുരം' കൊണ്ടുതന്നെ ഹരിച്ചാൽ വിലിയും

കിട്ടും. ചരജ്യാവിന്നും പ്രാണകലാന്തരജ്യാവിന്നും ഭുജയായാലും പരഹിതമായാലും വ്യത്യാസമില്ലെന്നും അറിയേണം.

൨൨

പരഹിതാഹർഗ്ഗണം വരുത്തുവാൻ പറയുന്നു.

(൫൩) നചപ ദിനാ പ്രാണകലാന്തരാദ്യ മിതി— അഹർഗ്ഗണം കൃഷ്ടാ ദിത്യത്രാപ്യനുവർത്തതെ— നചൈൽ പ്രാണകലാന്തരാദ്യം വിനാ അഹർഗ്ഗണം കൃഷ്ടാ ദിത്യന്വയഃ.

പരഹിതമാണെങ്കിൽ, മേൽപ്രകാരം അഹർഗ്ഗണം ഉണ്ടാക്കുമ്പോൾ പ്രാണകലാന്തരജ്യാവു മാത്രം വേണ്ടെന്നു വെച്ചാൽ മതിയെന്നർത്ഥം. ശേഷം ക്രിയയ്ക്കു ഒന്നും വ്യത്യാസമില്ല.

൨൩

(൫൪) സ്ഫുടപ്രകാരാന്തര മുച്യതെ ഗ ഇതി— അഗ സ്ഫുടപ്രകാരാന്തരം ഉച്യതെ ഇത്യന്വയഃ.

ഇനി സ്ഫുടിപ്പാൻ മറെറാരു സമ്പ്രദായത്തെ പറയുന്നു.—മഹാജ്യാവു കൊണ്ടു വിധിയാദിയായി സ്ഫുടിപ്പാൻ പറയുന്നുവെന്നർത്ഥം.

൨൪

(൫൫) സൈപാദ്യോനമദ്ധ്യസ്യ ഭുജാ ദൃശ്യൊക്താ താദൃശ്യവാദ്വൊ വിശോധിതെ. തദീയസംഖ്യാസദൃശാ ഭുജാജ്യാ, തൽ "ചീരൈഃ" സദൃശാ ച കൊടി രിതി. സൈപാദ്യോനമദ്ധ്യസ്യ ഭുജാൽ യഥൊക്താ താദൃശ്യമാംശേഭ്യ വിശൊധിതെഷു, ഭുജാജ്യാ തദീയസംഖ്യാസദൃശാ, തൽ "ചീരൈഃ" സദൃശാ കൊടിഃ ച ഇത്യന്വയഃ— സ്യാദിതി ശേഷഃ.

മദ്ധ്യമം വിധി വരെ ഉണ്ടാക്കി അഹർഗ്ഗണവും മേഷാന്തരവും സംസ്കരിച്ച് ഒരിടത്തു വെക്കുക. അതിനെ മറെറാരേടത്തു കണ്ടു വെച്ച് മന്ദോച്ചം വാങ്ങി, താദൃശ്യമാംശമായ 'ശ്രുതാംശാ' ദിവാക്യം ശോധിക്കുന്നതു വരെ മുൻ പറഞ്ഞ

പ്രകാരം ക്രിയ (൫൯ മുതൽ) ചെയ്യുക. തികഞ്ഞ രാശി ഒന്നിന്നു ഏഴു വീതവും, പോയേടത്തോളം 'ശ്രീരംഗാദി' വാക്യത്തിന്റെ സംഖ്യയും കൂട്ടിയ്ക്ക എത്രയുണ്ടോ ഭുജാജ്യാവു അത്രാമത്തെതാണല്ലോ. ഒട്ടാകെ ജ്യാവിന്റെ തുകയായ ൨൪ ൽ നിന്നു ഭുജാജ്യാവിന്റെ സംഖ്യ കുറച്ചാൽ ബാക്കി എത്രയുണ്ടോ അത്രാമത്തെ ജ്യാവ് "കോടിജ്യാവു"മാകുന്നു.

### ൯൧

(൯൧) ശിഷ്ടാൽജീവാവികലാദിക്കോ "ശൈഹാന്മാസാംശൂരിപ്പു" ഹാരഃ സ്യാദിതി- ക്രമണാന്വയഃ.

ശ്രീരംഗാദി വാക്യം ശോധിച്ചു കഴിഞ്ഞാൽ ഭുജയുടെ ബാക്കി തിയ്യതിയും ഇലിയും ക്രമത്താലെ ൬൦-ൽ ഏറക്കി വിലിയാക്കി അധിക്കുക: പിന്നെ "ശൈഹാന്മാസാംശൂരിപ്പു" എന്ന ൧൨൨൫൭൫൫ നിട്ടിവെച്ച്, മേൽ പറഞ്ഞ വികലാദ്യം കൊണ്ടു ഹരിക്കണം, കിട്ടുന്ന ഫലം ഒരു ഹാരകമാകുന്നു. വികലാദ്യം കളയാം, ഹാരകം സൂക്ഷിക്കണം. ഇവിടെ "ആതാവിൽശ്രേഷ്ഠ:" എന്നു തുടങ്ങിയ മഹാജ്യാവ് ആണ് വേണ്ടതെന്നും അറിയണം. ൨൭-ാം പാരയിൽ മഹാജ്യാവും കാണാം.

### ൯൨

(൯൨) ഭോർജ്യാം "പതി"ഘ്നീം ൪ ഹരേണ ഹൃതാം ലബ്ധ്വാനകൊടിം "നരകൈഃ" നിഹത്യ. (൯൩) ഹരേണ ഹൃതാം പൂർവ്വതാം ഭുജാജ്യാം ക്രമാൽ ത്രിഭിഃ സപ്തഭിഃ ഭക്തവിലിപ്താഃ, നിഹത്യ "നനാ" പൂർഫലസ്യ ചാപം കൃത്വാൽ സമമേത്യ ചേതഃ സ്ഫുടടൈ ക്രൈ ഇതി തദിതി ശേഷഃ- "പതി" ഘ്നീം ഭോർജ്യാം ൪ ഹരേണ ഹൃതാം, ലബ്ധ്വാനകോടിം "നരകൈഃ" നിഹത്യ, ഹരേണ ഹൃതാം, തത്പൂർവ്വതാം ഭുജാജ്യാം, ഭക്തവിലിപ്താഃ ക്രമാൽ ത്രിഭിഃ സപ്തഭിഃ നിഹത്യ, "നനാ" പൂർഫലസ്യ ചാപം, തൽ സമമേത്യ ചകൃത്വാൽ, ദൈ സ്ഫുടടൈ ചേതഃ ഇത്യന്വയഃ.

മഹാജ്യാവ് വിലിയാമിയാകുന്നു— എന്നാൽ വച്ചാൽ ആ

ളുതെ രണ്ടക്ഷരം വിലിയും, ബാക്കി അക്ഷരങ്ങൾ ഇലിയു മാനെന്നർത്ഥം— ആ ഉജ്ജ്യാവിനെ "നതം" എന്ന ൯൦—ൽ പെരുക്കി മേൽപറഞ്ഞ ഹാരകംകൊണ്ടു തന്നെ ഹരിക്കുക: കിട്ടിയ ഫലത്തെ കോടിജ്യാവിൽ നിന്നും കളഞ്ഞു ബാക്കിയെ "നരകം" എന്ന ൧൨൦ കൊണ്ടു പെരുക്കി മേൽ പറഞ്ഞ ഹാരകം കൊണ്ടു തന്നെ ഹരിക്കണം; അപ്പോഴും കിട്ടിയ ഫലത്തെ ഉജ്ജ്യാവിൽ കൂട്ടി, സൂര്യസ്ഫുടത്തിനായി സൂര്യമദ്ധ്യമത്തിൽ നിന്നും കൊണ്ടു ജ്യാവാണെങ്കിൽ ൩ കൊണ്ടും, ചന്ദ്രസ്ഫുടത്തിനായി ചന്ദ്രമദ്ധ്യമത്തിൽ നിന്നു കൊണ്ടതാണെങ്കിൽ ൭ കൊണ്ടും പെരുക്കി "നന്ദ" എന്ന ൯൦-ൽ ഹരിക്കുകയും വേണം. കിട്ടിയ ഫലം അല്പജ്യാവാണ്. ഇവിടെ "നന്ദ"നെക്കൊണ്ടു ആദ്യം ഹരിച്ചു കിട്ടിയ ഫലം ഇലിയാണെന്നും, ബാക്കിയെ ൬൦—ൽ പെരുക്കി വീണ്ടും ഹരിച്ചു വിലിയും ഉണ്ടാക്കണമെന്നും അറിക. ഈ ഫലത്തെ ൨൫-൦ാം പാരയിൽ പറഞ്ഞ പ്രകാരം ചാപിച്ച് ഇലിവിലികളെ ൬൦—ൽ കയററി അതാതിന്റെ മദ്ധ്യമത്തിൽ സംസ്കരിക്കയും ചെയ്താൽ സൂര്യചന്ദ്രന്മാരുടെ സ്ഫുടം സിദ്ധിക്കുന്നതാകുന്നു.

## ൩൨

### വിലിയാലി ശ്രാദ്ധചന്ദ്രനെ ഗണിക്കാൻ പറയുന്നു.

(ശ്ലോ.) നീത്വാ മദ്ധ്യം വിലിപൂർവ്വധികം, "ഉദയ"രാശി ദ്യാപൂർവ്വീനെ, ധ്രുവാത്മ്യ, ക്ഷിപ്ത്വാസ്മിൻ ദേശദേശം, രവിഭുജചരയോർദ്ദിഗ്വശാൽ ഗ്ര്യോഗദേശം. ഹത്വാ മദ്ധ്യാന്തളത്യാ "നന്ദവേദ" ൯ന്തം തൽ ഭുജാജാദികം സ്യാൽ സ്ഫുടം മദ്ധ്യ ഇതി- വിലിപൂർവ്വധികം മദ്ധ്യം നീത്വാ "ഉദയരാ" ദ്യാപൂർവ്വിനെ ധ്രുവാത്മ്യ അസ്മിൻ ദേശദേശം ക്ഷിപ്ത്വാ, രവിഭുജചരയോദ്ദിഗ്വശാൽ യോഗദേശം മദ്ധ്യാന്തളത്യാ ഹത്വാ, "നന്ദവേദ" ൯ന്തം തൽ മദ്ധ്യേ ഭുജാജാദികം സ്ഫുടം സ്യാൽ ഇത്യന്വയഃ.

ഖണ്ഡശേഷത്തെ അഭീഷ്ടസമയത്തോളമുള്ള നാഴികവി

നാഴികകളോടും കൂടി വെച്ച്, രാശി തിഥി ഇവ വിധി എന്നിങ്ങിനെ ചുവട്ടിലേക്കു നാലു സ്ഥാനം വരെ മദ്ധ്യമം ഉണ്ടാക്കി "ഉഞ്ഞയര" എന്നു ഇതിന്റെ ഇരുന്നും ഉള്ള അതാതു ഗ്രഹത്തിന്റെ ചിതിനു ഹാരകങ്ങളേയും (൩൭) ഋണധനംപോലെ വിധിയിൽ കൂടി സംസ്കരിച്ച്, ധ്രുവവും ദേശാന്തരവും കൂട്ടുക; പിന്നെ വിധിയാദി അഹർഗ്ഗണം ഉണ്ടാക്കേണ്ടതിന്നു ൨൨-ാം പാറയിൽ പറഞ്ഞപ്രകാരം തൽകാലസൂർയ്യമദ്ധ്യമത്തിൽ നിന്നു ഉജ്ജ്യാവും സ്ഫുടത്തിൽനിന്നു ചരജ്യാവും കൊണ്ടു അവ തമ്മിൽ ഋണധനം പോലെ കൂട്ടുകയൊ അന്തരിക്കുകയൊ ചെയ്തതിനെ, അതാതു ഗ്രഹത്തിന്റെ മദ്ധ്യഗതി (൩൨) മടക്കി വെച്ചു പെരുക്കി, ചുവട്ടിലെ സ്ഥാനം ൩-ൽ കയററി മുകളിലെ സ്ഥാനത്തെ "നന്ദധരാ" (൨൧൬൦൦)നെക്കൊണ്ടു ഹരിക്കുക; ഈ ഫലം അഹർഗ്ഗണത്തിന്റെ ലിപ്തയാകുന്നു. ബാക്കിയെ വീണ്ടും നാൽ പെരുക്കി 'നന്ദധര'നെക്കൊണ്ടു തന്നെ ഹരിച്ചു വിലിപ്തയും ഉണ്ടാക്കി, ഭിക്കിന്നു തക്കവണ്ണം മദ്ധ്യമത്തിൽ ഋണധനം പോലെ സംസ്കരിക്കുകയും വേണം. ഈ ക്രിയയ്ക്കും എളുപ്പമായ ഒരു പട്ടിക ൨൪൪-ാം പാറയിൽ ചേർത്തിട്ടുണ്ടു*.

## ൫൪

(ശ്ലോ.) സാമ്യംശോ ഭൃഗുപുത്രേ ഇതി-പുനഃ അയഃ സാമ്യംശോ ഭൃഗു ഇത്യന്വയഃ.

പിന്നെ ആ മദ്ധ്യമം കണ്ടുവെച്ച് ഒന്നിൽ നിന്നു തൽകാലസമയത്തേക്കുണ്ടാക്കിയ ചന്ദ്രതുംഗനെ കളയണം എന്നർത്ഥം.

## ൫൫

(ശ്ലോ.) പൂർണ്ണരാശ്യം വിശോദ്ധ്യാദിതി-പുനഃ അതഃ ഇതി അന്വയ്യ അവശ്യങ്ങൾ. പുനഃ അതഃ പൂർണ്ണരാശ്യം വിശോദ്ധ്യാൽ ഇത്യന്വയഃ.

മാ ●

പിന്നെ ഇംശത്തെ വാൎദ്ധിരിക്കുന്ന ആ മദ്ധ്യമത്തിൽ നിന്നു വിധിയാളിജ്യാവിനെ (൫൭) വാങ്ങേണമെന്നുതാല്പൎയ്യം. എന്നു വെച്ചാൽ ൫൫–൫൭ എന്നീ പാഠകളിൽ പറഞ്ഞപ്രകാരം ജ്യാവു കൊള്ളണമെന്നൎത്ഥം. ഈ വിധിയാളിജ്യാവിനെ "മഹാജ്യാവ്" എന്നും പറയും.

൯൩

(൭൪) ശിഷ്ടജ്യാവികലാഢ്യം "സ്ഥിതിസടാമാലസൌപരൈ" ഹാരകഃ സ്തുതി—ക്രമേണാനപ്യയഃ—വേദീരിതി ശേഷഃ.

"മുമ്പു പറഞ്ഞപോലെ തികഞ്ഞ ഭുജാജ്യാവിനെ ശോധിച്ച് ബാക്കി തിഷ്ഠതിയും ഇലിയും ക്രമത്തിൽ നാല് എറക്കി വിലിയാക്കി, അതുകൊണ്ടു "സ്ഥിതിസടാമാലസൌപര" എന്ന ൭൦,൨൭,൫൦ നെ ഹരിക്കുക, കിട്ടുന്ന ഫലം മേലിൽ ഹരിക്കുവാനുള്ള ഒരു ഹാരകമാകുന്നു; അതു സൂക്ഷിക്കണം. ഹരിച്ച ശേഷമുണ്ടെങ്കിൽ അതു കളയാം.

൯൪

(൭൫) ശേഷജ്യാം "നീതിഃ" ഹതാം മനേന വിഭജേൽ ഇതി— "നീതിഃ" ഹതാം ശേഷജ്യാം അനേന വിഭജേൽ ഇത്യന്വയഃ.

മുമ്പു ഭുജയാക്കി ജ്യാവു ശോധിച്ചപ്പോൾ തികഞ്ഞ ജ്യാവ ഏതുയാണോ പോയതു് അതു ഭുജാജ്യാവും, ആ സംഖ്യയെ പൂൎവ്വൽ നിന്നു വാങ്ങിയ ശേഷം വരുന്നതു കോടിജ്യാവിന്റെ സംഖ്യയുമാകുന്നു, ഇവിടെ തികഞ്ഞുപോയ ഭുജാ (മഹാ) ജ്യാവിനെ വെച്ചു നാൽ പെരുക്കി ചുവട്ടിലെ സ്ഥാനം നാൽ കയറി ഈ ഹാരകംകൊണ്ടു ഹരിക്കുക: കിട്ടുന്ന ഫലം ഇലിയാകുന്നു. ശേഷത്തെ വീണ്ടും നാൽ പെരുക്കി ഹരിച്ചു വിലിയും ഉണ്ടാക്കണം.

൯൫

(൭൬) ഖണ്ഡാഭുകൊട്യാസ്സ്വജ്യാ ശിഷ്ടി—ക്രമേണ അന്വയഃ.

മേൽപ്രകാരം ഭുജാജ്യാവിൽ നിന്നും ഹരിച്ചു കിട്ടിയ ഫലത്തെ കോടിജ്യാവിൽ നിന്നും യഥാസ്ഥാനം കളയണമെന്നർത്ഥം.

## ൧൪൯

(ശ്ലോ) ഭാം “നേത്രാസ്യ”ഹതാം ഹരേദിതി—ഹരേദന്ത്യ ഭാം—“നേത്രാസ്യ”ഹതാം താം ഹരേദന്ത്യ ഹരേദിത്യന്വയഃ.

ഭുജാജ്യാവിൽ നിന്നുണ്ടാക്കിയ ഫലം കളഞ്ഞ ആ കോടിജ്യാവിനെ “നേത്രാസ്യൻ” എന്ന ൧൨൦ കൊണ്ടു പെരുക്കി മുൻപറഞ്ഞ ഹാരകം കൊണ്ടു തന്നെ ഹരിച്ച് ഇലിയും വിലിയും ഉണ്ടാക്കണം.

## ൧൫൦

(ശ്ലോ) ഫലയുതാ ദോർജ്യാ സപ്രവൃത്താഹതാ “നന്ദ”പൂർവ്വ ഖല്പാപിതാ ധനമൃണം കേന്ദ്രേ തുലാജാദികേ ഇതി—ഫലയുതാ സപ്രവൃത്താഹതാ “നന്ദ”പൂർവ്വകാപിതാ ദോർജ്യാ കേന്ദ്രേ തുലാജാദികേ ധനമൃണം ഇത്യന്വയഃ—കർക്ക്യാദിശേഷഃ.

മേൽപറഞ്ഞ പ്രകാരം കോടിജ്യാവിൽ നിന്നും ഹരിച്ചു കിട്ടിയ ഫലത്തെ ഭുജാജ്യാവു വെച്ച് അതിൽ കൂട്ടി, ചന്ദ്രന്റെ വൃത്തമായ ൭ കൊണ്ടു അതിന്റെ ചുവട്ടും മുകളും സ്ഥാനങ്ങളെ പെരുക്കി, ചുവട്ടിലെ സ്ഥാനം ൬൦-ൽ കയറി “നന്ദൻ” എന്ന ൯൦ കൊണ്ടു ഹരിക്കണം. കിട്ടുന്ന ഫലം ഇലി, ശിഷ്ടത്തെ ൬൦-ൽ പെരുക്കി ‘നന്ദ’നെക്കൊണ്ടു തന്നെ ഹരിച്ച് വിലിയും ഉണ്ടാക്കണം. എന്നാൽ അതു ഭുജാജ്യാവാകുന്നു. ഈ സ്ഫുടഭുജാജ്യാവിനെ ൧൭-ാം പാദയിൽ പറഞ്ഞ പ്രകാരം ചാപിച്ചിട്ടു, മുൻ കണ്ടു വെച്ച മദ്ധ്യമത്തിൽ മേഷതുലാദി ഋണധനമായി സംസ്കരിക്കയും വേണം. എന്നാൽ ചന്ദ്രസ്ഫുടം സിദ്ധിക്കുന്നതാകുന്നു. തിഥി ഉണ്ടാക്കുന്നതിനു സൂര്യസ്ഫുടവും ഗണിക്കണം. അതിന്നു ക്രിയയെല്ലാം.

ഇതുപോലെ തന്നെയാകുന്നു. ഇങ്ങിനെ ഹാരകങ്ങളും, ദേശാന്തരവും മദ്ധ്യഗതിയും, വൃത്തവും മാത്രം സൂര്യന്റേതാകുന്നു എന്ന വ്യത്യാസമുള്ളൂ. സൂര്യന്റെ വൃത്തം ൧൩ ആകുന്നു. ഛായാപശ്ചാത് ൧൩-ാം പാദയിൽ പറഞ്ഞിട്ടുണ്ടു.

### ൱൨൧

തികഞ്ഞ ഇജ്യാദ്യുപ പോയ ശേഷമായ,(മുമ്പ് ൧൩-ാം പാദയിൽ പറഞ്ഞ) ശിഷ്ടജ്യാവിന്റെ ഇലി 'ശരിരാശ്യ'ത്തിൽ (ഒന്നരാശിപ്പുറങ്ങളെയിൽ) അധിക മുണ്ടെങ്കിൽ പ്രത്യേകമായിട്ടൊരു ക്രിയ ചെയ്യാനുണ്ടു. അതാണ ഇനി ഒരു ശ്ലോകംകൊണ്ടു പറയുന്നതു്.

(ഒ) ശിഷ്ടാലിപ്താധികാ സ്യാദ്യദി "മുഖരളാ"മൌയ്യയെൽ താം "ശരീരാ"ദിതി—ശിഷ്ടാലിപ്താ "മുഖര"ളാൽ അധികാ സ്യാദ്യദി, താം "ശരീരാൽ" ശോധയേ ദിത്യന്വയഃ.

മേൽപറഞ്ഞതായ ശിഷ്ടജ്യാവിന്റെ ഇലികൾ "മുഖര"ത്തിന്റെ അർത്ഥമായ ആറിപ്പത്തങ്ങളെ ഇലിയിലധികമുണ്ടെങ്കിൽ അവയെ "ശരീരം" എന്ന ൨൨൩-ൽ നിന്നു കളയണം.

### ൱൨൨

(ഒ) ശിഷ്ടാം കൃത്വാ വിലിപ്താ മുരിവദനയാ കള ഇതി—ശിഷ്ടാം വിലിപ്താം കൃത്വാ, അനയാ കള മുരിവദൻ. ഇത്യന്വയഃ— സ്യാദിതി ശേഷഃ.

മേൽപ്പറഞ്ഞ വിധം "ശരീര"ത്തിൽ നിന്നു കളഞ്ഞു ബാക്കിയെ ൬൦-ൽ ഏറക്കി വിലികളാക്കണം. പിന്നെ അതുകൊണ്ടു "തിഥിസമാസശേഷ"ത്തെ ഹരിക്കുക മുതലായ ക്രിയകളെല്ലാം മുൻപറഞ്ഞതു പോലെ തന്നെയാകുന്നു.

### ൱൨൩

(ഒ) ശൈത്യോദ്ഗ്രാ ഇതി, ക്രമേണാന്വയഃ.

മേല്‍പ്രകാരം ശിഷ്ടജ്യാവ "ശരിതാ"ര്‍ദ്ധത്തിലധികമായാല്‍ ഭുജാജ്യാവ് മുന്‍ വന്നതിന്റെ പിന്നത്തേതാണെന്നര്‍ത്ഥം.

൱൨൪

(൬൮) കോജ്യാഗ്നൂം ഇ കോജ്യാം ക്ഷിപേദ് ഇതി- ക്രമേണാന്വയഃ.

ഭുജാജ്യാവിനെ മേല്‍പറഞ്ഞ പ്രകാരം നാലര്‍ പെരുക്കി (൨൪) ഹാരകം കൊണ്ടു ഹരിച്ചു കിട്ടിയ ഫലം കോടിജ്യാവില്‍ കൂട്ടുകയാണ് വേണ്ടതു്.

൱൨൫

(൬൯) ഭുജഘ്നാല്‍ കോടിജ്യാം വിശോധ്യേദിതി- കോടിജ്യാം ഭുജഘ്നാല്‍ വിശോധ്യേദിത്യന്വയഃ.

കോടിജ്യാവിനെ മേല്‍പ്രകാരം "ഗുണ്യാന്ത്യ"ത്തെക്കൊണ്ടു പെരുക്കി ഹാരകം കൊണ്ടു ഹരിച്ചു കിട്ടിയ ഫലം ഭുജാജ്യാവില്‍ നിന്നു കളയുകയും വേണം.

൱൨൬

(൭൦) കര്‍ത്തവ്യാ ക്രിയേയം യദി "മുഖ്യ"ചാപാദധികാ സ്യാല്‍ ഇതി- ശിഷ്ടചാപം "മുഖ്യ"ചാപാല്‍ അധികാ സ്യാല്‍ യദി തദാ ഇയം ക്രിയാ കര്‍ത്തവ്യാ ഇത്യന്വയഃ- സ്യാദിതി ശേഷാദ്ധ്യാഹാരഃ.

"ഖ്യുങ്ഗാംഗോഗലി"വാക്യം ശോധിച്ചതിന്നു ശേഷമുള്ള ലിപ്തകള്‍ ൲൫൰൨ (ആയിരത്തിപന്ത്രണ്ടര)യില്‍ അധികമുണ്ടെങ്കില്‍ ഇങ്ങിനെയാണ് ക്രിയ ചെയ്യേണ്ടതെന്നു താല്പര്യം. ശേഷം ക്രിയ മുഴുവനും ആദ്യം പറഞ്ഞതുപോലെ തന്നെയുമാകുന്നു.

൱൨൭

(൭൧) മന്ദോച്ചോനഭുജാകോടിഭിരുത്ഥൈരധികാ ചേല്‍ സ്ഫുടാ ഭീമാ ശൈത്യചതി- മന്ദോച്ചോനഭുജാകോടിഭിരുത്ഥൈ ചാപ അധികാ ചേല്‍ ശൈത്യസ്ഫുടാ ഭീമാ ഇത്യന്വയഃ- ഇതി ശേഷഃ.

മേൽപ്രകാരം മൂന്നാറ്റും വാങ്ങിയ ശിഷ്ടമുള്ള കേന്ദ്രം ശേഷിരാശ്യർദ്ധാധികമില്ലെങ്കിൽ, ആ ഇലികൾ സ്ഫുടജ്യാവാകുന്നു. പിന്നെ "തിഥിസങ്കാമാസേശചാര"മെന്നു ഹരിക്കുക മുതലായ യാതൊരു ക്രിയയും വേണ്ടെന്നർത്ഥം.

## ൧൦൭

ഈ ഇലികൾ ൨൪-ാം ജ്യാവിന്റെ ഉത്തരാർദ്ധമായിട്ടു വന്നാൽ കോടിജ്യാവില്ലാതെ വരുമല്ലോ. അങ്ങിനെ വന്നാലത്തെ ക്രിയയാണ് ഇനി പറയുന്നതു്.

(മൂ) പുനസ്തരീം ചരമജ്യാർദ്ധാധികാ ലിപ്തികാഃ. ശിഷ്ടാ സ്യുഃ പരിശോധയേൻ "മുഖ"ത ഇതി- ഇമാ പുനഃ ലിപ്തികാഃ ചരമജ്യാർദ്ധാധികായദി, താഃ ശിഷ്ടാഃ "മുഖ"തഃ പരിശോധയേ ദിത്യന്വയഃ.



ആ ഇലികൾ ൨൪-ാമത്തെ ജ്യാവിന്റെ ഉത്തരാർദ്ധമായി വന്നാൽ അവയെ "മുഖ"ത്തിൽ നിന്നു കളയണമെന്നർത്ഥം.

## ൧൦൮

(മൂ) തച്ഛേഷവർഗ്ഗാന്തിമജ്യാവർഗ്ഗാന്തരം ഗുണമിതി- ഗുണേനാപ്യതഃ ലബ്ധിരേഷാ.

"ശേഷ"ത്തിൽ നിന്നും വാങ്ങി, ബാക്കിയുള്ള ശിഷ്ടജ്യാവിന്റെ ഇലിവിലികളെ വർഗ്ഗിക്കുക (൧൦൭) "ശശാങ്കബാണോങ്ഗൈഃ" എന്ന ത്രിജ്യയുടെ വർഗ്ഗം "അവനിശഃ പ്രാണഃ കന്ദുപ്പദ്ഭ്യർക്കൽ" ആകുന്നു. അതിനെ തൽപര വിലിഇലികളായി മടക്കി വെച്ചു, ശിഷ്ടജ്യാവർഗ്ഗത്തെ അതിൽ നിന്നും കളഞ്ഞു്, ബാക്കിയെ മൂലിക്കണം (൧൦൯) എന്നാൽ അതു കോടിജ്യാവായി വരും.

## ൧൦൯

(മൂ) പരിധ്യാപാതേ... കാര്യം പുനരിതി- പുനഃ പരിധിനാ കാര്യം വിഭുനാപ്യൈഃ. സ്യാദിതി ശേഷഃ.

പിന്നെ തന്റെ തന്റെ വൃത്തം കൊണ്ടു (ദൃഗ്ജ്യാ ഫ-ലും, ചന്ദ്രന്റെ—ലുമാണ) പെരുക്കുക, "നന്ദ"നെക്കൊണ്ടു ഹരിക്കുക, ചാപിക്കുക മുതലായി മുമ്പു പറഞ്ഞ ക്രിയയെല്ലാം ചെയ്യുകയും വേണമെന്നൎത്ഥം.

൧൧൧

ശ്രാദ്ധചന്ദ്രനെ ഗണിക്കുന്നതു ചിലപ്പോൾ മദ്ധ്യാഹ്നത്തിന്റെ അവസാനത്തിങ്കലേക്കു ഗണിക്കേണ്ടി വരും. അങ്ങിനെ വന്നാലത്തെ ക്രിയക്കുള്ള ഭേദത്തെ പറയുന്നു.

മദ്ധ്യാഹ്നാന്തനിശാകരാദിഗണനേ പൂൎവ്വോദയാഹൎഗ്ഗണേ യോജ്യാഃ സ്യു "ർഭയു"നാഡികാ ഇതി- മദ്ധ്യാഹ്നാന്തനിശാകരാദിഗണനേ, പൂൎവ്വോദയാഹൎഗ്ഗണേ "ഭയു"നാഡികാഃ യോജ്യാഃ സ്യുരിത്യന്വയഃ.

മദ്ധ്യാഹ്നത്തിന്റെ അവസാനത്തിങ്കലേക്കു ചന്ദ്രനേയും മററും ഗണിക്കേണ്ടതിന്നു, അന്നുദയത്തിന്നുള്ള ഖണ്ഡശേഷത്തിൽ (അതിന്റെ ചുവട്ടിൽ) ഭയു നാഴികയും കൂടി കൂട്ടേണ്ടതാകുന്നു.

൧൧൨

(൩൫) പുനരഹൎഗ്ഗണേ ചരം "ഗാ"ഘ്നം, ഗ്രാഹ്യം വ്യത്യയതോസ്യ ശിഷ്ടിരിതി- അഹൎഗ്ഗണേ ചരം "ഗാ"ഘ്നം, പുനഃ അസ്യ ശിഷ്ടിഃ വ്യത്യയതോ ഗ്രാഹ്യം ഇത്യന്വയഃ. സ്യാദിതി ശേഷഃ.

അഹൎഗ്ഗണമുണ്ടാക്കുവാനുള്ള ചരജ്യാവു ൭—ൽ ഹരിച്ച ഫലം മാത്രമെ സംസ്കരിക്കേണ്ടു. അതു തന്നെ ദിക്കു ഉദയത്തിന്റെ വിപരീതമായി സംസ്കരിക്കയും വേണം. ഉദയത്തിന്നു ധനമാണെങ്കിൽ ചരം ൭—ൽ ഹരിച്ചതിനെ ഋണമായിട്ടും, ഉദയത്തിന്നു ഋണമാണെങ്കിൽ ധനമായും സംസ്കരിക്കണമെന്നു താല്പൎയ്യം.

൧൧൩

(൩൬) ഗണനം മദ്ധ്യാഹ്നമാനീയ ചേൽ തസ്യാന്തേ ചരതുരങ്ഗ-ക് ച സകലം തൽകാലസ്ഫുടമിതി- പുനഃ ഗണനം മദ്ധ്യാഹ്നാ

ഭീഷ്ടൈൾ, തന്ത്രാന്തെ തൽക്കാലസ്ഫുടസ്യാന്തരം ചരം സകലം ഉക്തവികം ച ഇത്യനയോഃ. കക്ഷ്യാദിതി ശേഷഃ.

ആദ്യം തന്നെ ഭവാനം ഏതുദിക്കിലെന്നു ക്ലിപ്തപ്പെടുത്തി, ഗണിക്കുന്നതു തന്നെ (മദ്ധ്യമം ഉണ്ടാക്കുന്നതു തന്നെ) മദ്ധ്യാഹ്നത്തിന്റെ അവസാനത്തിങ്കലാണെങ്കിൽ, അവിടെ അഹസ്സാനത്തിനു തൽകാലസ്ഫുടനിൽ നിന്നു ഉണ്ടാക്കിയ ചരം മുഴുവനും സംസ്കരിക്കണം, അതിന്റെ ദിക്കും ഉദയത്തിനുള്ള ദിക്കാണെന്നു അറികയും വേണം.

## ൧൮൭

അല്പചാപത്തെ അല്പജ്യാവാക്കുവാൻ പറയുന്നു.

(ശ്ലോ) ഖ്യാപകൌർവ്യാ സമമല്പചാപം തത്സംഖ്യകാദി വ്ലികലാദിഷു നേ. ടീകാ — അല്പചാപം ഖ്യാപകൌർവ്യാ സമം തത്സംഖ്യകാഃ വികലാദിഃ ഊനാ ടീകാ വൈർ ഇത്യനയോഃ.

ഏതു അല്പചാപത്തെയാണോ അല്പജ്യാവാക്കേണ്ടതു ആ അല്പചാപം, "ഖ്യാപകൌർവ്യാ" എന്നു തുടങ്ങിയുള്ള ചാപജ്യാവുകളിൽ* ഏതുമാത്രത്തിനോടു സമമായിട്ടാണ് (അധികം കൂട്ടാതിട്ടാണ്) വരുന്നതു അതു സംഖ്യ അല്പചാപത്തിന്റെ വികലയിൽ നിന്നു കളയണം: എന്നാൽ ആ ചാപം അല്പജ്യാവ് ആയി വരും.

## ൧൮൮

അല്പജ്യാവിനെ അല്പചാപമാക്കുവാൻ പറയുന്നു.

(ശ്ലോ) അധികാദാദി ഖ്യാ തല്പജീവാ ഖേചര ചാപം ഇതി- അല്പജീവാ തഥാ അധികലാദിഃ ആഢ്യാ ഇഹ ചാപം ഭവതി ഇത്യന്വയഃ:

അല്പജ്യാവിങ്കൽ, മേൽപറഞ്ഞപ്രകാരമുള്ള വികലകൾ അതിന്റെ (അല്പജ്യാവിന്റെ) വികലയിൽ കൂട്ടിയാൽ അതു

* ചാപജ്യാവ് രണ്ടാം പാദത്തിൽ പറഞ്ഞിട്ടുണ്ട്.

(അല്പജ്യാവ്) അല്പചാപവുമായി വരും— ഒന്നുകൂടി വ്യക്തമാക്കാം. മേൽപറഞ്ഞതായ സ്ഫുടങ്ങളിലെ മഹാജ്യാവിനെ "നന്ദ" നെക്കൊണ്ടു ഹരിച്ചു കിട്ടിയ ഫലം അല്പജീവയാകുന്നു. അതിനെ ചാപിപ്പിക്കയാണു വേണ്ടതു്. അതിന്നു ഇരുട്ടെപ്പിൽ പറഞ്ഞ പ്രകാരമാണു വേണ്ടതു്. നന്ദനെക്കൊണ്ടു ഹരിച്ചു കിട്ടിയ ഇലിവിലികളെ തന്നേടത്തുവെച്ചു്, ഒന്നിൽനിന്നു "ശ്രദ്ധാമേനക" എന്നു തുടങ്ങിയുള്ള ജ്യാവുകളിൽ എത്ര ജ്യാവു പോകുമെന്നു നോക്കി, അത്ര വിലികൾ മറ്റേതിന്റെ വിലിയിൽനിന്നു കളയണം. എന്നാലതു അല്പചാപമായി വരുമെന്നു സാരം.

## ൫൫

### ഇഷ്ടദേശത്തു സംക്രമത്തെ സ്ഫുടിപ്പാൻ പറയുന്നു.

(൩൪) ലോകാദിവാക്യേഷ്വിഷ്ടസ്യ വേഷ്ടു"നയ" ഘ്നമൌർവ്യാ ചരദേശജാസ്സുർ. ഋണ്യക്ഷാരാദ്യം വിപരീതമേവം ക്രമാദ്ധ്രുവേ സംക്രമണസ്ഫുടാർക്കേ. ഇതി-തയോഃ സംക്രമണസ്ഫുടാർക്കേ "നയ" ഘ്നമൌർവ്യാ ചരദേശജാസ്സുർ ക്രമാൽ ഋണ്യക്ഷാരാദ്യം ഏവം വിപരീതം ഇഷ്ടസ്യ വേഷ്ടു "ലോകാ" ദിവാക്യേഷു ഇത്യന്വയഃ കല്പ്യാൽ ഇതി ശേഷഃ:

ലോകാനാംലക്ഷ്മ്യനാഗ്രാ എന്നു തുടങ്ങിയുള്ള സംക്രമവാക്യങ്ങളിൽ * ഇഷ്ടമാസത്തിലെ വാക്യം വെച്ചു്, അതിൽ അതാതു കൊല്ലത്തേയ്ക്കുള്ള സംക്രമധ്രുവം (1) കൂട്ടി ഒരേടത്തു വെയ്ക്കുക: പിന്നെ സംക്രമസമയത്തേക്കുള്ള സൂര്യമധ്യമവാക്യങ്ങളിൽ (2) ഇഷ്ടമാസത്തിലെ വാക്യത്തിൽ നിന്നു ഭുജാജ്യാവും, തത്സമയത്തെ സൂര്യസ്ഫുടത്തിൽ പരഹിതായനചലനം

* സംക്രമവാക്യങ്ങൾ ൧൪൭-ാം പാറ നോക്കുക.

1 സംക്രമധ്രുവം വരുത്തുവാൻ ൧൪൨-ാം പാറയിൽ കാണിച്ചിട്ടുണ്ടു്.

2 സംക്രമ സമയത്തെ സൂര്യമധ്യമങ്ങൾ ൧൪൫-ാം പാറയിലാകുന്നു.

ഫല

സംസ്കരിച്ച്, ഒന്നിൽ നിന്ന സ്വദേശത്തുള്ള ചരജ്യാവും കൊണ്ട അഗ്രം, അതാതു ദിക്കിലേക്കുള്ള ദേശാന്തര പ്രാണനും ഇവ മൂന്നും ഋണധനാംപോലെ തമ്മിൽ കൂട്ടുകയൊ അന്തരിക്കുകയൊ ചെയ്യുക: കേരളം ലങ്കയിൽ നിന്ന പടിഞ്ഞാറു നീങ്ങിയിട്ടാകയാൽ കേരളത്തിൽ ഒക്കെയും ദേശാന്തരപ്രാണൻ എപ്പോഴും ധനമാകുന്നു. ചരം ഉദയത്തിന്റെ ദിക്കനുസരിച്ചും സംസ്കരിച്ചാൽ മതി: ഭുജാജ്യാവ് ചരം ദേശാന്തര പ്രാണൻ ഇവകൾ തമ്മിൽ കൂട്ടുകയൊ അന്തരിക്കുകയൊ ചെയ്ത ആ സംഖ്യയെ ൬൦-ൽ പെരുക്കി ൯൦-ൽ കയററി, ധ്രുവം കൂട്ടിവെച്ച സംക്രമവാക്യത്തിൽ ഗുൎവ്വക്ഷരം (ചുവട്ടിലെ സ്ഥാനം) ആദിയായി സംസ്കരിക്കണം. പെരുക്കിക്കയററിയതിന്റെ ചുവട്ടിലെ സ്ഥാനം സംക്രമധ്രുവം കൂട്ടിവെച്ചതിന്റെ ചുവട്ടിലെ സ്ഥാനത്തു വരുമാറു സംസ്കരിക്കുന്നതു ദിക്കിന്ന വിപരീതമായിട്ടു വേണം താനും. ഭുജാചരദേശാന്തരങ്ങളിൽ ഒടുവിൽ ബാക്കിയായതു ഋണമായിട്ടാണ വന്നതെങ്കിൽ സംസ്കാരം ധനമായിട്ടും, ധനമായിട്ടാണെങ്കിൽ ഋണമായിട്ടുമാണ വേണ്ടതെന്നൎത്ഥം.

## ൫൫

### രാത്രിമാനം വരുത്തുവാൻ പറയുന്നു.

(൬൭) ഭുജായനാൎക്കസ്യ ചരത്രിഭാഗം "നഭൈഃ" സമാരോപ്യ "നഗൈ" ൎയഥോക്തം. കൎത്താൽ ഭവേ സിദ്ധ്യതി രാത്രിമാനമിതി- ഭുജായനാൎക്കസ്യ ചരത്രിഭാഗം "നഭൈഃ" സമാരോപ്യ "നഗൈ"ൎയഥോക്തം കൎത്താൽ, ഭവേ രാത്രിമാനം സിദ്ധ്യതീത്യന്വയഃ.

സൂൎയ്യസ്ഫുടം വെച്ച് അതിൽ ദിക്കിലെ അയനചലനം (൨൨) സംസ്കരിച്ച്, സ്വദേശത്തെക്കുള്ള ചരജ്യാവു കൊണ്ടു, അതിനെ മൂന്നിൽ ഹരിച്ചു കിട്ടിയ (വിനാഴിക) ഫലത്തെ ൯൦-ൽ കയററുക: അതിന്റെ മുകളിലെ സ്ഥാനം നാ

ഴികയും, ചുവട്ടിലത്തു വിനാഴികയു മാകുന്നു. രാപ്പകലിന്റെ സാമാന്യ നാഴികയായ ൩൦ എന്ന തുക വെച്ചു്, മേൽപറഞ്ഞ ചരജ്യാത്രിഭാഗത്തെ ൬൦-ൽ കയററിയതിന്റെ മുകളിലെ സ്ഥാനമായ നാഴിക ൩൦-ൽ വരുമാറു ദിക്കിന്നു തക്കവണ്ണം അതിൽ സംസ്കരിക്കണം. എന്നാൽ അതു തന്നെ രാത്രിനാഴികവിനാഴികകളാകുമെന്നറിയണം.

## ൧൦൮

ദിനമാനം വരുത്തുവാൻ പറയുന്നു.

(ന്നം) വ്യസ്തം പകർജ്യാൽ ദിനമാനസിദ്ധ്യൈ ഇതി- "നഗേ" ഇതി തത്രാപ്യനുവർത്തതെ- ദിനമാനസിദ്ധ്യൈ "നഗേ" വ്യസ്തം കർജ്യാൽ ച ഇത്യന്വയഃ.

മേൽപറഞ്ഞ ചരജ്യാവു തന്നെ ദിക്കിന്നു വിപരീതമായി ൩൦ എന്ന തുകയിൽ സംസ്കരിച്ചാൽ അതു അന്നത്തെ ദിനമാനവുമായി വരും.

## ൧൦൯

ഉദയാൽ പൂർവ്വാപരനാഴികകളെ വരുത്തുവാൻ പറയുന്നു.

(ന്നം) തൽകാലേ ഭാനോ ഗ്രഹൈക്യലഗ്നാ സൂര്യാദിനാഡിഗുണി താ ചിന്ത്യാഃ- പൂർവ്വാപരേ വ്യുദയാൽ വിനാഡ്യൈവ ഭേതി- തൽകാലേ ഭാനോഃ സൂര്യാദി നാഡ്യ്ഗുണിതാഃ ചിന്ത്യാഃ ഗ്രഹൈക്യലഗ്നാഃ വ്യുദയാൽ പൂർവ്വാപരാഃ വിനാഡ്യഃ ഭവന്തി ഇത്യന്വയഃ

അളിച്ച സമയത്തേക്കുള്ള സൂര്യസ്ഫുടം വെച്ചു്, അതിന്റെ രാശി കളഞ്ഞു കാലു വെച്ചു്, ഒന്നിന്റെ തിയ്യതി ൬൦-ൽ പെരുക്കി ഇലികളും അതിൽ കൂട്ടുക: പിന്നെ ആ മാസത്തിലെ സ്വദേശത്തേക്കുള്ള രാശിമാനനാഴികയും (൩൦ൽ) ൬൦-ൽ പെരുക്കി വിനാഴികയാക്കി, അവ തമ്മിൽ പെരുക്കി

എറുട്ടിക്കുകയും ചെയ്യു. ഹിന്നാലതു ഗ്രഹ്യക്ഷരത്തിന്റേയും ചു വട്ടിലെ ഷഷ്ട്യാദ്രമാകുന്നു. അതിനെ രണ്ടു തവണ നാ—ൽ കൊണ്ടായാൽ വിനാഴികയായി വരും. ചുവട്ടിലെ സ്ഥാന ങ്ങൾ രണ്ടും അധ്യാധിക്യം കൂട്ടി കളയാം. ഇതു ഉദയാൽ പൂ ർവ്വമുള്ള വിനാഴികയാകുന്നു. സൂർയ്യസ്ഫുടത്തിലെ രാശി ക ളൊന്നു ബാക്കിയുള്ള തിയ്യതിയും ഇലിയും ഒരു രാശി (൩൦— ൦) തികയാൻ എത്ര വേണമോ ആ തിയ്യതി ഇലികളേ യും മേൽപ്രകാരം തന്നെ രാശിപ്രമാണം കൊണ്ടു പെരുക്ക ക മുതലായ ക്രിയ ചെയ്താൽ പരമുള്ള വിനാഴികകളും കി ട്ടുകയും ചെയ്യും.

## ൫൰

അസ്തമനാൽ പൂർവ്വാപരങ്ങളെ വരുത്തുവാൻ പറയുന്നു.

(സൂ) അസ്തമാദ്യേവം സ്യാതാംസ്താതി— പൂർവ്വാപരൌ വിനാഡ്യൌ ഭവതീതിശേഷഃ— അസ്തമാദ്യേവം തഥാ അസ്തൽ പൂർവ്വാപരൌ വിനാ ഡ്യൗ ഭവതീത്യർത്ഥഃ

അസ്തമയാൽ പൂർവ്വാപരങ്ങളെന്ന് ഉണ്ടാക്കേണ്ടതായിൽ തൽകാല സൂർയ്യനിൽ ന്നു രാശി കൂട്ടുകയും വേണം. ഉദയാൽ പൂർവ്വാപരങ്ങൾ ഉണ്ടാക്കുവാൻ പെരുക്കിയ രാശിമാനത്തി ന്റെ ഏഴാമത്തെ രാശിമാനംകൊണ്ടാന്ന് പെരുക്കേണ്ടതെ ന്നു താൽപര്യം.

## ൫൰൧

രാശിഗതം വരുത്തുവാൻ പറയുന്നു.

(സൂ) വിനാഡികാ സ്യാദ്ഗതഭ്യേ "നിഘ്നി"കേ സ്യുരിമപൂർവ്വാപര രാശിമാനൈഃ. അഭ്യേഷ്ടകാലാവധികൈഃ സമേതാ ഗമ്യാ ഗതാ വാ ഘടികാ ഭവന്തീതി— അഭീഷ്ടകാലാവധികൈഃ തദീയപൂർവ്വാപരരാശിമാനൈഃ സമേ താഃ "നിഘ്നി"കേ സ്യു വിനാഡികാ ഗമ്യാ ഗതാവാ ഘടികാ ഭവന്തി ഖലു ഇത്യർത്ഥഃ

മുൻപറഞ്ഞ ഉദയാൽ പൂൎവ്വാപരവിനാഴികകളെ നാഴികയാക്കിയാൽ അതിന്റെ മുകളിലെ സ്ഥാനം പൂൎവ്വാപര നാഴികയും, ചുവട്ടിലേതു വിനാഴികയുമായി വരും. ഇഷ്ടസമയത്തേക്കുള്ള സൂൎയ്യസ്ഫുടം കണ്ടു വെക്കാൻ പറഞ്ഞിട്ടുണ്ടല്ലോ. അതിനോടു സമമാകുന്നതു വരെ ഈ പൂൎവ്വാപരങ്ങളിൽ രാശിമാനങ്ങൾ കൂട്ടണം. ഏതു രാശിമാനം കൊണ്ടാണോ പെരുക്കിയതു അതിന്റെ ചുവട്ടിലേക്കും മുകളിലേക്കുമുള്ള രാശിമാനങ്ങളാണ് കൂട്ടേണ്ടതു്. ഉദയാൽപൂൎവ്വമാണ് ഉണ്ടാക്കിയിരിക്കുന്നതെങ്കിൽ പെരുക്കിയതിന്റെ ചോട്ടെയുള്ള രാശിമാനങ്ങളേയും, ഉദയാൽപരമാണെങ്കിൽ പെരുക്കിയതിന്റെ മുകളിലേക്കുള്ള രാശിമാനങ്ങളേയുമാണ് കൂട്ടേണ്ടതു. ഒടുവിൽ കൂട്ടിയ രാശി ഏതാണോ അതാണ് ലഗ്നം. ഉദയാൽപൂൎവ്വത്തിൽ നിന്ന പൂൎവ്വരാശികളെയാണ് കൂട്ടിയതെങ്കിൽ, ഒടുവിൽ കൂട്ടിയ രാശിയിൽ നിന്ന സൂൎയ്യസ്ഫുടത്തോടു സമമാക്കുവാൻ എത്ര നാഴിക വിനാഴികകൾ വേണ്ടി വന്നുവോ അവ ആ രാശിയിൽ ചെല്ലുവാനുള്ള നാഴിക വിനാഴികകളാകുന്നു. ആ രാശിമാനം വെച്ച് ഈ പറഞ്ഞ നാഴിക വിനാഴികകളെ അതിൽ നിന്ന കളഞ്ഞതാൽ ബാക്കി രാശിഗതമായി വരികയും ചെയ്യും. മേലിൽ ക്രിയ രാശിഗതമാക്കേണ്ടുകയാൽ ആ പ്രകാരം രാശിഗതമാക്കി വെക്കുകയും വേണം. ഉദയാൽപരത്തിൽ നിന്ന മേല്പട്ടുള്ള രാശിമാനങ്ങളെ കൂട്ടി സമമാക്കുകയാണ് ചെയ്തതെങ്കിൽ, ഒടുവിൽ കൂട്ടിയ രാശിമാനത്തിൽ നിന്ന സൂൎയ്യസ്ഫുടത്തോടു സമമാക്കുവാൻ വേണ്ടി വന്ന നാഴിക വിനാഴികകൾ രാശിഗതങ്ങളുമാകുന്നു.

൧൨൨

ലഗ്നസ്ഫുടം വരുത്തുവാൻ പറയു

(൬൩) രാശൌ തു യാതാം വിഘടീം നിഹത്യ "നാഗൈഃ", "നഗൈഃ" ശ്ച സ്വചിനാഡികാപ്തൈഃ । ഭോഗാംശകാദ്യം ക്രമശോത്ര യോജ്യാഃ സ്വപൂർവ്വഭാഗേ ഖലു ലഗ്നസിദ്ധ്യൈ ॥ ഇതി- അത്ര രാശൌ ഗതാം വിഘടീം തു ക്രമാൽ "നാഗൈഃ" "നഗൈഃ" ച നിഹത്യ സ്വചിനാഡികാപ്താ ഭോഗാംശകാദ്യാ ലഗ്നസിദ്ധ്യൈ സ്വപൂർവ്വഭാഗേ യോജ്യാഃ ഖലു ഇത്യന്വയഃ.

മേൽപ്രകാരം ഉണ്ടാക്കിയ രാശിഗതനാഴികകളെ ൬൦-ൽ പെരുക്കി വിനാഴികകളും അതിൽ കൂട്ടി, ക്രമേണ "നാഗം" എന്ന ൩൦ കൊണ്ടും, "നഗം" എന്ന ൩൦ കൊണ്ടും പെരുക്കി, ആ രാശിമാനവിനാഴികകൊണ്ടു ഹരിക്കണം: എന്നാലതു വിലിപ്തയാകുന്നു. വിലിപ്ത ആകാംക്ഷയില്ലാത്തതിനാൽ അതിനെ ൬൦-ൽ കയററി ചുവട്ടിലെ സ്ഥാനം ഉപേക്ഷിച്ചു കളയാം. ശേഷമുള്ളതിനെ ൬൦-ൽ കയററിയാൽ മുകളിലെ സ്ഥാനം തിയ്യതിയും, ചുവട്ടിലെ സ്ഥാനം ഇലിയുമായിവരും. ഈ ലഗ്നം ഏതു രാശിയാകുന്നോ അതിന്റെ ചോടെയുള്ള രാശികൾ മുഴുവനും ഈ തിയ്യതിയുടെ മുകളിൽ രാശിസ്ഥാനത്തു കൂട്ടുകയും വേണം. എന്നാൽ അതു ലഗ്നസ്ഫുടമാകുന്നു.

## ൬൪

ലഗ്നാദിത്യന്മാരെക്കൊണ്ടു ദിനഗതം അറിയാൻ പറയുന്നു.

(൬൪) കൃതായനാംശിഷ്ടവിലഗ്നഭാനോഃ കൃതാ ഗതാ പ്രാണകലാന്തരം വാ । ലഗ്നാൽ ത്യജേൽ ഭാനു മിതി— കൃതായനാംശിഷ്ടവിലഗ്നഭാനോഃ വാ പ്രാണകലാന്തരം ച കൃതാ ഭാനും ലഗ്നാൽ ത്യജേൽ ഇത്യന്വയഃ.

മേൽപ്രകാരം ഉണ്ടാക്കിയ ലഗ്നസ്ഫുടത്തിലും തൽക്കാല സൂര്യസ്ഫുടത്തിലും അയനചലനം സംസ്കരിച്ചു കണ്ടുവെച്ച്, രണ്ടിൽ നിന്നും ചരജ്യാവും പ്രാണകലാന്തരജ്യാവും കൊണ്ടു അതാതിൽ തന്നെ സംസ്കരിക്കണം. പിന്നെ ആ ലഗ്നത്തിൽ നിന്നു ആ സൂര്യനെ കളയുകയും വേണം.

## ൧൨൪

(൩൪) അദൃഷ്യ ശിഷ്ടസ്യാംശാ "നയ" ഘ്നാ ദ്യുഗതാ വിനാഡ്യ ഇതി— "നയൈ" ഘ്നാ അദൃഷ്യ ശിഷ്ടസ്യ അംശാഃ ദ്യുഗതാ വിനാഡ്യ ഇത്യന്വയഃ— ഭോഗതിരി ശേഷഃ.

ഇങ്ങിനെ സ്പഷ്ടസ്ഫുടത്തെ കളഞ്ഞിരിക്കുന്ന ലഗ്നത്തിലെ രാശിയുള്ള തിഷ്ടതി ഇലികളെ "നയ" എന്ന ൧൦–ൽ പെരുക്കി ചുവട്ടിലെ സ്ഥാനം ൬൦–ൽ കയററിയാൽ മുകളിലെ സ്ഥാനം ദിനഗതവിനാഴികകളായി വരും. ചുവട്ടിലെ സ്ഥാനം അധോധിക്യം കൂട്ടി കളയാം. ഈ വിനാഴികകളെ ൬൦ലും, ൬൦ലും കയററിയാൽ നാഴികയും ദിവസവും കിട്ടുകയും ചെയ്യും.

## ൧൨൫

ലഗ്നാദിത്യന്മാരെക്കൊണ്ടു രാത്രിഗതം വരുത്തുവാൻ പറയുന്നു.

(൩൫) വിലഗ്നാർക്കാന്തരാസൂനാമേവം നയെ രാത്രിഗതാ വിനാഡീ തിഥി— വിലഗ്നാർക്കാന്തരാസൂനാം ഏവം രാത്രിഗതാ വിനാഡികഃ നയെ ഇത്യന്വയഃ.

സ്പഷ്ടസ്ഫുടത്തിൽ ൬ രാശി കൂട്ടിയിട്ട് മേൽപ്രകാരം തന്നെ ക്രിയ ചെയ്താൽ രാത്രിഗതനാഴികവിനാഴികകളേയും വരുത്താമെന്നർത്ഥം.

## ൧൨൬

ഇനി രണ്ടു ലഗ്നങ്ങൾ തമ്മിലുള്ള അന്തരത്തെ വരുത്തുവാൻ പറയുന്നു.

(൩൬) അഭീഷ്ടലഗ്നാപ്തിമയെന സാധ്യാ സൂര്യോദയാല്ലോപഗതാ വിനാഡ്യ ഇതി— ഏവ ദിതൃതാവൃത്തവർത്തതെ— ഏവം അഭീഷ്ടലഗ്നാപ്തിമയെന സൂര്യോദയാല്ലോപഗതാ വിനാഡ്യഃ സാധ്യാ ഇത്യന്വയഃ.

മേൽപറഞ്ഞപ്രകാരം തന്നെ ലഗ്നസ്ഫുടങ്ങൾ തമ്മിലും

അയനചലനം സംസ്കരിക്കുക മുതലായ ക്രിയ ചെയ്താൽ ആ ലഗ്നങ്ങൾ തമ്മിലുള്ള അന്തരവും കിട്ടുന്നതാണെന്നു താല്പര്യം.

൮. ത്രിപ്രശ്നാധ്യായം കഴിഞ്ഞു.

## ൯. ലാടവൈധൃതപ്രബന്ധം.

൧൮൧

ലാടവൈധൃതങ്ങൾ ഏതു നാളിന്മേലായിരിക്കുമെന്നു ഊഹിപ്പാൻ പറയുന്നു.

(൬൬) ഗോളാന്തേ വിഗണായനാംശസഹിതേ പ്രാഗ്വൈ വ്യതിപാതമിതി— വിഗണായനാംശസഹിതേ ഗോളാന്തേ പ്രാഗ്വൈ വ്യതിപാതമിത്യന്വയഃ. സ്പഷ്ടമിതി ശേഷഃ.

ആറു രാശിയും പന്ത്രണ്ടു രാശിയുമാണു 'ഗോളാന്തം' എന്നു പറയുന്നത്. വേണ്ടുന്ന മാസത്തിലെ മാസാദ്യമായ ഒന്നാംതീയതി സൂര്യന്റെ ഉദയത്തിങ്കലെ ആദിത്യസ്ഫുടം മുമ്പാക്കി, അതിൽ രണ്ടു വട്ടം പരഹിതായനചലനം * സംസ്കരിച്ചു, അതിനെ ആറു രാശിയിൽ നിന്നും പന്ത്രണ്ടുരാശിയിൽ നിന്നും വാങ്ങുക; ശേഷം കണ്ടാൽ നിൽക്കുന്ന നാളുകളിന്മേലാണു മിക്കവാറും ലാടവൈധൃതദോഷങ്ങൾ ഉണ്ടാവുക. ആറു രാശിയിൽ നിന്നു വാങ്ങിയിട്ടുള്ളതു ലാടവും, പന്ത്രണ്ടു രാശിയിൽ നിന്നു വാങ്ങിയതു വൈധൃതവുമാകുന്നു. ഇത്ര മാത്രമെ ലാടത്തിന്നും വൈധൃതത്തിന്നും തമ്മിൽ വ്യത്യാസമുള്ളു. മറ്റു സകല ക്രിയകളും ഒന്നുപോലെയാകുന്നു.

* അയനചലനം ൭൦-ാം പദ്യത്തിലാണ് പറഞ്ഞിരിക്കുന്നതു്.

## ൧൨൭

ഇനി ക്രിയ പറയുന്നു.

(൩൩) തസ്യാന്തേ പുന രർക്കചന്ദ്രഫണിനാം നിർണ്ണീയ ഭുക്ത്യായനം നിത്യാ 'ശാന' 'സുതാ' ദികൈ ഫണിപതേ ർക്കർക്കം സ്യുതാദിഭി വിധായ വിധി- പുനഃ തസ്യാന്തേ അർക്കചന്ദ്രഫണിനാം നീത്വാ, ഏത്യ അയനം കൃത്വാ, ഫണിനാളൻ 'ശാന' 'സുതാ' ദികൈ നീത്വാ, സുതാദിഭി വിധൌ കർമ്മാദിത്യാപയഃ

പിന്നെ ഈ പ്രകാരം ഉദാഹരിച്ച നാളിന്റെ ഒടുക്കത്തെ പരഹിതത്തിൽ ആദിത്യൻറയും ചന്ദ്രൻറയും രാഹുവിൻറയും സ്ഫുടം ഉണ്ടാക്കി അതിലും പരഹിതായനചലനം * സംസ്കരിക്കണം. അവിടെ പഞ്ചബോധങ്ങളിൽ ലാടവൈധൃതങ്ങൾ കണ്ണുകൊണ്ടു കാണ്മാൻ സാദ്ധ്യമല്ലാത്തതിനാൽ പരഹിതംകൊണ്ടുതന്നെ ഗണിക്കുവതിന്നു. മറ്റുനാലു കൂട്ടവും ചാക്ഷുഷപ്രത്യക്ഷവിഷയമാകയാൽ ദൃക്കുകൊണ്ടുമാണു ഗണിച്ചുവരുന്നതു് — പിന്നെ സായനരാഹുവിനെ വെച്ചു തുലാമേഷാദി നോക്കി അർദ്ധിച്ചു് അതിൽനിന്നു 'ശാനാ' ദിജ്യാവും (1) 'സുതാ' ദിജ്യാവും (2) കൊണ്ടു്, 'ശാനാ' ദിജ്യാവു് ഒരേടത്തു വെച്ചു് 'സുതാ' ദിജ്യാവു് ൩൦-ൽ കയററി ചന്ദ്രനിൽ സംസ്കരിക്കണം: സംസ്കരിക്കുന്നതു, സായനരാഹു തുലാദിയാണെങ്കിൽ ധനമായും, മേഷാദിയാണെങ്കിൽ ഋണമായും വേണ്ടതുമാണു. ഈ 'സുതാ'ദിജ്യാവിനു "വിക്ഷേപചലനം" എന്നു പേർ. ഇവിടെ 'സുതാ'ദിജ്യാവിനെ തുലാമേഷാദി നോക്കേണ്ടതു രാഹുവിനെ അർദ്ധിക്കുന്നതിന്നു മുമ്പെയാകുന്നു. അല്ലെങ്കിൽ എപ്പോഴും മേഷാദിയായിട്ടെ വരികയുള്ളുവല്ലൊ.

---

* അയനചലനം ൩൭-ാം പാറ നോക്കുക.

1 'ശാനാ'ദിജ്യാവു ൩൬-ാം പാറയിൽ കാണാം.

2 'സുതാ'ദിജ്യാവു് ൩൭-ാം പാറയിലാണു കൊടുത്തിരിക്കുന്നതു്.

## ൫൨൯

(൬൭) അർക്കേന്ദ്വോ വിപരീതൌ തദാ യദി തയോഃ കാഷ്ഠ്യേ ഭുജാപക്രമൌ വലി- തദാ അർക്കേന്ദ്വോ വിപരീതൌ യദി തയോഃ ഭുജാപക്രമൌ കാഷ്ഠ്യാ വിത്യന്വയഃ.

വിക്ഷേപചലനം സംസ്കരിച്ചിരിക്കുന്ന സായനചന്ദ്രനും തൽകാലസായനാദിത്യനും കൂടുമ്പോൾ പദം ഒന്നല്ലെങ്കിൽ ലാടവൈധൃതലക്ഷണമുണ്ടെന്നും, പദം ഒന്നാണെങ്കിൽ ലക്ഷണമില്ലെന്നും അറിക. പദം ഒന്നായി വരുമ്പോഴത്തെ ക്രിയ ൮൮-ാം പാരമുതൽക്കു പറയുന്നതാണ്. പദം ഒന്നല്ലെങ്കിൽ ആദിത്യനും ചന്ദ്രനും ഉള്ള 'അപക്രമജ്യാവ്'* വരുത്തണം. അപക്രമം എന്നും, 'ക്രാന്തി' എന്നും, 'അപമ'മെന്നും പറയുന്നതു ഒന്നിനൊന്നു പര്യായമാകുന്നു. അതു "ഖഷേറസ", "രാജന്യ" എന്നു തുടങ്ങി "ദ്വാഷലയ" എന്നു അവസാനിക്കുന്ന ജ്യാവാകുന്നു. ഈ ജ്യാവ് ൮൯-ാം പാരയിൽ പറയുന്നതാകുന്നു.

## ൫൩൦

ഇവിടെ ചന്ദ്രന്റെ അപക്രമത്തിന്നു മാത്രം ഒരു സംസ്കാരവുംകൂടി യുള്ളതിനെ പറയുന്നു.

(൬൮) 'ഗാനാ'ദ്യൂനിത "കംഭേതോയ" ഗുണിതൊ, "ഗൃഹധാവയാ" പൂർ സ്ഫുടഃ സ്യാ ദിന്ദോ പരമ ഇതി- ഇന്ദോഃ അപമഃ 'ഗാനാ'ദ്യൂനിത "കംഭേതോയ" ഗുണിതഃ "ഗൃഹധാവയാ" പൂർ സ്ഫുടഃ സ്യാത് ഇത്യന്വയഃ.

"കംഭതോയം" എന്ന ൫൩൪൧ നിരുത്തിൽ വെച്ച്, അതിൽനിന്നു മുമ്പ് വെച്ചിരിക്കുന്ന 'ഗാനാ'ദിജ്യാവു വാങ്ങിയാൽ ശേഷം ചന്ദ്രന്റെ പരമക്രാന്തിയാകുന്നു. 'ഗാനാ' ദിജ്യാവ് തുലാദിയായാലും, മേഷാദിയായാലും "കംഭതോയ"ത്തിൽ

* ക്രാന്തിജ്യാ ൯൭-ാം പാരയിൽ കാണാം.

ന്നിൽനിന്നു കളയുകതന്നെയാണു വേണ്ടതു. പിന്നെ ചന്ദ്രന്റെ മേൽപറഞ്ഞ പരമക്രാന്തികൊണ്ടു ചന്ദ്രന്റെ ക്രാന്തിജ്യാവിനെ പെരുക്കി, "ഋഷ്യാലയ" എന്ന ൧൨൧൪ കൊണ്ടു ഹരിച്ചാൽ ഉണ്ടാകുന്ന ഫലം ചന്ദ്രന്റെ സ്ഫുടക്രാന്തിയായി വരുന്നതാകുന്നു.

## ൩൨൫

(ശ്ലോ) തയോഃ ക്രാന്ത്യോഃ സാമ്യേ വ്യതീപാതക ഇതി— ക്രമേണാനപയഃ. സ്യാദിതി അത്രാപ്യനാവശ്യം.

ഇപ്രകാരം ഉണ്ടാക്കിയ ചന്ദ്രക്രാന്തിജ്യാവും, സൂര്യക്രാന്തിജ്യാവും അപ്പോൾ സമമായിട്ടുതന്നെ വന്നുവെങ്കിൽ ഉദിച്ച നാളിന്റെ അവസാനത്തിൽ തന്നെ ലാടവൈധൃതദോഷത്തിന്റെ മദ്ധ്യവുമാകുന്നു.

## ൩൨൬

സൂര്യചന്ദ്രന്മാരുടെ മേൽപറഞ്ഞ ക്രാന്തിജ്യാവുകൾ സമമല്ലാതെ വന്നാലത്തെ ക്രിയയാണു ഇനി പറയുന്നതു്.

(ശ്ലോ) തയോരേവ സതി ബിംബയോഗാദുത്ഥഃ സംഭവേപി ദോഷോ ഭവേദിതി— തയോരേവ ബിംബയോഗാദുത്ഥഃ സംഭവേ സത്യപി ദോഷഃ ഭവേൽ ഇത്യനപയഃ.

ഈ ക്രാന്തികൾ തമ്മിൽ അന്തരിച്ചാൽ വരുന്ന അന്തരത്തിന്റെ ഇലികൾ, ആദിത്യചന്ദ്രന്മാരുടെ തൽകാലത്തെ ക്കുണ്ടാക്കിയ ബിംബങ്ങൾ തമ്മിൽ കൂട്ടി അർദ്ധിച്ചാലുണ്ടാകുന്ന ഇലികളെക്കാളും കുറയുമെങ്കിൽ, അപ്പോഴും ഉദിച്ച നാളിന്നും അതിന്റെ മേലെ നാളിന്നും ദോഷമുണ്ടു. സൂര്യചന്ദ്രന്മാരുടെ ബിംബങ്ങൾ ഉണ്ടാക്കുവാനുള്ള ക്രിയ ൨൨൩-ാം പാരയിൽ പറയുന്നുണ്ടാണു്. എന്നാൽ ബിംബയോഗാർദ്ധം മിക്കവാറും ൨൨ ഇലിയോടടുത്തുവരുമെന്നും ധരിക്കുക.

## ൧൩൩

ക്രാന്ത്യന്തരങ്ങൾ സമങ്ങളല്ലാതെ വന്നാൽ ദോഷം (പാതവൈധൃതമദ്ധ്യം) മുകളിലൊ ചുവട്ടിലൊ എന്നറിയാൻ ചൊല്ലുന്നു.

(നൃ) ഓജേസ്ഥിന്യധികേ യുഗ്മൌജപദഗേ ദോഷഃ സ ഗമ്യോ ഗത ഇതി— അസ്യാൎത്ഥഃ ഓജേ യുഗ്മൌജപദഗേ അധികേ സതി സ ദോഷഃ ഗമ്യഃ ഗത ഇത്യന്വയഃ. മേഷാദ് ഇത്യത്രാപി അനുവൎത്തതേ.

ബിംബയോഗാൎദ്ധത്തെക്കാൾ അധികമായിക്കാണുന്ന ക്രാന്ത്യന്തരം യുഗ്മപദത്തിൽ നില്ക്കുന്നതിന്റേതാകുന്നാകിൽ ദോഷം മേലിലെന്നും, ഓജപദത്തിൽ നില്ക്കുന്നതിന്റേതാകുന്നാകിൽ ദോഷം ചുവട്ടിലെന്നും അറിയുക.

## ൧൩൪

(നൃ) ദോഷ്യോർ വൃദ്ധ്യേനാഽന്തരതോ യദി ഗതോ ദോഷഃ സ തസ്മിൻ ഭവേദിതി— ഉദ്ധ്യനഃ ആഭ്യാം ഭാവീ അന്തരഃ ഗതഃ യദി സഃ ദോഷഃ തസ്മിൻ ഭവേദിത്യന്വയഃ.

അവിടെ ദോഷം ചുവട്ടിലാകുന്നാകിൽ ചന്ദ്രനിൽ നിന്നു ഒരു "നരലോക"വും ആദിത്യനിൽ നിന്നു ഒരു തിയതിയും വാങ്ങി, ആദിത്യനിൽ ഒരു ദിവസത്തേക്കുള്ള യോഗ്യാദിയും സംസ്കരിച്ച്, രാഹുവിനേയും അവിടെയ്ക്കാക്കി, മുൻപു പറഞ്ഞതുപോലെ വിക്ഷേപചലനവും ചന്ദ്രപരമക്രാന്തിയും വരുത്തി, വിക്ഷേപചലനത്തിനു മേലുള്ളതു ചന്ദ്രനിൽ സംസ്കരിച്ച്, രണ്ടിന്നും ക്രാന്തിജ്യാവു കൊണ്ടു ചന്ദ്രക്രാന്തിയെ സ്ഫുടമാക്കുക: അപ്പോൾ ആ ക്രാന്തികൾ രണ്ടും ഒന്നുവെങ്കിൽ അവിടെ പാതവൈധൃതമദ്ധ്യമാകുന്നു. ഒന്നില്ലെങ്കിൽ (അവ തമ്മിലുള്ള അന്തരം ഉണ്ടെന്നു കണ്ടാൽ) മുകളിലൊ ചുവട്ടിലൊ എന്നു നോക്കുകയും, ചുവട്ടിലാകുന്നെങ്കിൽ പിന്നെയും ചുവട്ടിലേക്കു നീക്കി ഇങ്ങിനെ ക്രിയ ചെയ്യുകയും

വേണം. ഇങ്ങിനെ ഒരു നാളിന്റെ ഒടുക്കത്തെ ക്രിയ ചെയ്യുമ്പോൾ ദോഷം ചുവട്ടിലെന്നും, ആ നാളിന്റെ ആദിയിലെക്ക ക്രിയ ചെയ്യുമ്പോൾ ദോഷം മുകളിലെന്നും വന്നാൽ, ദോഷം ആ നാളിന്മേൻ തന്നെയാകുന്നു എന്നും അറിയേണ്ടതാകുന്നു ദോഷം മുകളിലാണെങ്കിൽ ചന്ദ്രനിൽ "നരലോക"വും, ആദിത്യനിൽ ൧൬-ഉം കൂട്ടുകയാണ വേണ്ടതെന്നും മാത്രമെ ഭേദമുള്ളൂ. മറ്റെല്ലാം മുൻപറഞ്ഞതുപോലെ തന്നെയാകുന്നു. പിന്നെ ചന്ദ്രനിൽ "നരലോക"വും സൂര്യനിൽ ൬ഉം കൂട്ടി മേൽപ്പട്ട നീക്കിയാലും ശരി; വാങ്ങി കീഴ്പ്പട്ട നീക്കിയാലും ശരി; അപ്പോൾ പദം ഒന്നായി വന്നാൽ, പിന്നെ രണ്ടിന്നും പദം ഒന്നല്ലാതാവുന്നതുവരെ ഇങ്ങിനെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടുവേണം ക്രിയ ചെയ്യുവാൻ.

### ൧൩൫

ഇനി പദം ഒന്നായി വന്നാലത്തെ ക്രിയയാണ പറയുന്നത്.

(൩൭) പാദൈക്യേ ഇന്ദ്വർക്കൌ പദാദ്യർദ്ധഗേ രവൌ സമാപ്ത്യഖേതി — പാദൈക്യേ ഉദേതൌ പദാദ്യർദ്ധഗേ സമീഭവ ഗതൌ, അന്ത്യഭേവി ഇത്യന്തയോഃ ചലിതി ശേഷഃ.

സൂര്യചന്ദ്രന്മാർ രണ്ടിന്നും പദം ഒന്നായി വരുമ്പോൾ, ആദിത്യൻ പദത്തിന്റെ പൂർവ്വാർദ്ധത്തിൽ (പകുതിയ്ക്കു മുമ്പെ) ആണ നിൽക്കുന്നതെങ്കിൽ ദോഷവും, എവിടെവെച്ചാണൊ പദം ഒന്നായത് അതിന്റെ, ചുവട്ടിലാണെന്നും, സൂര്യൻ പദത്തിന്റെ ഉത്തരാർദ്ധത്തിലാണെങ്കിൽ ദോഷവും മുകളിലാണെന്നും മനസ്സിലാക്കണം. ഇങ്ങിനെ ദോഷം മുകളിലൊ ചുവട്ടിലൊ എന്നറിഞ്ഞ്, ചന്ദ്രനിൽ "നരലോക" വും സൂര്യനിൽ ൬-ഉം കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്തിട്ടും പദം രണ്ടായി വന്നില്ലെങ്കിൽ പദം രണ്ടാവുന്നതുവരെ നീക്കി,

രണ്ടിന്നും ക്രാന്തിജ്യാവുകൾ കൊണ്ടു, മുൻപറഞ്ഞപ്രകാരം ദോഷം ഏറ്റ നാളിന്മേലാകുന്നു എന്ന അറിയേണ്ടതാകുന്നു.

## ൧൩൬

ചില കാലങ്ങളിൽ പാതദോഷം ഒരു നാളിന്മേലും ഇല്ലാതെ വരും. അതറിയാൻ പറയുന്നു.

(ന്യാ) ശിഷ്ടഃ സപ്ലഗുണായനാന്ത ഇഹ ചേൽ തത്രാപയാനാന്തരെ ബിംബൈക്യഗ്രഹയോഗ സതി തദാ ദോഷോ ന തത്സന്നിധൗ വിധി—ഇഹ സപ്ലഗുണായനാന്തഃ ശിഷ്ടഃ ചേൽ തത്ര അപയാനാന്തരെ ബിംബൈക്യഗ്രഹയോഗ സതി, തദാ തത്സന്നിധൗ ദോഷോ ന ഇത്യന്വയഃ. കേവൽ ഇത്യാപി അനവർത്തതെ.

"അപയാനം" എന്നു പറയുന്നതും ക്രാന്തിജ്യാവിന്നത്തന്നേയാകുന്നു. മൂന്നു രാശിയും ഒൻപതു രാശിയുമാണ് 'അയനാന്തം' എന്നു പറയുന്നതു. ചന്ദ്രനായാലും ആദിത്യനായാലും ശരി; ജ്യാവു ചെറുതായിട്ടുള്ള ഗ്രഹം അയനാന്തത്തിൻെറ ചുവട്ടിലൊ മുകളിലൊ അടുത്തു നിൽക്കുന്നതായാൽ, ആ ഗ്രഹത്തെ അയനാന്തത്തിങ്കലേക്കാക്കി, മറെറ ഗ്രഹത്തേയും തൽസമയത്തേക്കാക്കുകയും, രണ്ടിന്നും ക്രാന്തിജ്യാവുകൾ വരുത്തുകയും വേണം. അപ്പോഴും അയനാന്തത്തിൽ നിൽക്കുന്നതിൻെറ ക്രാന്തി ചെറുതായിട്ടും, ക്രാന്ത്യന്തരം ബിംബയോഗാർദ്ധത്തിനേക്കാൾ അധികമായും വരുന്ന പക്ഷം ഉദിച്ച നാളിൻെറ അടുത്തതും പാതദോഷമെന്ന്യവും ഇദ്ദോഷങ്ങളും ഉണ്ടാകുന്നതല്ല. എന്നു വെച്ചാൽ, ൩ രാശിയിൽ നിന്നു സൂര്യനെ വാങ്ങിയിട്ടാണ് ഉദിച്ചതെങ്കിൽ, ഇങ്ങിനെ വന്നാൽ പിന്നെ ൯ രാശിയിൽ നിന്നു സൂര്യനെ വാങ്ങി ഉദിച്ചു കാണുന്നതായ നാളിന്മേലൊ അതിന്നു സമീപത്തോ മാത്രമെ ദോഷം ഉണ്ടാവുകയുള്ളുവെന്നും, ൯ രാശിയിൽ നിന്നു വാങ്ങിയാണെങ്കിൽ പിന്നെ ൩ രാശിയിൽ നി

ന്നു വൎത്തിക്കുന്ന നാളിന്മേലൊ അതിന്നു സമീപത്തൊ മാത്രമെ ഉണ്ടാവുകയുള്ളുവെന്നും താൽപൎയ്യം. ചില കാലത്തു പിന്നത്തെ നാളിന്റെ സമീപത്തും, ചിലപ്പോൾ പിന്നത്തെ മാസത്തിൽപോലും ദോഷമില്ലാതെ വരും. അതെല്ലാം പ്രത്യേകം ഗണിച്ചു തന്നെ അറികയും വേണം.

## ൯൬. ൧

ലാടവൈധൃതദോഷമദ്ധ്യം നാളിന്മേൽ ഇത്ര നാഴിക ചെല്ലുമ്പോഴാണെന്നു സൂക്ഷ്മം അറിവാനുള്ള ക്രിയയാണ് ഇനി പറയുന്നതു. അവിടെ ഈ പാരകൊണ്ട് ഈ ക്രിയക്കു വേണ്ടതായ ഒരു ഹാരകം വരുത്തുവാനാണ് പറയുന്നതു.

(൩൯) ഭാദ്യന്താപമഭേദയോൎദ്വിപാതയോൎഭുക്ത്യാഗതാ ഹാര ഇതി— വിപാതയോഃ ഭാദ്യന്താപമഭേദയോഃ യോഗഃ അത്ര ഹാര ഇത്യന്വയഃ. വേത്തി ശേഷഃ.

ആദിത്യചന്ദ്രന്മാർ പദം ഒന്നല്ലാതെ നില്ക്കുമ്പോൾ മാത്രമെ ദോഷമുള്ളുവല്ലോ. അങ്ങിനെ വന്ന ദോഷമദ്ധ്യം ഇന്ന നാളിന്മേലെന്നു അറിഞ്ഞാൽ ആ നാളിന്റെ ആദിയിലേക്കു ആദിത്യചന്ദ്രന്മാരെ ഉണ്ടാക്കി രണ്ടിന്നും ക്രാന്തി വരുത്തി തമ്മിലന്തരിച്ചിട്ടുള്ള അന്തരവും; ആ നാളിന്റെ ഒടുക്കത്തേക്കും ആദിത്യചന്ദ്രന്മാരെ ഉണ്ടാക്കി ക്രാന്തികൾ വരുത്തി അവ തമ്മിലന്തരിച്ചു കാണുന്ന അന്തരവും, ഈ രണ്ടു ക്രാന്ത്യന്തരങ്ങളും തമ്മിൽ കൂട്ടണം: എന്നാൽ അതു ഇവിടക്കു ഒരു ഹാരകമാകുന്നു.

## ൯൬. ൨

(൪൦) അഥവാ "ഗീതാം", "ഭനം" ഹതാപയാനവിവരാൽ ലബ്ധമുരോഹണഗതെ. ശൌരേന്ദ്വോഃ, രോഹിണീ യോഗ്യം, മദ്ധ്യാസാവിനാടഃ സ്യാൽ ക്രാന്തിസാമ്യം തയൊഃ— "ഗീതാ" "ഹന" ഹതാപയാനവിവരാൽ അവ

സാമ്യമുദരാശേ ഗതൈഷ്യക്കാലതിഥ്യോഃ ക്ഷേപ്യം, ഛേദിനിയൈക്യം, തദാ ക്രാന്തിസാമ്യം സ്യാദിതി വ്യതിപാതഃ.

അവിടെ നാളിന്റെ ആദിയിലേക്കു ഉണ്ടാക്കിയ ക്രാന്ത്യന്തരവും, ഒടുവിലേക്കുണ്ടാക്കിയ ക്രാന്ത്യന്തരവും തമ്മിൽ നോക്കുമ്പോൾ ചെറുതിനെ രണ്ടേടത്തു വെച്ചു, അതിൽ ഒന്നിനെ "നീതം" എന്ന ഹാരം കൊണ്ടും, മറേറതിനെ "ആനന്ദർ" എന്ന വ്യാസം കൊണ്ടും പെരുക്കി, മേൽപറഞ്ഞ ഹാരകം കൊണ്ടു തന്നെ രണ്ടിനേയും ഹരിക്കുക: കിട്ടുന്ന ഫലം ഇലിയാകുന്നു. പിന്നെ "നീതം"കൊണ്ടുണ്ടാക്കിയ ഫലത്തെ ആദിത്യനിലും, മറേറതു ചന്ദ്രനിലും സംസ്കരിക്കുകയും ചെയ്ക. അവിടെ നാളിന്റെ ആദിയിലേക്കു ഉണ്ടാക്കിയ ക്രാന്ത്യന്തരം കൊണ്ടാണ് ഈ ക്രിയ ചെയ്തതെങ്കിൽ ഫലം കൂട്ടുകയാണ് വേണ്ടതു. അപ്പോൾ ദോഷം ഗൃഹങ്ങളിലാണല്ലോ ഇരിക്കുന്നതു. ഒടുക്കത്തേക്കുണ്ടാക്കിയ ക്രാന്ത്യന്തരംകൊണ്ടാണെങ്കിൽ, ദോഷം ചുവട്ടിലാകയാൽ ഫലം സൂര്യചന്ദ്രന്മാരിൽ നിന്നു കളയുകയും വേണം. ഇതിനെ ചെയ്തിട്ടുള്ള തൽകാലസൂര്യചന്ദ്രന്മാരിൽ നിന്നു സ്ഫുടക്രാന്തികൾ വരുത്തിയാൽ രണ്ടു ക്രാന്തികളും തുല്യമായി വരുന്നതാകുന്നു.

## ൧൩൯

മേൽപ്രകാരം ക്രിയ ചെയ്തിട്ടും ക്രാന്തികൾ ഒത്തു വന്നില്ലെങ്കിൽ ചെയ്യേണ്ടതായ ക്രിയ പറയുന്നു.

(൬൪) തൽരാശേൽ പുനരേവമേവ ഗണയേദ്യാവൽ സമത്വം തയോരിതി — തൽരാശേൽ പുനഃ യാവൽ തയോഃ സമത്വം താവൽ ഏവമേവ ഗണയേദിത്യന്വയഃ.

ഇപ്രകാരം ക്രിയ ചെയ്തിട്ടും ക്രാന്തികൾക്കു സാമ്യം വന്നില്ലെങ്കിൽ, അപ്പോഴുള്ള ക്രാന്ത്യന്തരത്തെയും രണ്ടേടത്തു വെച്ചു് മുൻപറഞ്ഞതുപോലെ "നീതം"കൊണ്ടും പെരുക്കി ഹാരകം

കൊണ്ടു ഹരിച്ച ഫലം സൂൎയ്യചന്ദ്രന്മാരിൽ സംസ്കരിക്കണം അപ്പോൾ ദോഷം യുകളിലെങ്കിൽ കൂട്ടുകയും, ചുവട്ടിലാണെങ്കിൽ കളയുകയുമാണ വേണ്ടതു. അപ്പോഴും ക്രാന്തികൾ തമ്മിൽ സമമായി വന്നില്ലെങ്കിൽ സമമാവുന്നതു വരെയും ഇങ്ങിനെ ക്രിയ ചെയ്യുകയും വേണം.

ഇവിടെ ഒരു നാളിന്റെ ഒടുക്കത്തേക്ക വെച്ച ക്രിയ ചെയ്യുമ്പോൾ ദോഷം യുകളിലെന്നു കാണുകയും, ചന്ദ്രനിൽ ഒരു 'നേരലോക'വും ആദിത്യനിൽ ഒരു തിയ്യതിയും കൂട്ടുമ്പോൾ പദം ഒന്നായി വരികയും ചെയ്യുന്നപക്ഷം, പദം രണ്ടാവുന്നതു വരെ മേല്പട്ടുനീക്കി, അവിടേക്ക രണ്ടിന്റേയും ക്രാന്തികൾ വരുത്തണമെന്നും, ആ ക്രാന്ത്യന്തരം നാളിന്റെ ആദിക്കുള്ള ക്രാന്ത്യന്തരവും തമ്മിൽ കൂട്ടിയതാണു ഹാരകമെന്നും ധരിക്കേണ്ടതാകുന്നു. പിന്നെ നാളിന്റെ ആദിയിൽ നിന്നു എത്ര നാഴിക മേല്പട്ടു നീക്കിയൊ അത്ര ഇലിയാണു "നിത"ത്തിന്റെ സ്ഥാനത്തു ആദിത്യനുള്ള ഗുണകാരമെന്നും, ആദിത്യന്റെ ഈ ഗുണകാരത്തെ ൬൦—ൽ പെരുക്കി ൫—ൽ ഹരിച്ച ഫലമാണു "ആനന്ദ"ത്തിന്റെ സ്ഥാനത്തു ചന്ദ്രനുള്ള ഗുണകാരമെന്നും അറിയുകയും വേണം. മറ്റെല്ലാ ക്രിയകളും മുൻപറഞ്ഞ പ്രകാരവുമാകുന്നു: ഇങ്ങിനെ ക്രാന്തിസാമ്യം വരുന്നേടത്തു പാതവൈധൃതദോഷത്തിന്റെ മദ്ധ്യമാകുന്നു. ചന്ദ്രാദിത്യന്മാർ പദം രണ്ടായി വരുന്നതാണ ദോഷലക്ഷണമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ചിലപ്പോൾ ഈ ലക്ഷണമില്ലാതെയും (പദം ഒന്നു തന്നേയായിട്ടും) ക്രാന്തിസാമ്യം വന്നേക്കാവുന്നതുമാണ. എന്നാൽ ദോഷമില്ലെന്നൎത്ഥം.

## ൪൭

ക്രാന്തിസാമ്യം വന്നാൽ തൽകാലചന്ദ്രനെക്കൊണ്ടു ദോഷമദ്ധ്യം എത്ര നാഴികക്കെന്നറിയാൻ പറയുന്നു.

(൩൦) സാമ്യേ വൈധൃതപാതമധ്യമശശീ തൽകാലജ ഇതി – സാമ്യേ തൽകാലജഃ വൈധൃതപാതമധ്യമശശീ ഇത്യന്വയഃ. സ്യാ ദിതി ശേഷഃ.

ഇങ്ങിനെ ക്രാന്തിസാമ്യം വരുന്നേടത്തെക്കുള്ള തൽകാല ചന്ദ്രനെ വേറെ വെച്ച് അയനചലനവും വിക്ഷേപചലനവും അതാതിന്റെ ദിക്കിന്നു വിപരീതം സംസ്കരിച്ച് ചന്ദ്രനെ കാണുക: അപ്പോൾ ചന്ദ്രൻ നിൽക്കുന്ന നാളിൽ അത്ര നാഴിക ചെല്ലുമ്പോഴും ലാടവൈധൃത മധ്യേ മാകുന്നു.

൫൮

ഇനി ലാടവൈധൃതങ്ങളുടെ സ്പർശമോക്ഷങ്ങളറിയാൻ പറയുന്നു.

(൩൧) ബിംബയോഗാർദ്ധാൽ “നിനമൈ” “ന്തരൈ”മപി ഹതാ ദ്യോരാപ്തമിനാക്കയോഃ. സ്പൃഷ്ടമിതി— “നിനമൈഃ”, “നതൈഃ” അപി ഹതാൽ ബിംബയോ ര്യോഗാർദ്ധാൽ ഹാരാപ്തം ഇനാക്കയോ സ്പൃഷ്ടമിത്യന്വയഃ. കല്പ്യ മിതി ശേഷഃ.

ഇവിടെ ദോഷമധ്യം വരുന്നേടത്തേക്കുണ്ടാക്കിയ ബിംബയോഗാർദ്ധം രണ്ടേടത്തു വെച്ച്, ഒന്നിനെ “നിനമം” എന്ന വ്യാഠ കൊണ്ടും, മറ്റേതിനെ “നിതം” എന്ന നാഠ കൊണ്ടും പെരുക്കി, ദോഷമധ്യം വരുന്നേടത്തേക്ക ഉണ്ടാക്കിയ ഹാരകം കൊണ്ടു തന്നെ ഹരിക്കണം. അയനചലനവും വിക്ഷേപചലനവും സംസ്കരിച്ചിരിക്കുന്ന മധ്യകാല ചന്ദ്രനേയും, മധ്യകാലസായനാർക്കനേയും ഇവരണ്ടു ദിക്കിൽ വെച്ച്, മേൽ പ്രകാരം ഹരിച്ചു കിട്ടിയ ഫലത്തെ ഒരു ചന്ദ്രനിൽ നിന്നും ആദിത്യനിൽ നിന്നും കളയുകയും, മറ്റേ ചന്ദ്രനിലും ആദിത്യനിലും കൂട്ടുകയും വേണം. ഹാരകംകൊണ്ടു ഹരിച്ചു കിട്ടുന്ന ഫലം ഇലിയാണെന്നു മുമ്പു പറഞ്ഞിട്ടും ഉണ്ടല്ലൊ.

൫൯

(൩൨) ക്രാന്ത്യുദ്ഗുണൈ നതയോ രപി തഥാ നീതാ തയോ രന്തരെ ബിംബൈക്യാർദ്ധസമേ ഇ തത്രവിധു രൊഷാന്തിമാദിസ്ഥിതാ വിതി— ത

യോഃ ക്രാന്തിഗുണൌ അപി തഥാ, നിതപാതയോഃ അന്തഃ, തൌ ഇ ബിംബൈക്യാർദ്ധസമൌ തൽക്ഷണവിധൂ ദോഷാന്തിമാദിസ്ഥിതൌ ഇത്യൂചേ. സ്യാതാമിതി ശേഷഃ.

അവിടെ ഫലം വാങ്ങിയിരിക്കുന്ന ചന്ദ്രാദിത്യന്മാരിൽ നിന്നു മുൻപറഞ്ഞതു പോലെതന്നെ സ്ഫുടക്രാന്തികൾ വരുത്തി അവ തമ്മിൽ അന്തരിച്ചാൽ ആ ക്രാന്ത്യന്തരം ബിംബയോഗാർദ്ധത്തോടു സമമായി വരും. അങ്ങിനെ സമമായി വന്നില്ലെങ്കിൽ, ആ ക്രാന്ത്യന്തരവും ബിംബയോഗാർദ്ധവും തമ്മിൽ അന്തരിച്ച്, ശേഷമുള്ളതിനേയും രണ്ടേടത്തു വെച്ച്, മുൻപറഞ്ഞപ്രകാരം "നിനഭ"നെക്കൊണ്ടും, "നീതന"നെക്കൊണ്ടും പെരുക്കി ഹാരകംകൊണ്ടു ഹരിക്കണം. ബിംബയോഗാർദ്ധത്തിനേക്കാൾ ക്രാന്ത്യന്തരം കുറയുമെങ്കിൽ ഹരിച്ച ഫലം ആദിത്യചന്ദ്രന്മാരിൽ നിന്നു വാങ്ങുകയും, ക്രാന്ത്യന്തരം ഏറുമെങ്കിൽ കൂട്ടുകയും ആണു വേണ്ടതു്. പിന്നേയും ആദിത്യചന്ദ്രന്മാർ രണ്ടിന്നും ക്രാന്തികൾ വരുത്തുക. അപ്പോഴും സമമായില്ലെങ്കിൽ പിന്നേയും വരുത്തുക. ഇങ്ങിനെ ക്രാന്ത്യന്തരവും ബിംബയോഗാർദ്ധവും സമമായി വരുന്നതു വരെ ക്രിയ ചെയ്യേണ്ടതാകുന്നു. ഇങ്ങിനെ ക്രിയ ചെയ്തു അവ രണ്ടും സമമായി വന്നാൽ, പിന്നെ തൽക്കാലചന്ദ്രനെ വെച്ച് അയനചലനവും വിക്ഷേപചലനവും ദിക്കിന്നു വിപരീതമായി സംസ്കരിച്ചു നാളുകണ്ടാൽ, ആ ചന്ദ്രൻ നിൽക്കുന്ന നാളിൽ അത്ര നാഴിക ചെല്ലുമ്പോൾ ലാടവൈധൃതദോഷത്തിന്റെ ആരംഭമാകുന്നു. ഫലം കൂട്ടിയിരിക്കുന്ന ചന്ദ്രാദിത്യന്മാരെക്കൊണ്ടു ഇപ്രകാരം ക്രിയ ചെയ്താൽ ദോഷാവസാനവും വരുത്താം. പക്ഷെ, ഇവിടെ ക്രാന്ത്യന്തരം ബിംബയോഗാർദ്ധത്തേക്കാൾ കുറയുമെങ്കിൽ, ഹാരകംകൊണ്ടു ഹരിച്ചുണ്ടാവുന്ന ഫലം ചന്ദ്രാദിത്യന്മാരിൽ കൂട്ടുകയാണുവേണ്ടതു്, ഏറുമെങ്കിൽ

ചന്ദ്രാദിത്യന്മാരിൽ നിന്നു കളയുകയാണു വേണ്ടതെന്നുള്ള ഭേദത്തെ ധരിക്കുകയും വേണം. മററു ക്രിയകൊന്നും വ്യത്യാസവുമില്ല. ഇങ്ങിനെ ക്രിയ ചെയ്തു ആ ക്രാന്ത്യന്തരവും ബിംബയോഗാർദ്ധവും സമമായി വന്നാൽ, തൽക്കാലചന്ദ്രനിൽ മുൻപറഞ്ഞപ്രകാരം അയനചലനവും വിക്ഷേപചലനവും വിപരീതം സംസ്കരിച്ചു നാളുകണ്ടാൽ ആ ചന്ദ്രൻ നിൽക്കുന്ന നാളിൽ അത്ര നാഴിക ചെല്ലുമ്പോൾ ദോഷാവസാനവുമാകുന്നു.

ഇവിടെ ഒരു നാളിന്റെ ഒടുക്കത്തേക്കു വെച്ച ക്രാന്തികൾ വരുത്തുമ്പോൾ മുമ്പിലത്തെ ക്രാന്തിക്കു തന്നെ ക്രാന്തിസാമ്യം വന്നുവെങ്കിൽ, അവിടെ സ്പർശമോക്ഷങ്ങൾ വരുത്തുവാൻ ആ നാളിന്റെ ആദിയിലേക്കു വരുത്തിയ ക്രാന്ത്യന്തരവും, പിന്നത്തെ നാളിന്റെ ഒടുവിലേക്കു വരുത്തിയ ക്രാന്ത്യന്തരവും തമ്മിൽ കൂട്ടിട്ടാണു ഹാരകമെന്നും, "നിത"വും "ആനന്ദ"വും കൂട്ടിച്ചതാണു രണ്ടിനും ഗുണകാരമെന്നും ഭേദവുമുണ്ടു.

പിന്നെ സ്പർശമോക്ഷങ്ങളിലെ ക്രാന്തികൾ വരുത്തുവാൻ ചന്ദ്രാദിത്യന്മാരെ നീക്കി ക്രിയ ചെയ്യുമ്പോൾ, ക്രാന്ത്യന്തരവും ബിംബയോഗാർദ്ധവും സമമായി വരാ മുമ്പു രണ്ടിന്റെയും പദം ഒന്നായിവന്നാൽ അവിടെ സ്പർശമോക്ഷങ്ങൾ ഇല്ലെന്നും അറിയണം. ലാടവൈധൃതമദ്ധ്യവും, സ്പർശമോക്ഷങ്ങളും തട്ടുന്ന നാളുകൾ മുഹൂർത്തത്തിന്നു വർജ്ജ്യങ്ങളാകുന്നു.

ലാടവൈധൃതഖണ്ഡം കഴിഞ്ഞു.

## ൭. മൌഢ്യബന്ധം.

### ൧൨൨

ഇനി പാട് (മൌഢ്യം) ഗണിപ്പാൻ പറയുന്നു. സൂൎയ്യനും ചന്ദ്രനും ചന്ദ്രാദികളിൽ ഏതെങ്കിലും ഒരു ഗ്രഹവും തമ്മിൽ ൧൨-ാം പാദയിൽ പറയുന്ന പ്രകാരം അടുത്തു വരുമ്പോഴാണ മൌഢ്യം ഉണ്ടാകുമെന്നു ഊഹിക്കേണ്ടതു്. ഇനി ക്രിയ പറയുന്നു.

(൧൩൫) ഖേടാർക്ക: ദ്യൂദയേ കൃതായനലവൌ കാൎയ്യൌ വിധി—ത്രയേ ണാനാഡ്യ: ഭുജേ ദൃക് ശൈലൌ.

മേൽപ്രകാരം ഊഹിച്ചു കണ്ട ദിവസത്തെ സൂൎയ്യോദയത്തിന്നു ഇഷ്ടഗ്രഹത്തെയും ആദിത്യനെയും ഗണിച്ചുകൊണ്ടുണ്ടാക്കി രണ്ടു സ്ഫുടങ്ങളിലും ദൃഗ്ഗണനം *സംസ്കരിക്കണം. കുജഗുരുമന്ദന്മാരുടെ സ്ഫുടങ്ങളാകുമ്പോൾ, ൧൨-ാം പാദയിൽ പറഞ്ഞിട്ടുള്ളപ്രകാരം, മൂന്നാമത്തെ മന്ദഫലം സംസ്കരിച്ചു മന്ദസ്ഫുടത്തെ കളയാതെ സൂക്ഷിച്ചു വെക്കണം. ചെയ്തിട്ടുള്ള ഒരു ശീഘ്രസ്ഫുടം കൎക്ക്യാദിയോ മകരാദിയോ എന്നു ധരിക്കുകയും, ആ ഭുജാഫലം കളയാതെ സൂക്ഷിക്കുകയും ചെയ്യുന്നതു ഒരു ജാതി അന്യ ഗ്രഹങ്ങൾക്കും ആവശ്യമാകുന്നു

### ൧൨൩

(൧൩൬) ഇനേ ല്പേ സ്ഥക ഇഷി. ക്രമേണാനാഡ്യ:. കാൎയ്യൌ ഖേടൌ ഇത്യസ്താപി അവാപ്തയേ.

ഇവിടെ സൂൎയ്യസ്ഫുടം ഗ്രഹസ്ഫുടത്തെക്കാൾ ചെറുതാകുമ്പോൾ സ്ഫുടങ്ങൾ രണ്ടും സൂൎയ്യാസ്തമയത്തിങ്കലേയ്ക്കാണ ഉണ്ടാക്കേണ്ടതു്.

* ദൃഗ്ഗണനം ൧൨-ാം പാദ മുതൽക്കു നോക്കുക.

൧൪൫

ഇനി പാതന്മാരെ പറയുന്നു.

(൧൭) പാതാംശാഃ "പ്രി", "യ", "ഭേ", "ഗ", "ണാ", "നരമ്മാതാ ഭൈമാ ഭിമി—"നര" ഹതാഃ "പ്രിമ്" "യമ്മ "ഭേ" "ഗമ്" "ണാ" ഭൈമാൽ പാതാംശാ ഇത്യനുക്താഃ. സ്ഫുടിമി ഭൌമേഃ.

"പ്രി" "യ" "ഭേ" "ഗ" "ണ" ഇങ്ങിനെ ഓരോ അക്ഷരം തിയതിയെന്നു കല്പിച്ചുവെച്ച് അവയെ "നരൻ" എന്നു ൧൦-ൽ പെരുക്കി കയറവുവാനുണ്ടെങ്കിൽ രാശിയിൽ കയറുക: എന്നാൽ അവ ക്ഷ ഇടങ്ങിയുള്ള പാതന്മാരായി വരും. ചൊവ്വയ്ക്കു "പ്രി" എന്ന ൨-ം. ബുധന്നു "യ" എന്ന ൧-ം, വ്യാഴത്തിന്നു "ഭേ" എന്ന ൪-ം, ശുക്രന്നു "ഗ" എന്ന ൩-ം, ശനിയ്ക്കു "ണ" എന്ന ൫ ആകുന്നു. അവയെ ൧൦-ൽ പെരുക്കിയാൽ ചൊവ്വയ്ക്കു "നായകഃ" എന്നും, ബുധന്നു "കനത്തുഃ" എന്നും, വ്യാഴത്തിന്നു "അച്ചുതഃ" എന്നും, ശുക്രന്നു "ജ്ഞാനശ്രീഃ" എന്നും, ശനിയ്ക്കു "നകലഃ" എന്നും തിയതി ആദിയായിട്ടു വരും. ഇവ സൂക്ഷ്മങ്ങളുമാകുന്നു. ഈ പാതന്മാർക്കു കാലാന്തരത്തിൽ വ്യത്യാസം വരുന്നതാണെങ്കിലും ആ വ്യത്യാസം വളരെ ചെറുതാകയാൽ ചിന്തിയ്ക്കാറില്ല.

൧൪൬

(൧൮) വിധോഃ പന്നഗ ഇതി.

ചന്ദ്രന്റെ പാതൻ രാഹുവാണെന്നു താല്പര്യം.

൧൪൭

ഇനി വിക്ഷേപസ്ഥാനത്തെപ്പറയുന്നു

(൧൯) ചന്ദ്രാദീനാം മദ്ധ്യേ ദ്രുഫലം കൃത്വാ ഇതി—

ചണ്ഡാളികൾക്കു തന്റെ മദ്ധ്യമത്തിൽ തന്റെ മന്ദജ്യാ ഫലം സംസ്കരിച്ചു 'മന്ദസ്ഫുട'മുണ്ടാക്കണമെന്നർത്ഥം. ഇ

വിടെ ചന്ദ്രന്റെ മന്ദസ്ഫുടം തന്റെ സ്ഫുടം തന്നെയാകുന്നു. കുജൻ, വ്യാഴം, ശനി എന്നീ മൂന്നു ഗ്രഹങ്ങൾക്കും സ്ഫുടിപ്പാൻ നാലു ക്രിയ ഉള്ളതിൽ മൂന്നാമത്തെ ക്രിയക്കു മന്ദജ്യാവു സംസ്കരിച്ചതാണു അവയുടെ മന്ദസ്ഫുടങ്ങൾ.

'ഉപാന്ത്യസ്ഫുടമാരേഡ്യമന്ദാനാം സ്യാൽ മൃദുസ്ഫുടം,'

എന്ന വചനവുമുണ്ടു. പിന്നെ ബുധനും ശുക്രനും അതാതിന്റെ ശീഘ്രോച്ചം രണ്ടെടത്തു വെച്ചു, ഒന്നിൽ നിന്നു തന്റെ മന്ദോച്ചം വാങ്ങി മന്ദജ്യാവുകൊണ്ടു മറ്റേതിൽ സംസ്കരിക്കണം. അതാണു ബുധശുക്രന്മാരുടെ മന്ദസ്ഫുടങ്ങൾ.

'ശുക്രജ്ഞയോ സ്വശീഘ്രോച്ചം സ്വമന്ദഫലസംസ്കൃതം,'

എന്നു വചനവുമുണ്ടു.

## ൧൪൨

(൧൫) സ്വപാതോനിതാൽ ഉദി.

അതാതിന്റെ മന്ദസ്ഫുടത്തിൽ നിന്നു അതാതിന്റെ പാതനെ വാങ്ങണം.

## ൧൪൩

(൧൫) നിതാൽ ചാന്ദ്രജ്ഞാത "ധിമ" "ഗിമ" "ശൂമ" "തമ" "ളമ" "വമ" ക്ഷുണ്ണാൽ "നയാ" പ്താഃ ക്രമാദിതി.

പാതനെ വാങ്ങിയ മന്ദസ്ഫുടത്തിൽ നിന്നു ഇലാമേഷാദി സൂക്ഷ്മമുള്ള ചന്ദ്രന്റെ ദക്കിലെ ജ്യാവു കൊള്ളണം. ഇവിടെ എല്ലാ ഗ്രഹത്തിനും ചന്ദ്രജ്യാവു തന്നെയാണു കൊള്ളേണ്ടതു. "ധി" "ഗി" "ശൂ" "ത" "ള" "വ" എന്നോരോരോ അക്ഷരം ക്രമേണ ചന്ദ്രൻ തുടങ്ങിയ ഓരോ ഗ്രഹത്തിന്റെയും ഗുണകാരങ്ങളാകുന്നു. മേൽപ്രകാരം അതാതു ഗ്രഹത്തിനു വരുത്തിയ ചന്ദ്രജ്യാവുകളെ അതാതിന്റെ ഗുണ

കാരം കൊണ്ടു പെരുക്കി ൧൦-ൽ ഹരിക്കണം; അപ്പോൾ കിട്ടുന്ന ഫലങ്ങൾ അതാതു ഗ്രഹത്തിന്റെ 'മദ്ധ്യവിക്ഷേപ'ങ്ങളാകുന്നു.

൧൩൦

ഇനി ഈ മദ്ധ്യവിക്ഷേപങ്ങളെ സ്ഫുടിപ്പാൻ പറയുന്നു.

(൧൧) ദേക്ക്യണാദിഗതാന്ത്യകേന്ദ്രനിജജ്യാഖണ്ഡയുക്തൈരാനിജ "സ്പഷ്ടാംശൈ"ർഗ്ഗുണിതാ "ഗിരംബു" വിഹൃതാ വിക്ഷേപലിപ്താഃ സ്ഫുടാഃ ഇതി— ...

ഇവിടെ ൧൨൩-ാം പാരയിൽ പറഞ്ഞപ്രകാരം സ്ഥക്ഷിപ്പിട്ടുള്ള ശീഘ്രജ്യാവന്തരത്തെ "സ്പഷ്ടാംശ" എന്ന ഗുണകാരത്തിൽ വെച്ചു അതിൽ സംസ്കരിക്കണം. ജ്യാവന്തരം കർക്ക്യാദിയാണെങ്കിൽ സ്പഷ്ടാംശത്തിൽ കൂട്ടുകയും, മകരാദിയാണെങ്കിൽ കളകയുമാണ വേണ്ടതു്. അവിടെ ജ്യാവ് ഒന്നും പോരായ്കയാൽ ആദ്യത്തെ ജ്യാവന്തരമാണ ജ്യാവന്തരമെന്നു വെച്ചു സംസ്കരിക്കേണ്ടതു്. അതിനെ ജ്യാവന്തരം സംസ്കരിച്ച "സ്പഷ്ടാംശ"കൊണ്ടു അതാതു ഗ്രഹത്തിന്റെ മദ്ധ്യവിക്ഷേപലിപ്തകളെ പെരുക്കി "ഗിരംബു" എന്ന സംഖ്യ കൊണ്ടു ഹരിക്കണം. ഈ ഫലം അതാതു ഗ്രഹത്തിന്റെ സ്ഫുടവിക്ഷേപമായി വരും. ചന്ദ്രനു മാത്രം ഈ ക്രിയ വേണ്ട. മദ്ധ്യവിക്ഷേപം തന്നെയാണ ചന്ദ്രന്റെ സ്ഫുടവിക്ഷേപവും. മന്ദസ്ഫുടത്തിൽ നിന്നു പാതത്തെ വാങ്ങിയാൽ ശേഷത്തിന്റെ ദിക്കുപോലെയാണ സ്ഫുടവിക്ഷേപത്തിന്റെ ഉത്തരദക്ഷിണദിക്കെന്നു അറിഞ്ഞുകൊൾക.

൧൩൧

ഇനി 'പലഭാ' സംസ്കാരത്തെ പറയുന്നു.

(൧൨) വിക്ഷേപം പലഭാഗഹതം "ത്രിജ്യ" ഹൃതം കർണ്ണാൽ ഗ്രഹെ ഇ
ഭി—പലഭാഗഹതം "ത്രിജ്യ" ഹൃതം വിക്ഷേപം ഗ്രഹെ കർണ്ണാൽ ഇത്യനന്തരം.

സ്വദേശ 'പലാംഗുല'ത്തെ വെച്ച് * വിക്ഷേപംകൊ
ണ്ടു ഗുണിച്ചും ചുവട്ടം (ശാംഗുലവ്യാംഗുലങ്ങളെ) പെരുക്കി ചുവ
ട്ടിലെ സ്ഥാനം ൬൦-ൽ കയറ്റി ഗുണിച്ചിലെ സ്ഥാനം "ത്രി
ജ്യം" എന്ന ൮൨-ൽ ഹരിക്കണം: കിട്ടുന്ന ഫലം ഇലികളാ
കുന്നു. ഈ ഇലികളെ വിക്ഷേപത്തിന്റെ ദിക്കുപോലെ ഋ
ണധനമായി ഇഷ്ടഗ്രഹത്തിന്റെ ഇലിയിൽ സംസ്കരിക്കണം.
വിക്ഷേപം ഒരിക്കൽ കൂടി ആവശ്യമുള്ളതിനാൽ കളയാതെ
സൂക്ഷിക്കുകയും വേണം.



൮൮.

(൧൩) അസ്തേ യദി വ്യസ്തമിതി.

അസ്തമനത്തിനുവേണ്ടിയാണ് ഗണിക്കുന്നതെങ്കിൽ ഈ
വിക്ഷേപം സംസ്കരിക്കുന്നതു അതിന്റെ ദിക്കിന്നു വിപരീ
തമായിട്ടു വേണ്ടതാകുന്നു. വിക്ഷേപം മേഷാദി എങ്കിൽ കൂ
ട്ടുകയും തുലാദി എങ്കിൽ കുറക്കുകയുമെന്നു സാരം:

൮൯.

(൧൪) തത്ര പൃഥക് ത്രിരാശിരഹിതാൽ ദീർഘാ പരമാ ഭാഗിതാ.
(൧൫) ക്ഷേപഘ്നാ വികലാ ഇതി.

പലമേറ്റ സംസ്കരിച്ചിരിക്കുന്ന ഗ്രഹത്തെ വേറെ വെ
ച്ച്, അതിൽ നിന്നു മൂന്നു രാശി വാങ്ങി, ഋണധനം നോ
ക്കിയിരിക്കുകയുമൊന്നു രാജകന്യ എന്നു തുടങ്ങി നവാനപായ
എന്നവസാനിക്കുന്ന ക്രാന്തിചാപം * കൊള്ളുക: പിന്നെ
ഈ ക്രാന്തിയെ ൬൦-ൽ കയറ്റി സ്ഫുടവിക്ഷേപം കൊ

* സ്വദേശപലാംഗുലം ൧൮൪-ാം പാറ നോക്കുക.
* ക്രാന്തിചാപം ൧൮൫-ാംപാറ നോക്കുക.

ണ്ടു അതിന്റെ ചുവട്ടും മുകളും സ്ഥാനങ്ങളായ ഇലിയേയും നയേയും പെരുക്കി ചുവട്ടിലെ സ്ഥാനം ൬൦–ൽ കയററിയാൽ മുകളിലെ സ്ഥാനം വിലിയാകുന്നു. അതിനെ ഒരിക്കൽ കൂട്ടി ൬൦–ൽ കയററി ഇലിയാക്കുക: ചുവട്ടിലെ രണ്ടു സ്ഥാനങ്ങളും അധോധിക്യം കൂട്ടി കളയുകയും ചെയ്യൂ. ആ ഇലികൾക്കു 'ദൎശനഫലം' എന്നു പേർ. ഇതിന്നു 'ദൃക്ഫലം' എന്നും പറയും. ഇവിടെ ക്രാന്തിചാപത്തെ ൬൦–ൽ കയററാതെ തന്നെ വിക്ഷേപംകൊണ്ടു പെരുക്കി "ജ്ഞാനതുംഗ"നെ (൩,൬൦൦) കൊണ്ടു ഹരിച്ചാലും ദൎശനഫലം കിട്ടുന്നതാകുന്നു.

### ൧൪൮

(൧൩.) ധനൎണ്ണമനയോൎദൃക്സാമ്യേതരേ ക്രമാദിതി.

ക്രാന്തിചാപവും വിക്ഷേപവും ദിക്കൊന്നാണെങ്കിൽ ദൎശനഫലം ധനമാകുന്നു; ദിക്കൊന്നല്ലെങ്കിൽ ഋണവുമാകുന്നു. അസ്തമനത്തിന്നായാലും ദൎശനഫലത്തിന്റെ ഋണധനം ഇതുപോലെതന്നേയാണെന്നും ധരിച്ചുകൊൾക. പിന്നെ ഋണധനത്തിന്നു തക്കവണ്ണം ദൎശനഫലം ഗ്രഹത്തിന്റെ ഇലിയിൽ സംസ്കരിക്കുകയും ചെയ്യുക.

### ൧൪൯

ഇനി കാലലഗ്നം വരുത്തുവാൻ പറയുന്നു.

(൧൩.) കൎയ്യാൽ തൽഗ്രഹസൂൎയ്യയോഃ സ്വചരകലാപ്രാണാന്തരം ചോഭയേ ഇതി.

ദൎശനഫലം സംസ്കരിച്ചിരിക്കുന്ന ഗ്രഹത്തേയും ആദിത്യനേയും കണ്ടു വെച്ചു, രണ്ടിൽ നിന്നും സ്വദേശചരവും പ്രാണകലാന്തരവും * കൊണ്ടു അളുകളിൽ തന്നെ ദിക്കിന്നു തക്കവണ്ണം സംസ്കരിക്കണം. ചരത്തിന്റെ ഋണധനം മേ

* പ്രാണകലാന്തരം ൧൭൪-ാംപാരം നോക്കുക.

ഷഡ്ഗുലാദികളായാകുന്നു. പ്രാണകലാന്തരത്തിന്നു ആദ്യം മൂന്നു രാശി മാത്രം ഋണം, പിന്നെ മൂന്നു രാശി മുഴുവം ധനം, പിന്നേയും മൂന്നു രാശി ഋണവും, പിന്നേയും മൂന്നു രാശി ധനവും ഇങ്ങിനെയാകുന്ന് ഇരിക്കുന്നും അറിഞ്ഞുകൊൾക.

സവ്വത്ര യുഗ്മൌജപാദക്രമേണ
ധനർണ്ണതാ പ്രാണകലാന്തരസ്യ

എന്നുണ്ട്.

൫൩൬

അസ്തമനത്തിന്നു ഗണിക്കുമ്പോൾ ചരസംസ്കാരത്തിന്നു ഒരു വ്യത്യാസമുണ്ടു. അതിനെ പറയുന്നു.

(ശ്ലോ.) വ്യസ്തം ചാസ്തമയേ ചരമിതി.

ഗണിക്കുന്നതു അസ്തമനത്തിനുവേണ്ടിയാണെങ്കിൽ ചരം ഇരിക്കുന്ന വിപരീതമായിട്ടാണു സംസ്കരിക്കേണ്ടതെന്നു താല്പര്യം.

൫൩൭

ഈ കാലലഗ്നങ്ങളെക്കൊണ്ടു മൌഢ്യം ഉണ്ടോ ഇല്ലയോ എന്നറിയാൻ പറയുന്നു.

(ശ്ലോ.) തയോരന്തരാംശകൈരല്പധികൈ "ശ്രേയഃ" "സേവ്യാ" "ഗയാ" "പരയാ" "ധന" "മയാ" ന്നസ്തോദയം യാന്ത്യമീ ഇതി—തയോരന്തരാംശകൈ "ശ്രേയ" "സേവ്യാ" "ഗയാ" "പരയാ" "ധന" "മയാ"ൾ അല്പെ അധികെ അമീ അസ്തോദയം യാന്തി ഇത്യന്വയഃ.

പിന്നെ ആ ഇഷ്ടഗ്രഹത്തിന്റേയും ആദിത്യന്റേയും കാലലഗ്നങ്ങൾ തമ്മിൽ അന്തരിച്ചാൽ ശേഷിക്കുന്ന തിയ്യതികൾ ക്രമേണ "ശ്രേയഃ" "സേവ്യ" "ഗയാ" "പരയാ" "ധന" "മയാ" എന്നീ സംഖ്യകളിൽ കുറയുമെങ്കിൽ ക്രമേണ ചന്ദ്രാദിഗ്രഹങ്ങൾക്കു മൌഢ്യമുണ്ടെന്നും, അതിലധികമുണ്ടെങ്കിൽ മൌഢ്യമില്ലെന്നും അറിഞ്ഞുകൊൾക. "ശ്രേയ" "സേവ്യ" എന്നു ഇങ്ങിനെപ്പറഞ്ഞ സംഖ്യകളെല്ലാം തിയ്യതികളാണെന്നു അറികയും വേണം.

മൌഢ്യഖണ്ഡം കഴിഞ്ഞു.

# ൭ സൂൎയ്യച്ഛായാപ്രകരണം

---

## ൧൩൭

'ഇന്ന സമയത്തെക്ക എത്ര അടിച്ഛായ എന്ന അറിയേണ്ടതിന്ന "ക്രമച്ഛായ" എന്നും, ഇത്ര അടിയാകുമ്പോൾ ഇന്ന സമയമെന്നറിയുന്നതിന്ന "വിപരീതച്ഛായ" എന്നും പറയുന്നു. സൂൎയ്യന്റെയും ചന്ദ്രന്റെയും ച്ഛായാഗണിതത്തിൽ വളരെ വ്യത്യാസമുള്ളതിനാൽ രണ്ടും വേറെത്തന്നെയാണ പറയുന്നത്. ആദ്യം സൂൎയ്യന്റെ ക്രമച്ഛായ ഗണിക്കാൻ പറയുന്നു.

(൩൮) ഛായായാ ഗണനേ കൃതായനാൎക്കാൽ സ്വദേശപലമൌൎവ്വീ ചരം ചാന്ദ്രീയാ പലസായകം ത്രിഗുണാൽ അന്ത്യാൽ ദ്യുജീവാപൂൎവ്വം ഇതി — ഛായായാ ഗണനേ തത്ര കൃതായനാൎക്കാൽ അപമമൌൎവ്വീ ചരം ച ദ്യുജീവാപൂൎവ്വം അപമസായകം ത്രിഗുണാൽ അന്ത്യാൽ ഇത്യാദയഃ.

ഇഷ്ടദിവസത്തെ സൂൎയ്യോദയത്തിന്ന മുമ്പെകൊണ്ടു സൂൎയ്യസ്ഫുടത്തെ ഉണ്ടാക്കിയതിന്നെ ഇഷ്ടനാഴികയ്ക്ക തൽകാലിക്കണം. ഉച്ചക്കശേഷമാണ ഇഷ്ടസമയമെങ്കിൽ സൂൎയ്യന്റെ അസ്തമനത്തിന്ന സൂൎയ്യസ്ഫുടമുണ്ടാക്കി ഇഷ്ടസമയത്തെക്ക കിഴിച്ചു നീക്കി തൽകാലിക്കുകയും വേണം. ഇങ്ങിനെ തൽകാലിച്ചിട്ടുള്ള ആദിത്യനിൽ അയനം സംസ്കരിച്ച്, ഇലാമേഷാദി സ്വക്ഷിച്ചു ഉള്ള സ്വദേശചരവും "പുനഃ" "മുനിഃ" എന്നു ഉള്ളതിലുള്ള അപമബാണവും (൨൭൦) കൊള്ളണം. ചരജ്യാവ് തെ ദിക്കിൽ വെച്ചുകൊള്ളുക. പിന്നെ "ജലവേഗം" എന്ന ത്രിജ്യായനിളത്തിൽ വെച്ച് അതിൽനിന്നു അപമബാണം വാങ്ങുക: ശിഷ്ടം 'ദ്യുജ്യ'ദിനജ്യാവ് ആകുന്നു. അപമബാണം ഇലാദിയായാലും മേഷാദിയായാലും "ജലവേഗ"ത്തിങ്കൽ നിന്ന കളയുകയാണ വേണ്ടതെന്നും അറിയണം.

## ൧൫൯

(൩൪) യാമൈതെഷ്വർഘടികാഖ്യാ "സൂരു" ഹതാ ഇതി-യാമൈതെഷ്വർഘടികാഃ "ഖന" ഹതാഃ ഖ്യാഃ ഇത്യന്വയഃ. സൂരിതി ഷഷ്ഠീ.

ഉച്ചയ്ക്കു മുമ്പാണെങ്കിൽ, ഉദയം മുതൽ ഇഷ്ടസമയം വരെയുള്ള നാഴികകളേയും വിനാഴികകളേയും വെച്ച്, "ഖന" എന്ന ൩൦ കൊണ്ടു ഫോട്ടും മുകളിൽ പെരുക്കണം; എന്നാൽ നാഴികകൾ തിയതിയായിട്ടും, വിനാഴികകൾ ഇലിയായിട്ടും വരും. ഈ ഇലികളെ ൬൦ലും, തിയതികളെ ൩൦ലും കയറ്റുവാനുണ്ടെങ്കിൽ കയററി, അതാതു സ്ഥാനങ്ങളിലാക്കി വെക്കുകയും ചെയ്യു. ഉച്ചതിരിഞ്ഞിട്ടാണ ഇഷ്ടസമയമെങ്കിൽ ഇഷ്ടസമയം മുതൽ അസ്തമനം വരെയുള്ള നാഴികവിനാഴികകളാണ വെച്ച് ൩൦-ൽ പെരുക്കേണ്ടതെന്നു ധരിക്കുകയും വേണം.

## ൧൬൦

(൩൫) കുജാ ചരം തദ്ധനുരര്യ്യാംശ്യൈകൃതിരാവചാൽ ചാപ്ഗുണാദ്ധ്യ്യാ വ്യാസദ്ദിവാഹതാ.

(൩൬) ശേഷഃ സ്വീയഹരോദ്ധൃതാ ദിനകൃതഃ ഇതി—ഭേദ്യു ചരം കുജാ തദ്ധനുര്‍ജ്യാ ആദൈകൃതിരാവചാൽ ചാപ്ഗുണാദ്ധ്യാവാ വ്യാസദ്ദിവാഹതാ സ്വീയഹരോദ്ധൃതാ ദിനകൃതഃ ശേഷഃ സ്യാൽ ഇത്യന്വയഃ.

മേൽപ്രകാരം ഇഷ്ടനാഴികവിനാഴികകളെ പെരുക്കി കയററി വെച്ചിരിക്കുന്ന സ്ഥാനത്തിൽ, മുൻപ് ഉണ്ടാക്കി വെച്ചിരിക്കുന്ന ചരം തുലാമേഷാദിക്കു തക്കവണ്ണം ധനർണ്ണമായി സംസ്കരിച്ച്, അതിൽ നിന്നു ഉണ്ടാക്കുന്ന മഹാജ്യാവു കൊള്ളുക (൨൨൨) ഈ കൊണ്ട മഹാജ്യാവ് എപ്പോഴും മേഷാദിയായിട്ടു വരികയുള്ളു. ഈ ജ്യാവിൽ മുൻ ഉണ്ടാക്കിയ ചരം സംസ്കരിക്കണം. ഈ ചരം മേഷാദിയാണെങ്കിൽ ധനമായിട്ടും, തുലാദിയാണെങ്കിൽ ഋണമായിട്ടുമാണ് മഹാജ്യാവിൽ

സംസ്കരിക്കേണ്ടതു്. പിന്നെ ഈ ചരസംസ്കൃതജ്യാവിന്നെ മുൻപ് ഉണ്ടാക്കിയ ദ്യുജ്യ കൊണ്ടു പെരുക്കി സ്വദേശഹാരകം * കൊണ്ടു ഹരിക്കണം: അപ്പോൾ കിട്ടുന്ന ഫലം സൂര്യന്റെ ക്രമച്ഛായക്കുള്ള 'മഹാശങ്കു' ആയി വരും. ഇവിടെ പറഞ്ഞ സ്വദേശഹാരകം ദേശം തോറും മാറി മാറി വരുന്നതാണ്.

൧൩൧

ഇനി ഈ മഹാശങ്കുകൊണ്ടു മഹാച്ഛായ വരുത്തി പലച്ഛായ വരുത്തുവാൻ പറയുന്നു.

(൬൫) ത്രിജ്യകാവർഗ്ഗയോർവ്വിശ്ലേഷസ്യ പദാൽതതോ "ലയ"ഹതാം ശങ്കൃത്യാപ്താം ച്ഛായാമേതി— ക്രമേണ അന്വയഃ.

ഇവിടെ ശങ്കു വേറെ വെച്ചു വർഗ്ഗിച്ചു്, ത്രിജ്യാവർഗ്ഗമായ "ഗാനംകന്ദപ്പുഷ്പക്കൽ" എന്ന നിലത്തിൽ വെച്ചു അതിൽ നിന്നു വാങ്ങി, ശേഷം മൂലിച്ചാൽ മഹാച്ഛായ വരും. പിന്നെ ആ മഹാച്ഛായയെ അർദ്ധിച്ചു "ലയം" എന്ന ൧൨ കൊണ്ടു പെരുക്കി മുൻപു വെച്ചിട്ടുള്ള ശംകുകൊണ്ടുതന്നെ ഹരിച്ചാൽ വരുന്ന ഫലം ഇഷ്ടനാഴികക്കുള്ള ഛായയാകുന്നു. ശേഷത്തെ വ്യ-ൽ പെരുക്കി ശങ്കുകൊണ്ടു തന്നെ ഹരിച്ചാൽ അംഗുലച്ഛായ കിട്ടും.

൧൩൨

ഇനി വിപരീതച്ഛായ ഗണിക്കാൻ പറയുന്നു. ഇവിടെ ആദ്യം തന്നെ ഇഷ്ടപച്ഛായയിങ്കലേക്ക ഉദയത്തിൽ നിന്നു ചെന്ന നാഴികയോ, അസ്തമനം വരെ ചെല്ലുവാനുള്ള നാഴികയോ അടിവാക്യം കൊണ്ടും മറ്റും ഏകദേശം അറിഞ്ഞു, അവിടക്ക ആദിത്യനെ തൽകാലിച്ചു്, ക്രമച്ഛായയിൽ

* സ്വദേശഹാരകം വരുത്താൻ ൧൩൦-ാം പാര നോക്കുക.

പറഞ്ഞതുപോലെ ചരവും ദ്യുജ്യയും വരുത്തിവെക്കണം. പി, ന്നിട്ട ക്രിയ ചെയ്യുന്നു.

(൧൮) പദഛായാംഗുലവൎഗ്ഗതോ "വനസുഖൈ"ൎയ്യുക്താൽ പദം ഭാ ശ്രുതിരിതി— ശ്രുതിരിത്യന്വയഃ.

ഇഷ്ടമായ അടി വെച്ച് എട്ടിൽ പെരുക്കി, അംഗുലം ഉണ്ടെങ്കിൽ അതും കൂട്ടി വൎഗ്ഗിച്ച് അതിനേയും നരശംകുവായ ൧൨ അംഗുലത്തിന്റെ വൎഗ്ഗമായ "വനസുഖം" എന്ന സംഖ്യയേയും തമ്മിൽ കൂട്ടി മൂലിക്കുക. അപ്പോൾ കിട്ടുന്ന ഫലം ഇലിയാകുന്നു. ശിഷ്ടത്തെ ൬൦-ൽ പെരുക്കി വീണ്ടും മൂലിച്ച വിലിയും കൂടി ഉണ്ടാക്കണം. അതു ഇഷ്ടപദഛായയുടെ കൎണ്ണമാകുന്നു.

## ൧൩൭

ഇനി മഹാശങ്കു വരുത്തുവാൻ പറയുന്നു:

(൧൯) ശങ്കു "ശീതസഹാസികഃ" ശ്രുതിഹൃത ഇതി— ശ്രുതിഹൃതഃ "ശീതസഹാസികഃ" ശങ്കുരിത്യന്വയഃ. ഭവതീതി ശേഷഃ.

"ശീതസഹാസികഃ" എന്ന നിമ്മത്തിൽ വെച്ച് അതിനെ ഇപ്പോഴുണ്ടാക്കിയ ഛായാകൎണ്ണംകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം ഇഷ്ടപദച്ഛായയുടെ മഹാശങ്കുവായി വരും.

## ൧൩൮

(൧൯) തസ്മാൽ സഹാരാഹതാൽ.

(൨൦) ദ്യുജ്യാഘ്നാൽ ക്രമശഃ ചരം ധനം ഋണം കൎണ്ണാൽ ഇലാജാദികമിതി— സഹാരാഹതാൽ തസ്മാൽ ദ്യുജ്യാഘ്നാൽ ചരം ക്രമശഃ ഇലാജാദികം ധനം ഋണം കൎണ്ണാൽ ഇത്യന്വയഃ.

അവിടെ ഇനി അവിശേഷം വേണ്ടി വന്നാൽ അപ്പോഴും ഈ ശങ്കുവിനു ഭേദമില്ലാത്തതുകൊണ്ടു ഈ ശങ്കുവിനെ കളയാതെ ഒരേടത്തു വെച്ചേക്കുക. ആ ശങ്കുവിനെ കണ്ടവെ

ച്ച് സ്വദേശഹാരകം കൊണ്ടു പെരുക്കി ദ്യുജ്യകൊണ്ടു ഹരിക്കണം: കിട്ടുന്ന ഫലത്തിൽ ചരം സംസ്കരിക്കയും വേണം. ഇവിടെ ചരം മേഷാദിയാണെങ്കിൽ വാങ്ങുകയും, തുലാദിയാണെങ്കിൽ കൂട്ടുകയുമാണു താനും.

൧൧൩

(ശ്ലോ) ഛായാപം വിപരീതസംസ്കൃതചരം ഗത്വാ ഗതാ വാ സ്വഋക്ഷി—വിപരീതസംസ്കൃതചരം ഛായാപം ഗത്വാ ഗതാ വാ അസ്വഋഷ്യന്തയോഃ. സ്യുരിതി ശേഷഃ.

ചരം സംസ്കരിച്ചിരിക്കുന്ന ആ ഫലത്തെ ചാപിക്കണം: *ചാപിച്ചു കിട്ടിയ ഫലത്തിൽ ചരം മുൻപറഞ്ഞതിന്നു വിപരീതമായി സംസ്കരിച്ചു നാലിൽ ഹരിച്ചാൽ കിട്ടുന്ന ഫലം വിനാഴികയാകുന്നു. അവയെ നാലിൽ കയററി നാഴികയും വരുത്തുക. ഗണിച്ചതു ഉച്ചക്കു മുൻപിലെക്കാണെങ്കിൽ അവ ഉദയം മുതൽ ഇഷ്ടപരച്ഛായാകാലത്തോളമുള്ള ചെന്ന നാഴികവിനാഴികകളാണെന്നും, ഗണിച്ചതു ഉച്ചക്കു ശേഷമാണെങ്കിൽ ഇഷ്ടപരച്ഛായാകാലം മുതൽ സൂര്യാസ്തമനത്തിന്നു ചെല്ലുവാനുള്ള നാഴികവിനാഴികകളാണെന്നും അറിയണം.

ഇങ്ങിനെ ഗണിച്ചു വന്ന നാഴികയും മുൻപ് ആദിത്യനെ തൽകാലിച്ച നാഴികയും തമ്മിൽ ഭേദമുണ്ടെങ്കിൽ ആദിത്യനെ അപ്പോൾ കിട്ടിയ നാഴികക്കു തൽക്കാലിക്കുകയും, അതിൽ നിന്നു ചരവും ക്രാന്തിജ്യയും വരുത്തി മുൻവെച്ചിരിക്കുന്ന ശങ്കുവിനെ സ്വദേശഹാരകംകൊണ്ടു പെരുക്കി ദ്യുജ്യകൊണ്ടു ഹരിക്കുകയും, അപ്പോൾ കിട്ടിയ ഫലത്തിൽ ചരം സംസ്കരിച്ച് ചാപിച്ച് ചരം വിപരീതവും സംസ്ക

* ചാപിക്കുവാൻ ൧൧൬-ാം പാറ നോക്കുക.

രിച്ച് ൬൦-ൽ ഹരിച്ച വിനാഴികയും, ൬൦—ൽ കയററി നാഴികയും ഉണ്ടാക്കുകയും വേണം. ഇങ്ങിനെ ക്രിയ ചെയ്യുണ്ടായ നാഴികയും, ആദിത്യനെതൽകാലിച്ച നാഴികയും ഒത്തുവന്നാൽ ഇഷ്ടപദച്ഛായാനാഴിക സൂക്ഷ്മമായി എന്നൎത്ഥം. സൂൎയ്യന്റെ വിപരീതച്ഛായ ഗണിക്കുന്നതു ഇങ്ങിനേയാകുന്നു.

ഇനി മദ്ധ്യാഹ്നച്ഛായൎക്കു ഇജാച്ഛായ, കോടിച്ഛായ, കോണച്ഛായ ഇങ്ങിനെ പല വിധവും ഛായാഗണിതമുണ്ട്. ഇവകളെക്കൊണ്ടു ഉപയോഗം വളരെ കുറവാകയാൽ അവയുടെ ക്രിയ ഇവിടെ പറയുന്നില്ല. അവയും ഈ പറഞ്ഞ ഗണിതപ്രകാരം തന്നെ ഗണിച്ചു വരുത്താവുന്നതുമാകുന്നു.

സൂൎയ്യച്ഛായാഖണ്ഡം കഴിഞ്ഞു.

---

## ൯. സോമച്ഛായാഖണ്ഡം.

---

### ൧൩൩

ഇനി ചന്ദ്രന്റെ ക്രമഛായ ഗണിക്കാൻ പറയുന്നു.

(൩൩) കാൎയ്യാഃ സൂൎയ്യശശാങ്കഭുജംഗഹരിണീന സ്വൽകാലജാഃ സായനാ ഇതി— സൂൎയ്യശശാങ്കഭുജംഗഹരിണാം തൽകാലജാഃ സായനാഃ കാൎയ്യാ ഇത്യന്വയഃ സ്മൃതിരിതി ശേഷഃ.

അവിടെ ഇഷ്ടദിവസം സൂൎയ്യാസ്തമനസമയത്തേക്കു ആദിത്യനേയും, ചന്ദ്രനേയും, ഭുജംഗനേയും, രാഹുവിനേയും ഒക്കെക്കൊണ്ടു ഇലിയാലിയായി ഉണ്ടാക്കി, അവനാലും ഇഷ്ടസമയത്തേക്കു തൽക്കാലിച്ച്, നാലിലും അയനം സംസ്കരിക്കണം.

### ൧൩൪

ഇനി ചന്ദ്രന്റെ ‘വിക്ഷേപം’ വരുത്തുവാൻ പറയുന്നു.

(൭൬) [illegible]

ചന്ദ്രനെ വേറെ വെച്ച് രാഹുവിനെ വാങ്ങി തുലാദിമേഷാദി അറിഞ്ഞു ഭുജകം "നതകാന" എന്നു തുടങ്ങിയുള്ള ജ്യാവു *കൊള്ളണം. ഈ ജ്യാവ രണ്ടേടത്തുവെച്ച് ഒന്നിനെ പതിൽ ഹരിച്ചു കിട്ടിയ ഫലം മറ്റേതിൽനിന്നു കളയണം. എന്നാൽ അതു ചന്ദ്രന്റെ 'വിക്ഷേപ' മായി വരും. ഈ "നതകാന്ത്യ ജ്യാവിന്റെ തുലാദിമേഷാദിയാണു വിക്ഷേപത്തിന്റേയും മിക്ക എന്നറിയുകയും വേണം.

[illegible]

ഇനി കാലലഗ്നം വരുത്തുവാൻ പറയുന്നു.

(൭൭) [illegible]

ആദിത്യനെ വേറെ രണ്ടേടത്തുവെച്ച്, രണ്ടിലും ആറു രാശി കൂട്ടി, ഒന്നിൽനിന്നു ചരവും പ്രാണകലാന്തരവും കൊണ്ട് മറ്റേതിൽ സംസ്കരിക്കുക: പിന്നെ ഇഷ്ടസമയത്തേക്കു വെച്ചുണ്ടന നാഴികവിനാഴികകളെ ആറിൽ പെരുക്കി വിനാഴികാസ്ഥാനത്തെ അറുപതിലും നാഴികാസ്ഥാനത്തെ മുപ്പതിലും കയറ്റി, വിനാഴികസ്ഥാനം ഇലിയിൽ വരുമാറ് ചരപ്രാണകലാന്തരങ്ങൾസംസ്കരിച്ചു ആദിത്യനിൽ കൂട്ടണം. എന്നാൽ അതു തൽകാലകാല ലഗ്നമായിട്ടു വരും. ഭുജകോടി ജ്യാക്കളൊക്കയും തുലാദി ധനവും മേഷാദി ഋണവു മാകുന്നു.

* നതകാന്ത്യാദിജ്യാവ് ൧൪൯-ാം പാദയിൽ കാണാം.

പ്രാണകലാന്തരം മാത്രം ഋണപദമാണെങ്കിൽ ഋണവും ധന പദമാണെങ്കിൽ ധനവുമാകുന്നു. മുൻപ് ഉണ്ടാക്കിയ വിക്ഷേപവും ഈ കാലലഗ്നവും ഒരേടത്തു സൂക്ഷിച്ചു വെക്കുക.

## ൧൧൮

ഇനി ദ്വിതീയസ്ഫുടചന്ദ്രനെ വരുത്തുവാൻ പറയുന്നു.

(൭൭) ചന്ദ്രാദ്വിത്രിമിതേംശകേപി തപനം ത്യക്ത്വാ "നരോനാഗ്നി"കം നിഘ്നാത്തദ്വയ "സ്വഘ്നഗോ"ദ്ധൃതഫലെ സ്വർണ്ണം ശിലൈകേ(?)വ്യാദിതി — ചന്ദ്രാൽ ദ്വിത്രിമിതേംശകേ അപി തപനം ത്യക്ത്വാ "നരോനാഗ്നി"കം നിഘ്നാ തദ്ദ്വയസ്വഘ്നഗോദ്ധൃതെ ശിലൈകേവ്യാന്തരാൽ ഉദ്ധൃതെ സ്വർണ്ണം കുര്യാൽ ഇത്യന്വയഃ.

അവിടെ ചന്ദ്രനെ വേറെവെച്ച് ആദിത്യനെ വാങ്ങി ശേഷം "നരോനാഗ്നി"ജ്യാവു കൊള്ളുക. പിന്നെ ഇംശമനയും വേറെ വെച്ച് മൂന്നു രാശികളുംകൂട്ടി അതിൽ നിന്നും ആദിത്യനെവാങ്ങി "നരോനാഗ്നി"ജ്യാവു തന്നെ കൊള്ളുക: ആ കൊണ്ട രണ്ടു "നരോനാഗ്നി"ജ്യാക്കളേയും തമ്മിൽ പെരുക്കി "സ്വഘ്നഗോ" എന്ന ഹാരം കൊണ്ടു ഹരിച്ചു കിട്ടിയ ഫലം ചന്ദ്രനിൽ സംസ്കരിക്കയും വേണം. "നരോനാഗ്നി"ജ്യാക്കൾ രണ്ടും ധനം ഒന്നാമതിൽ ഹരിച്ചു ഫലം ചന്ദ്രനിൽ കൂട്ടുകയും, ഋണം ഒന്നെങ്കിൽ ചന്ദ്രനിൽ നിന്നു കുറയ്ക്കുകയുമാണ് വേണ്ടതെന്നും അറിയേണം. ഈ സംസ്കാരവും കൂടി സംസ്കരിച്ചിരിക്കുന്ന ചന്ദ്രനു "ദ്വിതീയസ്ഫുടചന്ദ്രൻ" എന്നു പേർ പറയും.

## ൧൧൯

ഇനി ദൃക്ഫലസംസ്കാരത്തെ പറയുന്നു.

(൭൮) ക്ഷേപഘ്നാ ദ്വിത്രിലഗ്നദോഃഫലഹതാ "ഗ്രസത്സു" ഹൃൽ ദൃക്ഫലം ഇതി — ദ്വിത്രിലഗ്നദോഃഫലഹതാ "ഗ്രസത്സു"ഹൃൽ ക്ഷേപഃ ദൃക്ഫലം സ്യാൽ. ഇത്യന്വയഃ.

പിന്നെ ദ്വിതീയസ്ഫുടചന്ദ്രനെ വേറെ വെച്ച് മൂന്നു രാശി വാങ്ങി ഉളള "നതാനപാതജ്യാവു കൊണ്ടു, അതിനെ മുൻപ് ഉണ്ടാക്കിയ വിക്ഷേപം കൊണ്ടു പെരുക്കി "ഭൂസേതു" എന്ന നാമം കൊണ്ടു ഹരിക്കണം: കിട്ടിയ ഫലം "ദൃക്ഫലാ" ആകുന്നു.

൧൭൫

(൧൯) കൃപാ ത്രുളിതം വിധോഃ അപമഃ ക്ഷേപാന്വിതോനഃ സ്ഫുട ഇതി— ത്രുളിതം വിധോഃ കൃപാ അപമഃ ക്ഷേപാന്വിതോനഃ സ്ഫുടകാന്ത്യ ഇത്യന്വയഃ.

പിന്നെ ആ ദൃക്ഫലത്തിൽ പകുതി വേറെവെച്ച്, ആ പകുതി ദ്വിതീയ ചന്ദ്രസ്ഫുടത്തിൽ സംസ്കരിക്കുക. ദ്വിതീയചന്ദ്രസ്ഫുടത്തിൽ നിന്നു മുമ്പു കൊണ്ട "നതാനപാതജ്യാവിന്നും വിക്ഷേപത്തിന്നും ദിക്ക ഒന്നാണെങ്കിൽ ദൃക്ഫലം ദ്വിതീയസ്ഫുടചന്ദ്രനിൽ കൂട്ടുകയും, ഒന്നല്ലെങ്കിൽ കളയുകയുമാണ് വേണ്ടതു. പിന്നെ ഇങ്ങിനെ ദൃക്ഫലാർദ്ധം സംസ്കരിച്ചിരിക്കുന്ന ദ്വിതീയ സ്ഫുടചന്ദ്രനെ വേറെ വെച്ച് അതിന്റെ ഉളള അപമചാപം (ഫൺ) കൊണ്ടു അതിൽ വിക്ഷേപം സംസ്കരിച്ചാൽ അപമചാപം സ്ഫുടമായിവരും. ഇവിടെയും ഈ അപമചാപത്തിന്നും വിക്ഷേപത്തിന്നും ദിക്ക ഒന്നാണെങ്കിൽ തമ്മിൽ കൂട്ടുകയും, ഒന്നല്ലെങ്കിൽ അന്തരിക്കുകയും ആണ വേണ്ടത്. തമ്മിൽ അന്തരിക്കുമ്പോൾ വിക്ഷേപം അപമചാപത്തെക്കാൾ ആധിക്യമുണ്ടെങ്കിൽ വിക്ഷേപത്തിൽ നിന്നു അപമചാപം കളയുകയും, ശേഷമുളളതു "ക്രാന്തിചാപ"മാണെന്നു കല്പിച്ച് അതിന്റെ ദിക്കും ധരിച്ച് ഒട്ടും കളയാതെ വെക്കുകയും വേണം.

൧൭൬

ഇനി ചരവും ദ്യുജ്യയും വരുത്തുവാൻ പറയുന്നു.

(൭൮) തദ്യോഃ കോടിഭാഗനോദകമഹാജ്യാവ ചാപ്യാഖ്യകെ ഇതി— ക്രമേണ അന്വയഃ. സ്യാതാമിതി ശേഷഃ.

പിന്നെ ഇതിന്നു മുമ്പിൽ പറഞ്ഞപ്രകാരം വിക്ഷേപാസംസ്കരിച്ചിരിക്കുന്ന ക്രാന്തിചാപത്തിന്റെ ഇഷ്ടികളെ വേറെ വെച്ച്, ൬൦–ലും ഉത്തരത്തിൽ ൯൦–ലും കഴറ്റി, അതിൽ നിന്നു 'ലംബനാഭിജ്യാവ' * കൊണ്ടാൽ അതു ചരമായി വരുന്നതാകുന്നു. അതിന്റെ ഋണധനം ക്രാന്തി ചാപത്തിന്റെ ഋണധനം പോലെ യെന്നറിയുകയും വേണം. പിന്നെയും സ്ഫുടക്രാന്തി ചാപത്തെ വെച്ച് അറുപതിലും മുപ്പതിലും കഴറ്റി, അളുക്കുന്ന രാശിയിൽ നിന്നു കളഞ്ഞു ശേഷമുള്ളതിൽ നിന്നു മഹാജ്യാവു കൊണ്ടാൽ അതു 'ദ്യുജ്യാ'യായും വരുന്നതാകുന്നു. അതിന്നു ഋണധനം നോക്കുകയും വേണ്ട.

## ൧൩൬

ഇനി ഈ ചരത്തിനെ ഇഷ്ടദേശത്തേക്കാക്കുവാൻ പറയുന്നു.

(൭൯) സ്വാക്ഷജ്യാഘ്ന്യാംഗുലതാഡിത ലംബഘ്നോ ദ്യുജ്യാ 'ദിഗ്ഭേദാ' യുതമിതി— സ്വാക്ഷജ്യാംഗുലതാഡിതഃ 'ലിപ്താപാഠ'ദ്യുതഃ ചരഘ്നഃ ദ്യുജ്യഃ ഇത്യന്വയഃ സ്യാദിതി ശേഷഃ.

'ലംബനാഭിജ്യാവ്' അറുപതുള്ളതാകകൊണ്ടു, മേൽപറഞ്ഞതുപോലെ വരുത്തിയ ചരത്തെ വെച്ച്, അവരവരുടെ ദേശത്തേക്കുള്ള പലാംഗുലം കൊണ്ടു വ്യാകുലമാക്കിട്ടു കൊണ്ടു പെരുക്കി 'ലിപ്താപാഠ' എന്നതുകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം അവരവരുടെ ദേശത്തേക്കുള്ള ചരമായി വരും.

## ൧൩൭

ഇനി ശങ്കു വരുത്തുവാൻ പറയുന്നു.

* ലംബനാഭിജ്യാ ൯° വരെ ... പേജയിൽ കാണാം.

(൩൪) ദൃക്കന്ദുംഗ ദൃഗ്ദൃക്ഫലം ഗുതകലാപ്രാണാന്തരം കാലത സ്സുക്കോർജ്യാ മാനസംസ്കൃതാ ദിനഗുണലബ്ധാ സ്വഹാരമൌർവ്യാ— ശംകരി രി— ദൃഗ്ദൃക്ഫലം ഗുതകലാപ്രാണാന്തരം ഇന്ദും കാലതഃ ദൃക്തന്ത്ര, തജ്ജ്യാ ജ്യാ മാനസംസ്കൃതാ ദിനഗുണലബ്ധാ സ്വഹാരമൌർവ്യതാ ശംകരിത്യനു ഷംഗ്യാ ദിതി ശേഷഃ.

പിന്നെ ദൃക്ഫലാദ്യം സംസ്കരിച്ചിരിക്കുന്ന ദ്വിതീയ സ്ഫുടചന്ദ്രനിൽ ദൃക്ഫലം പകുതി വെച്ചിരിക്കുന്നതും കൂടി സംസ്കരിച്ചു്, ആ ചന്ദ്രനെ വേറെ വെച്ചു പ്രാണകലാന്തരം (ഫ.വെ) വരുത്തി, അതു ആ ചന്ദ്രനിൽ തന്നെ ഇഷ്ടായനത്തിനു തക്കവണ്ണം സംസ്കരിക്ക: ആ ചന്ദ്രനു 'സംസ്കൃതചന്ദ്രൻ' എന്നു പേർ. പിന്നെ ഈ സംസ്കൃതചന്ദ്രനെ മുമ്പേ ഉണ്ടാക്കിയ കാലലഗ്നത്തിൽ നിന്നും വാങ്ങി, തുലാമേഷാദിയും കർക്കികരാദിയും ഗ്രഹിച്ചു്, ഭുജാ മഹാജ്യാവു (ഫ.വെ) കൊണ്ടു, അതിൽ മുമ്പേ ഉണ്ടാക്കി വെച്ചിരിക്കുന്ന ചരം സംസ്കരിക്കണം. ഈ മഹാജ്യാവിന്റെയും മുൻവരുത്തിയ ചരത്തിന്റെയും തുലാമേഷാദി ഒന്നാകുന്നാകിൽ തമ്മിൽ കൂട്ടുകയും, ഒന്നല്ലായ്കിൽ അന്തരിക്കുകയും വേണ്ടു. പിന്നെ ചരസംസ്കൃതമായ മഹാജ്യാവിനെ ദ്യുജ്യകൊണ്ടു പെരുക്കി സ്വഹാരഹാരകം കൊണ്ടു ഹരിച്ചാൽ വരുന്ന ഫലം ചന്ദ്രച്ഛായക്കുള്ള മഹാശങ്കുവായി വരുന്നതാകുന്നു.

൩൫

ഇനി ഈ മഹാശങ്കുകൊണ്ടു മഹാച്ഛായ വരുത്തി; അതുകൊണ്ടു ഛായ വരുത്തുവാൻ പറയുന്നു.

(൩൫) തത്ഭുജാർദ്ധമോ കുതിശ്ച കൃതാർദ്ധലോകാഹതിഃ. ശ്രീമാം ശോഃ പരമോ മഹജ്ജ്വലിത ഗത്യംശൈഃനശംകുധ്രുതതി— തത്ഭുജാർദ്ധമോ കുതിശ്ച കൃതാർദ്ധലോകാഹതിഃ മഹജ്ജ്വലിതഗത്യം ശൈഃനശംകു ധ്രുതാ ശ്രീമാം ശോഃ പരഃ ഇത്യന്വയഃ. സ്പഷ്ടാർത്ഥം ശേഷം.

പിന്നെ ശംകുവിനെ വേറേ വെച്ചു വൎഗ്ഗിച്ച് അതിനെ ത്രിജ്യാവൎഗ്ഗമായ "ഗാനം കനൃപ്പദൎപ്പുകൽ" എന്നതിൽ നിന്നു വാങ്ങി, ശേഷത്തെ മൂലിച്ചാൽ ചന്ദ്രന്റെ മഹാച്ഛായ വരും. അതിനെ അംഗിച്ച് ൧൨ കൊണ്ടു പെരുക്കുക; പിന്നെ ചന്ദ്രഗതി ഇലിയും തിയതിയുമായി വെച്ച്, രണ്ടു സ്ഥാനത്തെയും നാലിൽ പെരുക്കി ഇലി ൬൦-ൽ കയറ്റി, അധോധികൃതങ്ങളിൽ ഹാരം കൂടി തിയതിയിൽ കൂട്ടി ആ തിയതിയെ മഹാശംകുവിൽ നിന്നും കളഞ്ഞ ശേഷംകൊണ്ടു മുമ്പു ൧൨-ൽ പെരുക്കി വെച്ചതിനെ ഹരിച്ചാൽ വരുന്ന ഫലം ഇഷ്ടകാലത്തുള്ള ചന്ദ്രച്ഛായയുടെ അടിയായി വരുന്നതാകുന്നു. ശേഷത്തെ ൬൦-ൽ പെരുക്കി മേൽപറഞ്ഞ ഹാരകം കൊണ്ടുതന്നെ ഹരിച്ചാൽ കിട്ടുന്ന ഫലം അംഗുലവുമാകുന്നു.

## ൧൦൩

ഇനി ച്ഛായ കാണുന്നതോ കാണാത്തതോ എന്നും, ചന്ദ്രൻ ഉച്ചക്കു മുമ്പോ പിമ്പോ എന്നും അറിയാൻ പറയുന്നു.

(വൃ൰) ശംകഃ സൌമ്യ ഝഷാദിഗോ യദി ശശീ ദൃശ്യാൎദ്ധഗോ നാന്യഥേ— സൌമ്യഃ ശംകുഃ ഝഷാദിഗഃ യദി ശശീ ദൃശ്യാൎദ്ധഗഃ, അന്യഥാ ഇന്ദ്യനാഗഃ സ്യാദിതി ശേഷഃ.

അവിടെ ശംകു വരുത്തുവാൻ കാലലഗ്നത്തിൽ നിന്നു സംസ്കൃതചന്ദ്രനെ വാങ്ങിയാൽ ശേഷം മിക്കു മേഷാദിയാണെങ്കിൽ അപ്പോൾ ഗണിക്കുന്ന നേരത്തു ച്ഛായ കാണുമെന്നും, തുലാദിയാണെങ്കിൽ കാണുകയില്ലെന്നും താല്പൎയ്യം.

## ൧൦൪

(വൃ൰) ശേഷോ കൎക്കിമൃഗാദിഗേ സ്വപരപൂൎവ്വാൎദ്ധോപഗ ശ്ചന്ദ്രമാ ഇതി— ക്രമേണാന്വയഃ. വേദിതി ശേഷഃ.

കാലലഗ്നത്തിൽ നിന്നു ചന്ദ്രനെ വാങ്ങിയാൽ ശേഷത്തിന്റെ മിക്കു മകരാദിയാണെങ്കിൽ ചന്ദ്രൻ ഉച്ചക്കു മുമ്പേ

യാണെന്നും, കർക്ക്യാദിയാണെങ്കിൽ ഉച്ചതിരിഞ്ഞുവെന്നും അറിയുക, ചന്ദ്രന്റെ ക്രമഛായ ഗണിക്കുക ഇങ്ങിനെയാകുന്നു.

൩൭൭

ഇനി ചന്ദ്രന്റെ വിപരീതച്ഛായ ഗണിക്കാൻ പറയുന്നു. ഇവിടെ ഇത്ര അടിയാകുമ്പോൾ ഇത്ര നാഴികയായി എന്നു ആദ്യം ഉപദേശിക്കേണ്ടതാകകൊണ്ടു ഉപദേശിപ്പാൻ ആദ്യം പറയുന്നു.

(വൃ॰) സൂര്യോദയാച്ചന്ദ്രാസ്തമയാന്തരനാഡികാ ഇതി— ക്രമേണ അന്വയഃ. സ്ഫുടിതി ശേഷഃ.

ഇവിടെ ഇഷ്ടദിവസത്തെ അസ്തമനത്തിന്നു സൂൎയ്യന്റെ സ്ഫുടം ഭുക്തികൊണ്ടുണ്ടാക്കി, അന്നത്തെ പക്കം എരട്ടിച്ചാലുണ്ടാകുന്ന സംഖ്യയോളമുള്ള നാഴികകൊണ്ടു അതിനെ സൂൎയ്യാസ്തമനത്തിങ്കൽ നിന്നു മേൽപട്ടു തൽകാലികമാക്കുകയും, ആദിത്യനിൽ ൬ രാശി കൂട്ടി ആദിത്യന്റെ അസ്തമനാൽ പരം വരുത്തുകയും വേണം.

൩൭൮

(വൃ॰) തദഗ്നോ ദ്വൃക്താംശോ ഇതി— ക്രമേണാന്വയഃ.

മേൽപറഞ്ഞപ്രകാരം തന്നെ സൂൎയ്യാസ്തമനത്തിങ്കലേക്കു ചന്ദ്രസ്ഫുടവും ഭുക്തികൊണ്ടുണ്ടാക്കി അന്നത്തെ പക്കം എരട്ടിച്ചാലുണ്ടാകുന്ന നാഴികകൊണ്ടു മേല്പട്ടു (ചന്ദ്രോദയത്തിങ്കലേക്കു) തൽകാലിച്ചു, അതിൽനിന്നു ചന്ദ്രന്റെ ഉദയാൽപൂൎവ്വവും വരുത്തണമെന്നൎത്ഥം.

൩൭൯

(വൃ॰) ഉദയാസ്തമയ മിതി ... ഇതി— ക്രമേണാന്വയഃ

ഇങ്ങിനെ ആദിത്യന്റെ അസ്തമനാൽ പരവും, ചന്ദ്രന്റെ ഉദയാൽപൂൎവ്വവുമുള്ള നാഴികകൾ വരുത്തി അവറ്റി

ൽ കൂട്ടി ആ രണ്ടു രാശികളുടെ ഇടയിലുള്ള രാശിപ്രമാണനാഴികകളും അതിൽ കൂട്ടിയാൽ അതു ആദിത്യാസ്തമനത്തിൽ നിന്നു ചന്ദ്രൻ ഉദിക്കുമ്പോഴയ്ക്കുള്ള രാച്ചെന്ന നാഴികകളായിട്ടു വരും. അവിടെ ഈ നാഴികകൾക്കു സൂക്ഷ്മത പോരായ്കയുണ്ടു്. അതുകൊണ്ടു ആ ചന്ദ്രോദയനാഴികക്കു ആദിത്യചന്ദ്രന്മാരെ തൽകാലിച്ചു് പിന്നെയും സൂര്യാസ്തമനാൽ പരവും, ചന്ദ്രോദയാൽ പൂർവ്വവും വരുത്തി ഏടെക്കുള്ള രാശിപ്രമാണനാഴികകളും കൂട്ടണം: അപ്പോഴും അതു മുമ്പേ വന്ന നാഴികകളോടു ഒത്തു വന്നില്ലയെങ്കിൽ, തൽക്കാലിച്ച നാഴികകളും ചന്ദ്രോദയനാഴികകളും ഒത്തു വരുന്നതു വരെ വീണ്ടും ഇങ്ങിനെ ക്രിയ ചെയ്യണം, അതു രണ്ടും ഒത്തുവന്നാൽ ചന്ദ്രോദയസമയത്തേക്കുള്ള രാച്ചെന്ന നാഴിക സൂക്ഷ്മമായിരിക്കുന്നതാകുന്നു. അവിടെ കറുത്ത പക്ഷത്തിൽ ചന്ദ്രൻ ഉച്ചയാകും മുമ്പേയുള്ള ക്രിയയാകുന്നു ആദ്യം പറയുന്നതു്. അവിടെ ചന്ദ്രൻ നിൽക്കുന്ന രാശിമാസത്തിലെ ആദിത്യന്റെ അഭിവാക്യംകൊണ്ടു് ചന്ദ്രനുദിക്കുമ്പോൾ തുടങ്ങീട്ടു് ഇഷ്ടപരച്ഛായയിങ്കലേക്കു ചെന്ന നാഴികകളെ ഏകദേശം അറിഞ്ഞു്, ആ നാഴികകളെ ചന്ദ്രോദയകാലനാഴികകളിൽ കൂട്ടിയാൽ ആദിത്യാസ്തമനത്തിങ്കൽനിന്നു ഇഷ്ടപരച്ഛായാകാലത്തേക്കു രാച്ചെന്ന നാഴികകൾ വരുന്നതാകുന്നു. അവിടെ കറുത്ത പക്ഷത്തിൽ ചന്ദ്രോദയവും ആദിത്യാസ്തമനവും ഒരു രാശിയിൽ തന്നേയാകുന്നു വെങ്കിൽ ആദിത്യന്റെ അസ്തമനാൽപരം വരുത്തി അതിൽ നിന്നു ചന്ദ്രന്റെ ഉദയാൽപരം വാങ്ങിയാൽ ശേഷിച്ചതു ചന്ദ്രോദയകാലനാഴികകളായി വരുമെന്നറിക.

## ൧൮൨

വെളുത്ത പക്ഷത്തിൽ ചന്ദ്രൻ ഉച്ചയാകുംമുമ്പെ ഉള്ള ക്രിയ ഇനിയത്തെ പാരയിൽ പറയുന്നതാകുന്നു. ചന്ദ്രൻ

ഉച്ചതിരിഞ്ഞാലത്തെ ക്രിയ രണ്ടു പക്ഷത്തിലും ഒരുപോലെ ആകകൊണ്ടു അതിനെയാണു ഇവിടെ പറയുന്നതു്.

(വ്യ.) ശോദ്ധ്യാഃ പ്രത്യക്കപാലെ വിധുഗ്രഹേ തു സംസ്കാരേ ഇതി— പ്രത്യക്കപാലെ ശോദ്ധ്യാഃ, ഇഹ തു വിധുഃ സംസ്കാരേ ഗ്രാഹ്യാപചയഃ. സ്യാദിതി ശേഷഃ.

ചന്ദ്രന്റെ ഉച്ചയ്ക്ക മുമ്പേയുള്ള കാലത്തിന്നു 'പ്രാക്കപാല'മെന്നും, ഉച്ചതിരിഞ്ഞാലുള്ള കാലത്തിന്നു 'പ്രത്യക്കപാല'മെന്നും പേരാകുന്നു. അവിടെ രണ്ടു പക്ഷത്തിലും ചന്ദ്രൻ ഉച്ചതിരിഞ്ഞാൽ ചന്ദ്രനിൽ കൂടി ആറു രാശി കൂട്ടണം. ചന്ദ്രനിൽ ആറു രാശി കൂട്ടുമ്പോൾ വരുന്നതു രണ്ടു പക്ഷത്തിലും ചന്ദ്രൻ അസ്തമിക്കുന്ന രാശിയാണല്ലൊ. അതുകൊണ്ടു ഇവിടെ ചന്ദ്രന്റെ അസ്തമനാൽ പൂർവ്വമെന്നു വരുത്തേണമെന്നു മാത്രം വ്യത്യാസമുണ്ടു്. മറെറല്ലാം മുൻ പറഞ്ഞതുപോലെതന്നെയാകുന്നു. ഇങ്ങിനെ ആദിത്യാസ്തമനാൽ പരവും, ചന്ദ്രാസ്തമനാൽ പൂർവ്വവും, അതിനിടക്കുള്ള രാശിപ്രമാണനാഴികകളും തമ്മിൽ കൂട്ടിയാൽ വരുന്ന നാഴികയിൽനിന്നു ഇഷ്ടപദച്ഛായാനാഴികകളെ വാങ്ങിയാൽ, ശേഷം ഇഷ്ട പദത്തിങ്കലേക്കു വേണ്ടുന്ന നാഴികകളായി വരുന്നതാകുന്നു. അവിടെ കറുത്ത പക്ഷത്തിൽ പാതിക്കപ്പുറം ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ടുള്ള ച്ഛായ പിറേറന്നാൾ സൂര്യോദയത്തിന്നു ശേഷമാണല്ലോ വരിക. പാതിക്കുമുമ്പെ ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ടുള്ള ച്ഛായക്കു ചന്ദ്രാസ്തമനം വരുത്തേണ്ടിവരികകൊണ്ടും, ചന്ദ്രാസ്തമനം പിറേറന്നാൾ സൂര്യോദയത്തിന്നു ശേഷമാകകൊണ്ടും അവിടെ പിറേറന്നാൾ ആദിത്യോദയത്തിന്നു ചന്ദ്രാദിത്യന്മാരെ ഉണ്ടാക്കി അന്നത്തെ പക്ഷം ഇരട്ടിച്ചു നാഴികകൊണ്ടു രണ്ടിനേയും മേൽപട്ടു (ചന്ദ്രാസ്തമനത്തിങ്കലേക്കു്) തൽക്കാലിച്ചു്, ചന്ദ്രനിൽ മാത്രം ആറു രാശികൂട്ടി, ആദിത്യന്റെ ഉദയാൽപരവും ചന്ദ്ര

ന്റെ അസ്തമനാൽ പൂർവ്വവും അതിനാദികളുള്ള രാശിപ്രമാണനാഴികകളും ഇവ ഒക്കെയും തമ്മിൽ കൂട്ടിയാൽ സൂര്യോദയത്തിങ്കൽനിന്നു ചന്ദ്രാസ്തമനത്തിങ്കലേക്കു പുലർന്ന നാഴികകളായി വരും. പിന്നെ അതിനെ മുമ്പു പറഞ്ഞതുപോലെ അവിശേഷം വരുത്തിയാൽ സൂക്ഷ്മമാകയും ചെയ്യും. പിന്നെ, ആ നാഴികകളിൽ പൂർവ്വരാത്രിപ്രമാണനാഴികകളെയും കൂട്ടി, അതിൽനിന്നു ഇഷ്ടപക്ഷച്ഛായാനാഴികകളെ വാങ്ങിയാൽ ശേഷിച്ചതു ആദിത്യാസ്തമനത്തിങ്കൽ നിന്നു ഇഷ്ടപക്ഷച്ഛായാകാലത്തോളം രാച്ചെന്ന നാഴികകളായി വരും. അവിടെ ചന്ദ്രാസ്തമനവും സൂര്യോദയവും ഒരു രാശിയിലാകുമ്പോൾ ആദിത്യോദയത്തിന്നു മുമ്പാണു ചന്ദ്രാസ്തമനമെങ്കിൽ വൈഷമ്യമില്ലല്ലൊ. സൂര്യോദയത്തിന്നു ശേഷമാണെങ്കിൽ അവിടെ ചന്ദ്രന്റെ അസ്തമനാൽ പൂർവ്വം വരുത്തി, അതിൽനിന്നു സൂര്യന്റെ ഉദയാൽ പൂർവ്വം വാങ്ങിയാൽ ശേഷം ചന്ദ്രോദയത്തിങ്കലേക്കു പുലർന്ന നാഴികകളായിവരും. അതിൽ പൂർവ്വരാത്രിപ്രമാണവും കൂട്ടിക്കൊൾക. പിന്നെ കറുത്തപക്ഷത്തിൽ ചന്ദ്രോദയത്തിന്നും സൂര്യോദയത്തിന്നും രാശി ഒന്നായി വരുമ്പോൾ ചന്ദ്രനെ കാണാമെങ്കിലും മറായ കാണാറുണ്ടാകയില്ലെന്നും അറിയുക. ഇങ്ങിനെയാണു രണ്ടു പക്ഷത്തിലും ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ടുള്ള ക്രിയ.

## ൧൮൫

ഇനി വെളുത്ത പക്ഷത്തിൽ ചന്ദ്രൻ ഉച്ചയാകും മുമ്പുള്ള ക്രിയ പറയുന്നു.

(വ്യാ) അപരപക്ഷേ ദൃശ്യതേഽപ്രാക്. ചന്ദ്രസ്യാസ്താദിഷ്വർക്കോ നചിരവിഗതഭോഗാന്മാർഗ്ഗമദ്ധ്യാദ്ദൃശ്യ ഇതി— അപരപക്ഷേ പ്രാക് ചന്ദ്രസ്യാസ്താദിഷ്വർക്കോനചിരവിഗതഭോഗാന്തു തദുപരിഷ്ടാദ് ദൃശ്യ ഇത്യ ന്വയഃ.

അവിടെ ആദിത്യാസ്തമയത്തിങ്കലേക്ക തന്നെ ചന്ദ്രാദിത്യന്മാരെ ഉണ്ടാക്കി, അന്നത്തെ പക്കം ഇരട്ടിച്ച വന്ന നാഴികകളെ മുപ്പതു നാഴികകളിൽ നിന്ന വാങ്ങി ശേഷമുള്ള നാഴികകൊണ്ടു ഭേദിനയും ആദിത്യാസ്തമനത്തിങ്കൽ നിന്ന കിഴച്ചുട്ട തൽക്കാലിച്ച്, ആദിത്യനമാത്രം ആറു രാശി കൂട്ടി, ആദിത്യന്റെ അസ്തമനാൽ പൂർവ്വവും ചന്ദ്രന്റെ ഉദയാൽ പരവും വരുത്തി, അതിന്നിടയിലുള്ള രാശിപ്രമാണനാഴികകളും തമ്മിൽ കൂട്ടിയാൽ അതു ആദിത്യാസ്തമനത്തിങ്കൽനിന്ന ചുവട്ടിലെക്കുള്ള ചന്ദ്രോദയനാഴികകളായി വരും. ആ നാഴികകളെയും മുമ്പു പറഞ്ഞതുപോലെ അവിശേഷം വരുത്തി സൂക്ഷ്മമാക്കുക. പിന്നെ, ആ നാഴികകളെ ഇഷ്ടപദമായനാഴികകളിൽനിന്ന വാങ്ങിയാൽ ശേഷമുള്ളതു ആദിത്യാസ്തമനത്തിങ്കൽനിന്ന ഇഷ്ടപദത്തിങ്കലേക്ക ചെല്ലുന്ന നാഴികകളായി വന്നതാകുന്നു. പിന്നെ പൂർവ്വപക്ഷത്തിൽ ചന്ദ്രോദയത്തിന്നും സൂർയ്യാസ്തമനത്തിന്നും രാശി ഒന്നായി വരുമ്പോൾ ചന്ദ്രന്റെ ഉദയാൽപരം വരുത്തി, അതിൽനിന്ന ആദിത്യന്റെ അസ്തമനാൽപരം വാങ്ങി ശേഷമുള്ളതിനെ ഇഷ്ടപദമായനാഴികകളിൽ നിന്ന വാങ്ങണമെന്നു മാത്രം വ്യത്യാസമുണ്ടു. അവിടെ വെളുത്ത പക്ഷത്തിൽ ചന്ദ്രാസ്തമനത്തിന്നും സൂർയ്യാസ്തമനത്തിന്നും രാശി ഒന്നായി വരുമ്പോൾ ചന്ദ്രനെ കാണാമെങ്കിലും ശരായ കാണുകയില്ലെന്നറിക. ഇങ്ങിനെയാണ ഇഷ്ടപദത്തിങ്കലേക്ക ചെല്ലുന്ന നാഴികകളെ ഉണ്ടാക്കുന്ന ക്രിയ. ഇവിടെ 'നാഴിക' എന്നു പറഞ്ഞ ദിക്കിലെല്ലാം വിനാഴികകളെ കൂടി ഉണ്ടാക്കുകയും വേണം.

## ൧൧൨

ഇനി ചന്ദ്രന്റെ വിപരീതച്ഛായ ഗണിക്കുവാനുള്ള ക്രിയ പറയുന്നു.

(വ്യ൧) വ്യസ്തേ ഇഷ്ടകാലേ സ്വാഹ്നഗതാഃ ക്ഷേപാദിനിക്ഷേപാഃ കർത്തവ്യാഃ ഷഡ്ഭിർഗുണനം വിനാ വസുകലാദയോ ഛായാസ്വപി ഇതി- വ്യസ്തേ തു ഇഷ്ടകാലേ ഉക്തവൽ സ്വാഹ്നഗതാഃ ക്ഷേപാദി നിക്ഷേപാ കർത്തവ്യാഃ ഷഡ്ഭിർഗുണനമന്തരേണ വസുകലാദയോ ഛായാസ്വപി കർത്തവ്യാഃ ഇത്യന്വയഃ.

അവിടെ മുമ്പു പറഞ്ഞപ്രകാരം ഇഷ്ടപക്ഷാന്തത്തിങ്കലേക്കു രാച്ചെന്ന നാഴികകളെ ഉപഹരിച്ചു തൽകാലത്തിങ്കലേക്കു ക്രമച്ഛായക്കു പറഞ്ഞപോലെ ചന്ദ്രാദിത്യന്മാരെ ഗ്രഹങ്ങളെ ഉണ്ടാക്കി, കാലലഗ്നവും വിക്ഷേപവും ദ്വിതീയസ്ഫുടചന്ദ്രനും ദൃക്ഫലവും ക്രാന്തിചാപവും ശരവും ദൃഗ്ജ്യയും സംസ്കൃതചന്ദ്രനും വരുത്തേണമെന്നതു്. അവിടെ കാലലഗ്നം വരുത്തുമ്പോൾ ഇഷ്ടനാഴികകളെ ആറിൽ പെരുക്കി കൂട്ടേണ്ടതില്ല എന്ന ഭേദമുണ്ടു്. മറ്റെല്ലാം മുൻ ക്രമച്ഛായക്കു പറഞ്ഞപോലെതന്നെയുമാകുന്നു.

## ൧൮൨

ഇനി ച്ഛായാകർണ്ണം വരുത്തുവാൻ പറയുന്നു.

(വ്യ൨) പാദായാംഗുലവർഗ്ഗതോ "ചനസുഖൈ"ര്യുക്താൽപദാദ്ഭിർത്തൈസ്ത്രൈരാശ്യം "നകാ" "ഗതം" "ഖേ"ത്യേവ യുക്തം യദാ ക്രുതി തി- "ചനസുഖൈഃ" യുക്താൽ പാദായാംഗുലവർഗ്ഗാൽ പദം ഭിന്നഗതാഃ ത്രൈരാശ്യം "നകാ"ഗതം "ഖേ"ത്യേവം തു യദാ യുക്തം ഭാസ്രുതിഃ ഇത്യന്വയഃ.

അവിടെ ആദിത്യന്റെ വിപരീതച്ഛായക്കു പറഞ്ഞതു പോലെ ഇഷ്ടമായ അടി എട്ടിൽ പെരുക്കി അംഗുലമുണ്ടെങ്കിൽ അതും കൂട്ടി വർഗ്ഗിച്ചു് അതിൽ "ചനാസുഖം" എന്നതും കൂടി കൂട്ടി മൂലിച്ചു് ഛേദം കൂടി ഉണ്ടാക്കിയാൽ അതു ഇലിപ്തം വിലിപ്തമായി വരും. പിന്നെ ചന്ദ്രന്റെ തൽകാലഗതി വെച്ചു് അതിന്റെ തിഥിനി ൬൦-ൽ ഇറക്കി ഇലിപ്തിൽ കൂട്ടി എടുത്തിച്ചു "ഖേപാന്തരകൊണ്ടു ഹരിച്ചുവന്ന ഫലം മുമ്പു മൂലിച്ചു

വെച്ചതിന്റെ വിധിയിൽ കൂട്ടിയാൽ അതു ച്ഛായാകർണ്ണമായി വരുന്നതാകുന്നു.

## ൧൭൪

ഇനി ശങ്കു വരുത്തുവാനാണ പറയുന്നതു്.

(വ്യാ) ശങ്കു "ഗ്ലീതസഹാസികഃ" ശ്രുതി ഏതൊ "വേന"ച്ഛശ്ര്യാഗതൈ ശ്ശങ്കു ഇതി— ശ്രുതിവ്യഃ "ഗീതസഹാസികഃ" "വേന"ച്ഛശ്ര്യാഗതൈഃ യുക്തഃ ശങ്കുഃ സ്യാദിത്യന്വയഃ.

പിന്നെ "ഗീതസഹാസികഃ" എന്ന നീളത്തിൽ വെച്ച് മേൽപറഞ്ഞ ച്ഛായാകർണ്ണംകൊണ്ടു ഹരിച്ചു വന്ന ഫലത്തിൽ ചന്ദ്രന്റെ തൽകാലഗതി വെച്ചു ഇലിയാക്കി ൧൨൦-ൽ ഹരിച്ചു കിട്ടിയ ഫലവും കൂടി കൂട്ടിയാൽ അതു ശങ്കുവായി വരുന്നതാകുന്നു. അവിടെ അവിശേഷിക്കുമ്പോഴും ഈ ശങ്കുവന്നു ഭേദമില്ലായ്കകൊണ്ടു ശങ്കു കളയാതെ ഒരേടത്തു വെക്കുകയും ചെയ്യാം.

## ൧൭൫

(വ്യാ) തം നിജദേശഹാരഘ്നിതം കൊട്യാ പലസ്യാഹരേൽ ഇതി— നിജദേശഹാരഘ്നിതം തം അപമസ്യ കൊട്യാ ആഹരേൽ ഇത്യന്വയഃ.

പിന്നെ ശങ്കുവിനെ വേറെ വെച്ചു സ്വദേശഹാരകം കൊണ്ടു പെരുക്കി ദൃജ്യ * കൊണ്ടു ഹരിക്കണമെന്നർത്ഥം.

## ൧൭൬

(വ്യാ) തത്രാപ്തം ചരസംസ്കൃതം കൃതധനുഃ പ്രത്യക്കപാലെ ഉത്ത ഷഡ്ഭോനം കൃതഭുക്ഫലെ കൃതകലാപ്രാണാന്തരെ സ്വം വിധാവിതി— തത്രാപ്തം ചരസംസ്കൃതം കൃതധനുഃ തൽ പ്രത്യക്കപാലെ ഉ ഷഡ്ഭോനം കൃതഭുക്ഫലെ കൃതകലാപ്രാണാന്തരെ വിധൌ സ്വം ഇത്യന്വയഃ.

---

* ദൃജ്യ വരുന്നാൾ ൧൭൪-ാം പാരയിൽ പറഞ്ഞിട്ടുണ്ട്

പിന്നെ ദ്യുജ്യകൊണ്ടു ഹരിച്ചു വന്ന ഫലത്തിൽ ചരം ഉലാമേഷാദി ധനൎണ്ണമായി സംസ്കരിച്ചു്, അതിനെ ചാപിക്കകയും, * പിന്നെ അതിനെ മുമ്പുണ്ടാക്കിയ സംസ്കൃതചന്ദ്രനിൽ കൂട്ടുകയും വേണം. അവിടെ രണ്ടു പക്ഷത്തിലായാലും ചന്ദ്രൻ ഉച്ച തിരിഞ്ഞിട്ടുള്ള ഛായയാകുമ്പോൾ ഈ ചാപത്തെ കയററി ആറു രാശിയിൽ നിന്നു വാങ്ങി ശേഷമുള്ളതു സംസ്കൃതചന്ദ്രനിൽ കൂട്ടണമെന്നു ഭേദവുമുണ്ടു്.

൧൩൨

(വ്യ) തസ്മാദസ്തകാലലഗ്നരഹിതാൽ നാഡ്യഃ ഷഡാപ്താംശകാ ഇതി— അസ്തകാലലഗ്നരഹിതാൽ തസ്മാൽ ഷഡാപ്താംശകാഃ നാഡ്യ ഇത്യന്വയഃ സ്യുരിതി ശേഷഃ.



ചാപം കൂട്ടിയിരിക്കുന്ന ആ സംസ്കൃതചന്ദ്രനിൽ നിന്നു മുമ്പുണ്ടാക്കിയ അസ്തമനകാലലഗ്നത്തെ വാങ്ങി ശേഷം രാശി ഉണ്ടെങ്കിൽ ഉള്ള രാശികളെ ൩൦-ൽ ഇറക്കി തീയതിയാക്കി, ആ തീയതിയെ ആറിൽ ഹരിച്ചാൽ കിട്ടുന്ന ഫലം നാഴികകളായി വരും. ശേഷം തീയതിയുണ്ടെങ്കിൽ ഇലിയാക്കി ആറു കൊണ്ടു തന്നെ ഹരിച്ചാൽ വിനാഴികകളും വരുന്നതാകുന്നു.

൧൩൩

(വ്യ) നാഡികാദ്യസുഖാദ്യയുക്തരഹിതാ സ്വല്പേ ധികേ ഊഹിതെ ഇതി— അല്പേ അധികെ സതി ഉ നാഡികാദ്യസുഖാദ്യയുക്തരഹിതാഃ ഇത്യന്വയഃ.

പിന്നെ ഈ വന്ന നാഴികകളേയും മുമ്പു ഊഹിച്ച നാഴികകളേയും തമ്മിൽ അന്തരിച്ചാൽ ശേഷം നാഴികയുണ്ടെങ്കിൽ അതിനെക്കൂടി വിനാഴികയാക്കി ഇരുപത്തേഴുകൊണ്ടു ഹരിച്ചു കിട്ടിയ ഫലം ഇപ്പോൾ ഉണ്ടായ നാഴികയുടെ

* ചാപിപ്പാൻ ൩൨-ാം പുറം നോക്കുക.

വിനാഴികയിൽ സംസ്കരിക്കണം. ഊഹിച്ച നാഴികകൾ (ഇപ്പോൾ ഉണ്ടായ നാഴികയെക്കാൾ) കുറവുണ്ടെങ്കിൽ (ഇപ്പോഴുണ്ടായ നാഴികയിൽ) കൂട്ടുകയും, അധികമുണ്ടെങ്കിൽ കളയുകയുമാണ വേണ്ടു. ഇങ്ങിനെ സംസ്കരിച്ചാൽ വരുന്ന നാഴികകളും ഊഹിച്ച നാഴികകളും സമമായി വന്നുവെങ്കിൽ ആ നാഴികകൾ തന്നെ ഇഷ്ടപൎവ്വച്ഛായാകാലത്തെക്ക രാച്ചുന്ന നാഴികകൾ സൂക്ഷ്മങ്ങളായി എന്നറിക. അവിടെ ഇപ്പോൾ വന്ന നാഴികകളും മുമ്പു ഊഹിച്ച നാഴികകളും തമ്മിൽ ഭേദമുണ്ടെങ്കിൽ ഇപ്പോൾ വന്ന നാഴികക്ക ആദിത്യചന്ദ്രോച്ചരാഹുക്കളെ തൽക്കാലിച്ച്, വിക്ഷേപം തുടങ്ങി സംസ്കൃതചന്ദ്രനോളം വരുത്തി, മുമ്പേ വെച്ചിരിക്കുന്ന ശങ്കുവിനെ പോലെ വെച്ച്, സ്ഫുടഭോഗഹാരകംകൊണ്ടു ഗുണിക്കുക തുടങ്ങി ആറിൽ ഹരിച്ച നാഴിക ഉണ്ടാക്കുവോളം ക്രിയ ചെയ്ക. പിന്നേയും ആ നാഴികകളും അപ്പോൾ തൽക്കാലിച്ച നാഴികകളും തമ്മിൽ ഭേദമുണ്ടെങ്കിൽ, ആദിത്യൻ, ചന്ദ്രൻ, ഉച്ചൻ, രാഹു ഇവർ നാലിനേയും അപ്പോൾ വന്ന നാഴികക്ക തൽക്കാലിച്ച് പിന്നേയും വിക്ഷേപാദി നാഴികാന്തം വരുത്തുക. ഇങ്ങിനെ ക്രിയചെയ്ത് സൂൎയ്യാദിഗ്രഹങ്ങളെ തൽക്കാലിച്ച നാഴികവിനാഴികകളും, ക്രിയ ചെയ്തുവന്ന നാഴികവിനാഴികകളും സമമായി വന്നാൽ അപ്പോൾ വന്ന നാഴികവിനാഴികകൾ സൂക്ഷ്മങ്ങളായി എന്നറിക. ഇങ്ങിനെ അവിശേഷിച്ച നാഴികകളും വിനാഴികകളും സൂക്ഷ്മങ്ങളായി വന്നാൽ ആദിത്യാസ്തമനത്തിങ്കൽ നിന്ന ഇഷ്ടപക്ഷച്ഛായാകാലത്തെക്ക അത്ര നാഴികയും വിനാഴികയും രാച്ചുന്നവെന്ന സൂക്ഷ്മമാകുമെന്നറിക. ചന്ദ്രന്റെ വിപരീതഛായയുടെ ക്രിയ ഇങ്ങിനെയാകുന്നു.

സോമച്ഛായാബന്ധം കഴിഞ്ഞു.

# ൧൦. ശൃംഗോന്നതിഖണ്ഡം.

## ൧൮൯

ഇനി ശൃംഗോന്നതി ഗണിക്കാനാണ് പറയുന്നത്. അവിടെ ചന്ദ്രന്റെ ശൃംഗങ്ങളിൽ ഏതു ഉയൎന്നിരിക്കുന്നുവെന്നറിയാനും, അതിനെ വരക്കാനും ഉള്ള ക്രിയയാണ് 'ശൃംഗോന്നതി' എന്നു പറയുന്നത്. അവിടെ ആദ്യമായി അക്ഷവലനം വരുത്തുവാനുള്ള ക്രിയ പറയുന്നു.

(വ്യ) കൃതാസംസ്കൃതദൃക്ഫലെ ഇഹിനഗൌ സ്വാസ്യാസുലിപ്താന്തരം ത്ര്യക്താ കാലവിലഗ്നക ദ്ര്യുദ്ധൃതാൽ തദ്ഘടികാദൊൎജ്യാഹതാൽ. അക്ഷാ വ്യാസദളാപ്ത മക്ഷവലനമിതി— സംസ്കൃതദൃക്ഫലെ ഇഹിനഗൌ സ്വാസ്യ അസുലിപ്താന്തരം കൃതാ ത്രിദ്ധൃതാൽ കാലവിലഗ്നാൽ ത്ര്യക്താ തദ്ഘടികാദൊൎജ്യാഹതാൽ അക്ഷാൽ വ്യാസദളാപ്തം അക്ഷവലനം സ്യാൽ ഇത്യന്വയഃ.

അവിടെ അപരപക്ഷത്തിൽ ഏകാദശി തുടങ്ങി പൂൎവ്വപക്ഷത്തിൽ പഞ്ചമി കഴിയുന്നതു വരെയുള്ള ൧൦ പക്കങ്ങളിൽ വാവ് ഒഴിച്ചു ബാക്കി ഒൻപതു പക്കങ്ങളിലെ ശൃംഗോന്നതി ഗണിക്കേണ്ടു. അവിടെ പൂൎവ്വപക്ഷത്തിലാണെങ്കിൽ ഇഷ്ട ദിവസത്തിന്നാൾ അസ്തമനത്തിങ്കലേക്ക ആദിത്യ ചന്ദ്രരാഹുക്കളെ ഉണ്ടാക്കി ചന്ദ്രഛായക്കു പറഞ്ഞപോലെ വിക്ഷേപം തുടങ്ങി ദൃക്ഫലാന്തം എല്ലാ ക്രിയയും ചെയ്യണം. അവിടെ കാലലഗ്നം വരുത്തുമ്പോൾ ഇഷ്ടനാഴിക ആറിൽ പെരുക്കി കൂട്ടേണ്ടു എന്നു മാത്രമെ ഭേദമുള്ളു. കറുത്ത പക്ഷത്തിലാണെങ്കിൽ വിപരീതഛായക്കു ഉദ്ഗ്രഹിക്കാൻ പറഞ്ഞതുപോലെ ചന്ദ്രോദയകാലനാഴികകൾ സൂക്ഷ്മമായി വരുത്തി അവിടേക്കു (ചന്ദ്രോദയത്തിങ്കലേക്കു) ആദിത്യചന്ദ്ര

ഇംഗരാശികളെ തൽകാലിച്ച്, അതുകൊണ്ടു, വിക്ഷേപം ഇരട്ടി ദൃക്ഫലാന്തരം വരുത്തണമെന്നും, കാലലഗ്നത്തിൽ ചന്ദ്രോദയ കാലത്തേക്കു രാശ്യുന്ന നാഴികകളെ ആറിൽ പെരുക്കി കൂട്ടണമെന്നും ഭേദവുമുണ്ട്. പിന്നെ ദൃക്ഫലം വരുത്തിട്ടു മുഴുവനും ആദ്യം തന്നെ "ദ്വിതീയസ്ഫുടേ ചന്ദ്രനിൽ സംസ്കരിച്ച്, ആ ചന്ദ്രനിൽനിന്നു പ്രാണകലാന്തരം കൊണ്ടു ആ ചന്ദ്രനിൽ തന്നെ സംസ്കരിച്ചാൽ അതിന്നു സംസ്കൃതചന്ദ്രനെന്നുപേരാകുന്നു. പിന്നെ കാലലഗ്നത്തെ വെച്ച്, അതിൽ മൂന്നു രാശി കൂട്ടി, അതിൽ നിന്നു ഈ സംസ്കൃതചന്ദ്രനെ വാങ്ങി, ശേഷിച്ചതിന്റെ തുലാമേഷാദി അറിഞ്ഞു ഉണ്ടാക്കു മഹാജ്യാവുകൊണ്ടു, അതിനെ സ്വദേശത്തേക്കുള്ള അക്ഷം*കൊണ്ടു പെരുക്കി ത്രിജ്യ (ഖഷന്നവ്യ) കൊണ്ടു ഹരിച്ചുവന്ന ഫലം "ആക്ഷവലന" മാകുന്നു.

## ൧൬൦

(വ്യ൦) ദോർജ്യാവശാൽ തസ്യ ദിശിതി— തസ്യ ദിക് ദോർജ്യവശാൽ ഇത്യന്വയഃ സ്യാദിതി ശേഷഃ.

കാലലഗ്നത്തിൽ നിന്നു സംസ്കൃത ചന്ദ്രനെ വാങ്ങി വരുത്തിയ ആ മഹാജ്യാവിന്റെ തുലാമേഷാദിക്രമം പോലെയാണു ആക്ഷവലനത്തിന്റേയും തുലാമേഷാദി യെന്നു താല്പര്യം.

## ൧൬൧

(വ്യ൦) തല്പർക്രാന്ത്യസംയുതസ്യ ശശിനോ ദോഃക്രാന്തിജ്യാവായത മിതി—ക്രമേണാന്വയഃ. സ്യാദിതി ശേഷഃ.

അവിടെ സൂര്യാസ്തമനത്തിങ്കലേക്കോ ചന്ദ്രോദയത്തിങ്കലേക്കോ ഉണ്ടാക്കിയിരിക്കുന്ന സായന ചന്ദ്രനെ വേറെ വെച്ച്, മൂന്നുരാശി കൂട്ടി, ഋണധനമറിഞ്ഞു ഉണ്ടാക്കു ക്രാന്തിജ്യാവ്

* സ്വദേശത്തേക്കുള്ള അക്ഷം ര൪ന-ാം പുറം നോക്കുക.

* വരുത്തിയാൽ ആദ്യജ്യാവ് "ആയനവലന" മാകുന്നതാണ്. ഈ ജ്യാവിനെ മേലിൽ ചാപിക്കേണ്ടതാകകൊണ്ടു ഇപ്പോൾ തന്നെ മൌഢ്യഖണ്ഡത്തിൽ പറഞ്ഞ ക്രാന്തിചാപം (1) കൊണ്ടാലും മതി. ക്രാന്തിചാപം കൊണ്ടാൽ പിന്നെ ചാപിക്കയും വേണ്ട.

൧൯൨

ഇനി "വിക്ഷേപവലനം" വരുത്തുവാൻ പറയുന്നു.

(വൃ.) ചന്ദ്രാദുന്നതിയൊ സ്വ കോടിഘ്നോത്ക്ഷേപഹാരാൽ ദോർജ്യയാ ലബ്ധം ക്ഷേപദിക് ശക്തീനാശിനോ യുഗ്മേ പദ്യസ്യ ശിതി—ഗുണമെന്നാ നയേ.

അവിടെയും ആദിത്യാസ്തമനത്തിങ്കലെ ചന്ദ്രാസ്തമനത്തിങ്കലോ ഉണ്ടാക്കിയിരിക്കുന്ന സായനചന്ദ്രനെ വെച്ച്, അതിൽനിന്നു തൽക്കാലസായനാർക്കനെ വാങ്ങി, ഓജയുഗ്മപദവും ഭുജാകർണ്യാദികളും സൂക്ഷിച്ച്, അതിന്റെ ഭുജയും കോടിയും മഹാജ്യാവു വരുത്തീട്ടു കോടിജ്യാവ് മറ്റെതു സൂക്ഷിച്ചു വെക്കുക: പിന്നെ ആ കോടിജ്യാവിനെ വേറെ വെച്ചു വിക്ഷേപംകൊണ്ടു പെരുക്കി അപ്പോൾ ഭുജകൊണ്ടു മഹാജ്യാവുകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം "വിക്ഷേപവലന"മായ് വരും. ഈ വിക്ഷേപവലനത്തിന്റെ ദിഗ്ഭേദം, സൂര്യനെ വാങ്ങിയ ചന്ദ്രൻ ഓജപദമാണെങ്കിൽ വിക്ഷേപത്തിന്റെ ദിക്കുപോലെ തന്നെ. സൂര്യനെ വാങ്ങിയ ചന്ദ്രൻ യുഗ്മപദമാണെങ്കിൽ വിക്ഷേപവലനത്തിന്റെ ദിക്ക വിക്ഷേപത്തിന്റെ ദിക്കിന്നു വിപരീതവുമാകുന്നു.

൧൯൩

ഇനി ശൃംഗോന്നതിയെ വരുത്തുവാൻ പറയുന്നു.

* ക്രാന്തിജ്യാവ് ൧൭൮-ാം പാര നോക്കുക.

1 ക്രാന്തിചാപം ൧൭൯-ാം പാരയിൽ നോക്കുക.

(വൃ॰) ഏതേഷാം ധനുഷാം സമാസമഭിദാം യോഗാന്തരാൽ ദോർഗ്ഗുണഃ സംവ്യാസാർദ്ധഹതോ "ജലൈവല" ഏതഃ ശൃംഗോന്നതിഃ ശീതഗോ രിതി— സമാസമഭിദാം ഏതേഷാം ധനുഷാം യോഗാന്തരാൽ ദോർഗ്ഗുണഃ സംവ്യാസാർദ്ധഹതഃ "ജലൈവല" ഏതഃ ശീതഗോഃ ശൃംഗോന്നതിഃ സ്യാൽ ഇത്യന്വയഃ.

അവിടെ ആക്ഷവലനം ആയനവലനം വിക്ഷേപവലനം ഇവ മൂന്നും വേറേ വേറേ വെച്ച് ചാപിക്കണം.* ആയനവലനം വരുത്തുമ്പോൾ ക്രാന്തിചാപമാണ കൊണ്ടു തെങ്കിൽ അതു മാത്രം ഇപ്പോൾ ചാപിക്കയും വേണ്ട. പിന്നെ ആ ചാപങ്ങൾ മൂന്നിനും മേഷതുലാദി ഒന്നാണെങ്കിൽ അവ തമ്മിൽ കൂട്ടി ൩൦-ലും ൯൦-ലും കയററി സ്ഫുടസ്വരൂപമാക്കിവെച്ച് അതിൽ നിന്നു മഹാജ്യാവു കൊള്ളുക. ചാപങ്ങൾക്ക മേഷതുലാദി ഒന്നല്ലെങ്കിൽ അവ തമ്മിൽ ദിക്കറിഞ്ഞ് അന്തരിച്ച് ശേഷിച്ചതിൽ നിന്നു മഹാജ്യാവു വരുത്തേണമെന്നു ഭേദം. പിന്നെ ഈ വരുത്തിയ മഹാജ്യാവിനെ ചന്ദ്രബിംബവ്യാസാർദ്ധം കൊണ്ടു പെരുക്കി "ജലൈവലം" എന്ന നിമ്നത്തിൽ വെച്ച് അതുകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം ശൃംഗോന്നതിയുടെ അംഗുലമാകുന്നു. പിന്നെ ശേഷത്തെ എട്ടിൽ പെരുക്കി "ജലവേഗംകൊണ്ടു" തന്നെ ഹരിച്ചു തോരയും ഉണ്ടാക്കുക. അവിടെ ചാപങ്ങൾ തമ്മിൽ കൂട്ടുകയായി വരുമ്പോൾ ആ ചാപയോഗത്തിന്റെ മേഷതുലാദി പോലെതന്നെയാണ് ശൃംഗോന്നതിയുടെ മേഷതുലാദിയെന്നും, ചാപങ്ങൾ തമ്മിൽ അന്തരിക്കയായി വരുമ്പോൾ അവിടെ ശേഷിച്ചതിന്റെ മേഷതുലാദിപോലെയാണ് ശൃംഗോന്നതിയുടെ മേഷതുലാദിയെന്നും അറിക. ശൃംഗോന്നതി മേഷാദിയാണെങ്കിൽ ശൃംഗോന്നതിയുടെ ദിക്ക ഉത്തരയും (വടക്കു) തുലാദിയാണെങ്കിൽ ദക്ഷിണവും (തെക്കു) ആകുന്നു

* ചാപിക്കാൻ വൃത്ത-ദർപ്പണം നോക്കുക.

റിക. അവിടെ ചന്ദ്രൻ ഉച്ചയിൽ തിരിഞ്ഞിട്ടു പിന്നെയുള്ള നേരത്തെ ശൃംഗോന്നതിയാകുമ്പോൾ ശൃംഗോന്നതി മേഷാദിയാണെങ്കിൽ ദിക്കു ദക്ഷിണം (തെക്കു) എന്നും, തുലാദിയാണെങ്കിൽ ഉത്തരം (വടക്കു) എന്നുമുള്ള ഭേദത്തെ ധരിക്കയും വേണം.

## ൧൧൪

### ഇനി ശൃംഗോന്നതി വരക്കാൻ പറയുന്നു.

(വൃത്ത) പ്രാങ്നേത്യാം ശശിമണ്ഡലേ സ്വപരിധൗ താം നീത്വാ തദഗ്രസ്പൃഗ്വ്യാസേ ന്യസ്യ സിതം തദഗ്രയുതി പാർശ്വസ്പൃഗ്വൃത്തം ലിഖേൽ ഇതി— ശശിമണ്ഡലേ പ്രാങ്നേത്യാം സ്വപരിധൗ താം നീത്വാ തദഗ്രസ്പൃഗ്വ്യാസേ സിതം ന്യസ്യ തദഗ്രയുതി പാർശ്വസ്പൃഗ്വൃത്തം ലിഖേൽ ഇത്യന്വയഃ.

അവിടെ ശൃംഗോന്നതി വരക്കാൻ ബിംബത്തിന്റെ ഇലിയുടെ അംശംകൊണ്ടാണു പറയുന്നതു്. പൂർവ്വപക്ഷത്തിലെ ശൃംഗോന്നതിയാണു വരക്കുന്നതെങ്കിൽ പടിഞ്ഞാറുള്ള ഭിത്തിയുടെ കിഴക്കെപ്പുറത്തു വരക്കണം. അപരപക്ഷത്തിലേതാണെങ്കിൽ ആ ഭിത്തിയുടെ പടിഞ്ഞാറു വശത്താണു വരക്കേണ്ടതു്. രണ്ടു പക്ഷത്തിലെ ശൃംഗോന്നതിയും സമനിലത്തു വരക്കുന്നതിനും വിരോധവുമില്ല. അവിടെ നിലത്താണു വരക്കുന്നതെങ്കിൽ, പൂർവ്വപക്ഷത്തിലാണെങ്കിൽ നേരെ പടിഞ്ഞാട്ടു തിരിഞ്ഞിരുന്നും, അപരപക്ഷത്തിലാണെങ്കിൽ കിഴക്കോട്ടു തിരിഞ്ഞിരുന്നും ആണു വരക്കേണ്ടതു്. അവിടെ ചന്ദ്രബിംബത്തിന്റെ ഇലികളുടെ എട്ടിലൊന്നു നീളമുള്ള ചരടുകൊണ്ടു ഒരു വൃത്തം വരച്ചാൽ അതു ചന്ദ്രബിംബമണ്ഡലമാകുന്നു. ആ ബിംബമണ്ഡലത്തിന്റെ ചുവട്ടിലെ രേഖ പ്രാങ്ന്യാമിതമാകുന്നു. പിന്നെ ആ ബിംബമണ്ഡലത്തിന്റെ മുകളിലെ രേഖ മുതൽ ചുവട്ടിലെ രേഖയോളം നേരെ മദ്ധ്യത്തിൽ കൂടി ഒരു വര വരക്കുക. ആ രേഖക്കു 'പൂർവ്വാപരരേഖ

ലം എന്നു പേരാകുന്നു. പിന്നെ ശൃംഗോന്നതിയുടെ അംഗുലത്തോളം നീളത്തിൽ ഒരു ഈൎക്കിലയുണ്ടാക്കി നീളം കുറഞ്ഞുപോകാതെ രണ്ടു തലയും കൂൎപ്പിച്ചു, അതിന്റെ നേരെ നടുക്കു ഒരു വരയും വരച്ചു, ആ ഈൎക്കില തെക്കുവടക്കു തലയായി ബിംബമദ്ധ്യത്തിൽ കിടത്തിവെച്ചു, ഈൎക്കിലയുടെ മദ്ധ്യത്തിലുള്ള വര പൂൎവ്വാപരരേഖയിൽ ഒപ്പിച്ചു വെച്ചു നീങ്ങിപ്പോകാതെ പിടിച്ചു, ഈൎക്കില പൂൎവ്വാപര രേഖയിൽ കൂടിത്തന്നെ (നീങ്ങിപ്പോകാതെ) നേരെ ചുവട്ടിലേക്കു കൊണ്ടുപോന്നു ബിംബത്തിന്റെ ചുവട്ടിലെ രേഖയിന്മേൽ ഈൎക്കിലയുടെ തല രണ്ടും തട്ടിയാൽ, ശൃംഗോന്നതിയുടെ ദിക്കു ഉത്തരമെങ്കിൽ ഈൎക്കിലയുടെ വടക്കെത്തല ബിംബരേഖയിൽ തട്ടിയേടത്തു ഒരു ബിന്ദു ഇടുക; ശൃംഗോന്നതി ദക്ഷിണമെങ്കിൽ ബിന്ദു ഇടേണ്ടതു തെക്കെത്തല തട്ടിയേടത്തുമാകുന്നു. ആ ബിന്ദുവിന്നു 'ശൃംഗോന്നതിബിന്ദു' എന്നു പേർ. പിന്നെ ആ ഈൎക്കില സൂത്രത്തിൽ കൂടിത്തന്നെ, നീങ്ങി(മറിഞ്ഞു)പ്പോകാതെ, നേരെ മേല്പട്ടു കൊണ്ടുപോയി അവിടെ തല രണ്ടും ബിംബരേഖയിന്മേൽ തട്ടിയാൽ, മുമ്പത്തെ ശൃംഗോന്നതിബിന്ദുവിന്റെ മറുദിക്കിൽ തല തട്ടിയേടത്തും ഒരു ബിന്ദു ഇട്ടു, ആ രണ്ടു ബിന്ദുക്കളേയും അനുസരിച്ചു ഒരു സൂത്രം വരക്കുക; ആ സൂത്രത്തിന്നു 'വ്യാസം' എന്നു പേർ. പിന്നെ പൂൎവ്വാപരസൂത്രം മായ്ച്ചുകളയുകയും ചെയ്യു. പിന്നെ മുകപ്പിൽ ൧൨൩-ാം പാറയിൽ പറയാൻ പോകുന്ന മാതിരി ചന്ദ്രബിംബത്തിന്റെ സിതമാനാംഗുലമുണ്ടാക്കി, ആ അംഗുലത്തിന്റെ പകുതി നീളമായിട്ടു ഒരു കോലും ഉണ്ടാക്കി, ആ കോലിന്റെ ഒരു തല ശൃംഗോന്നതിബിന്ദുവിന്മേൽ വെച്ചു മറ്റേത്തല മുകളിലേക്കാക്കി വ്യാസരേഖയിലും വെച്ചു, ആ മേലത്തല തട്ടിയേടത്തു വ്യാസരേഖയിന്മേലും

ഒരു ബിന്ദു ഇടുക. ആ ബിന്ദുവിന്നു 'സിതബിന്ദു' എന്നു പേർ. അനന്തരം മുകളിൽ ൧൯൫-ാം പാരയിൽ പറയുന്നതുപോലെ ഒരു സൂത്രമുണ്ടാക്കി, ആ സൂത്രത്തിന്റെ ഒരു തല സിതബിന്ദുവിന്മേൽ വെച്ച് പിടിച്ച്, മററെ തല മുകളിലേക്കാക്കി വ്യാസരേഖയിൽ തന്നെ വെച്ച്, ആ തല തട്ടിയേടത്തു തല ഉറപ്പിച്ചു പിടിക്കുക. അവിടെ വ്യാസരേഖക്കു നീളം കുറയുമെങ്കിൽ വ്യാസരേഖ ചെരിയാതെപോകാതെ ചന്ദ്രബിംബത്തിന്റെ പുറത്തേക്കു സൂത്രത്തോളം നീളമുണ്ടാക്കിക്കൊള്ളുകയും വേണം. അല്ലെങ്കിൽ സൂത്രം ചെരിയാതെപോകാതെ വ്യാസരേഖയെ അനുസരിച്ചു ചന്ദ്രബിംബത്തിന്റെ പുറത്തേക്കു നീട്ടിവെച്ചാലും മതി. ഇങ്ങിനെ സൂത്രം വെച്ചു വലിച്ചു പിടിച്ച്, രണ്ടാമതു വെച്ച ഈ സൂത്രത്തിന്റെ മുകളിലെത്തല ഉറപ്പിച്ചു പിടിച്ച്, മുമ്പ സിതബിന്ദുവിന്മേൽ വെച്ച ചുവട്ടിലെ തലകൊണ്ടു ഒരു വൃത്തം വരക്കണം. അങ്ങിനെ വൃത്തം വരച്ചാൽ ചന്ദ്രബിംബത്തിന്റെ താഴത്തെ രേഖയുടെ മീതെ ബിംബത്തിനകത്തു ഒരു രേഖയുണ്ടാകുമല്ലൊ. ആ രേഖയും, താഴത്തെ രേഖയും കൂടിയതിന്റെ ഇടക്കെല്ലാം വെളുപ്പിച്ചാൽ അതുപോലെത്തന്നെ ആകാശത്തു ചന്ദ്രബിംബകലയും കാണുന്നതാകുന്നു. ശൃംഗോന്നതിയുടെ ദിക്കു ഉത്തരമാണെങ്കിൽ ചന്ദ്രബിംബകലയുടെ വടക്കേതല ശൃംഗോന്നത്യംഗുലാദ്യങ്ങളോളം ഉയൎന്നു കാണുകയും ചെയ്യും.

## ൧൯൭

ഇനി മുൻപറഞ്ഞ സൂത്രം വരുത്തുവാനാണ പറയുന്നത്.

(വൃത്ത) ബിംബാർദ്ധസ്യ സിതസ്യ ചാന്തരമിഹ പ്രോക്തഃ 'ശരാ' ഖ്യോ ബുധൈ സ്ത്രിംബാർദ്ധസ്യ കൃതേഃ ശരാപ്തസഹിതം സൂത്രം ഭവേ ദ്ദീർഘമിതി— ബിംബാർദ്ധസ്യ സിതസ്യ ച അന്തരം ബുധൈഃ ഇഹ ശരാഖ്യഃ

ല്പ്രാക്തഃ. ബിംബാദ്ധസ്യ കൃതെഃ ശരാപ്തസഹിതം ലബ്ധം സൂത്രം ഭവെൽ ഇത്യന്വയഃ.

അവിടെ ചന്ദ്രബിംബത്തിന്റെ ഇലികളെ നാലിൽ ഹരിച്ചാൽ വരുന്ന ഫലം ചന്ദ്രബിംബവ്യാസത്തിന്റെ അംഗുലമാകുന്നു. ആ വ്യാസാംഗുലത്തിന്റെ അർദ്ധവും, ചന്ദ്രബിംബസിതമാനാംഗുലവും തമ്മിൽ അന്തരിച്ചാൽ ശേഷിക്കുന്നതിനു 'ശരം' എന്നു പേരാകുന്നു. ബിംബവ്യാസാംഗുലാർദ്ധത്തെ വർഗ്ഗിച്ച് ശരംകൊണ്ടു ഹരിച്ചുണ്ടായ ഫലത്തെ ശരത്തിൽ തന്നെ കൂട്ടി അർദ്ധിച്ചാൽ വരുന്ന അംഗുലത്തോളം നീളമാണ സൂത്രത്തിന്നു വേണ്ടതെന്നർത്ഥം.



൧൯൩

ഇനി ചന്ദ്രബിംബത്തിന്റെ സിതമാനാംഗുലത്തെ വരുത്തുവാൻ പറയുന്നു.

(വൃ) വ്യർക്കേന്ദോ ഋഗകർക്കിടാദ്യുപഗതെ തൽകോടിജീവോനയുക് ത്രിജ്യാ ബിംബകലാഹതാ ദ്യുഹിനഗോ ഭ്രിജ്യാഹൃതാ സ്യാൽ സിത മിതി—

വ്യർക്കേന്ദോ ഋഗകർക്കിടാദ്യുപഗതെ തൽകോടിജീവോനയുക് ത്രിജ്യാ ബിംബകലാഹതാ ത്രിജ്യാഹൃതാ ദ്യുഹിനഗോഃ സിതം സ്യാൽ ഇത്യന്വയഃ.

അവിടെ മുമ്പു വിക്ഷേപവലനം വരുത്തുമ്പോൾ ഉണ്ടാക്കിയ കോടിജ്യാവിനെ വേറെ വെച്ച് അന്നത്തു മകരാദിയാണെങ്കിൽ ത്രിജ്യയിൽ നിന്നു വാങ്ങുകയും, കർക്ക്യാദിയാണെങ്കിൽ ത്രിജ്യയിൽ കൂട്ടുകയും ചെയ്തു, ആ ത്രിജ്യയെ ചന്ദ്രബിംബലിപ്താർദ്ധം കൊണ്ടു പെരുക്കി "ജ്യലെവലം" കൊണ്ടു ഹരിച്ചാലുണ്ടാകുന്ന ഫലം ചന്ദ്രബിംബത്തിന്റെ സിതമാനാംഗുലമായി വരുന്നതാണ്. ശേഷത്തെ എട്ടിൽ പെരുക്കി തോരയും വരുത്തിക്കൊൾക.

ശൃംഗോന്നതിബന്ധം കഴിഞ്ഞു.

# ൧൧. ഗ്രഹണഖണ്ഡം.

## ൧൯൭

ഇനി ചന്ദ്രാദിത്യന്മാരുടെ ഗ്രഹണം ഗണിക്കാനുള്ള ക്രിയ പറയുന്നു. അവിടെ ഗ്രഹണം എപ്പോഴെല്ലാം കാലങ്ങളിൽ ചിന്തിക്കേണമെന്നു ഒന്നാമതായി പറയുന്നു. വെളുത്ത വാവിനു ചന്ദ്രഗ്രഹണവും കറുത്ത വാവിനു സൂര്യഗ്രഹണവുമാണു ഉണ്ടാവുക എന്നറിയുകയും വേണം.

(വ്യ) പാതേ ഹ്യർക്കേ "ഗ്രഹാഃ" ശശാങ്കഗതേ ചിന്ത്യോ ഗ്രഹഃ ഇതി— പാതേ അർക്കേ "ഗ്രഹാഃ" ശശാങ്കഗതേ ഗ്രഹഃ ചിന്ത്യ ഇത്യന്വയഃ. സ്വാമി ടീക്കാ.

അവിടെ വെളുത്ത വാവിന്റെയോ കറുത്ത വാവിന്റെയോ അവസാനത്തിങ്കൽ ഭക്തികൊണ്ടു ഉണ്ടാക്കിയ ആദിത്യൻ, ഭക്തികൊണ്ടുണ്ടാക്കിയ രാഹുവിനോടൊ കേതുവിനോടൊ "പാതം" എന്ന ൧൪–ൽ താഴെയുള്ള അടുക്കുമ്പോൾ മാത്രമെ ചന്ദ്രാദിത്യന്മാരുടെ ഗ്രഹണം ചിന്തിക്കേണ്ടതുള്ളൂ.

## ൧൯൮

മേൽപ്രകാരം നോക്കുമ്പോൾ ചിന്തിക്കേണ്ട കാലമാണെന്നു കണ്ടാൽ അവിടെ ഗ്രഹണം ഉണ്ടാകുമൊ എന്നു ഊഹിപ്പാൻ പറയുന്നു. അവിടെ ആദ്യം ചന്ദ്രന്റെ ഗ്രഹണത്തെ ഊഹിപ്പാനാണു പറയുന്നത്.

(വ്യ) അർക്കാദഹിം ത്യക്ത്വാ ശിഷ്ടഭുജേ ത്രിഭുക്തിവിവരാദല്പേ വിധോഃ സ്യാൽ ഗ്രഹ ഇതി— അർക്കാൽ അഹിം ത്യക്ത്വാ ത്രിശിഷ്ടഭുജേ ഭുക്തിവിവരാൽ അല്പേ സതി വിധോഃ ഗ്രഹഃ സ്യാൽ ഇത്യന്വയഃ.

ഇവിടെ വെളുത്തവാവ് കഴിയുന്നേടത്തേക്കു ഭക്തികൊണ്ടു ആദിത്യനെയും രാഹുവിനെയും ഉണ്ടാക്കി, ആദിത്യനിൽ

നിന്നു രാഹുവിനെ വാങ്ങുക: ശേഷമുള്ള ഭുജ സൂൎയ്യചന്ദ്രന്മാരു
ടെ ഗത്യന്തരത്തിന്റെ (൧൦൧) തിയതിയേക്കാൾ അധികമു
ണ്ടെങ്കിൽ ആ വാവിനു ചന്ദ്രന്റെ ഗ്രഹണമില്ലെന്നും, കുറയു
മെങ്കിൽ ഗണിച്ചു നോക്കണമെന്നും അറിയണം.

൧൨൨

ഇനി സൂൎയ്യന്റെ ഗ്രഹണം ഉദാഹരിപ്പാനാണു പറയു
ന്നത്.

(൭൭) ക്ഷേപാംശസ്സിൻ പഞ്ചാംശോ "പ്രിയ" യോമല്ലെ രവൌ വി
ധു— അസ്സിൻ പഞ്ചാംശോ ക്ഷേപ "പ്രിയ" യോർ അല്ലെ സതി രവേഃ
ഇത്യൂനകെ. ഗ്രഹ സ്യാൽ ഉൽ്യത്രാപി അനാവൎത്തതെ.

കറുത്ത വാവിന്റെ ഒടുക്കത്തെ ഉദയംകൊണ്ടു ആദിത്യ
നേയും രാഹുവിനേയും ഉണ്ടാക്കി, ആദിത്യനിൽനിന്നു രാഹു
വിനെ വാങ്ങി, ഭുജാംശങ്ങൾ ഭുജ സ്ഫുടിച്ചു, ശേഷത്തി
ന്റെ ഭുജയെ മേഷാദി തുലാദി ഭേദമനുസരിച്ചുള്ള പലാംഗുലം സം
സ്കരിക്കുക: പലാംഗുലത്തിന്റെ അംഗുലസ്ഥാനം ഭുജയുടെ
തിയതിയിലും, വ്യംഗുലസ്ഥാനം കലയിലും ആണ സംസ്ക
രിക്കേണ്ടതായ ചരിക്കുകയും വേണം. രാഹുവിനെ വാങ്ങി
യ സൂൎയ്യന്റെ ഭുജ മേഷാദിയാണെങ്കിൽ ഭുജയിൽനിന്നു പ
ലാംഗുലം വാങ്ങുകയും, തുലാദിയാണെങ്കിൽ കൂട്ടുകയു മാണു
വേണ്ടതു്. ഇങ്ങിനെ പലാംഗുലം സംസ്കരിച്ചിരിക്കുന്ന ഭുജ
യുടെ തിയതികൾ ൧൨–ൽ കുറയുമെങ്കിൽ ഗണിച്ചു നോക്ക
ണമെന്നും ൧൨–ൽ അധികമുണ്ടെങ്കിൽ ഗ്രഹണമില്ലെന്നും അ
റിയണം.

അവിടെ നാലരനാഴിക പകലെ മുതൽ പിറ്റേ ദിവ
സം നാലര നാഴിക പുലരുന്നതിനകത്തു വെളുത്ത വാവി
ന്റെ അവസാനം വരുമെങ്കിൽ മാത്രമെ സോമഗ്രഹണം ഗ
ണിക്കേണ്ടു. ഒരു നാഴിക പുലൎന്ന മുതൽ ഒരു നാഴിക പ

കൾ ആകുന്നതിലകത്തു കറുത്ത വാവിന്റെ അവസാനം ഉണ്ടാകുമ്പോഴെ സൂൎയ്യഗ്രഹണവും ഗണിക്കേണ്ടു. ഗ്രഹണത്തിന്ന വാവു കഴിയുന്നതറിയുവാൻ ഉക്കകൊണ്ടു നാളും പക്കവും കാണണം.

൨൦൦

ഇങ്ങിനെ ഊഹിച്ചിട്ട ഗ്രഹണം ഗണിക്കേണമെന്നു വന്നാൽ ഗണിക്കാൻ ക്രിയ പറയുന്നു.

(വൃ) പ്രായികെ പൎവ്വണെ ത്വ നയെ ദ്രവീന്ദുഫണിന ഇത്ഥി—ക ത്വ പ്രായികെ പൎവ്വണെ രവീന്ദു ഫണിനാം നയെൽ ഇത്യനയെ.

അവിടെ രണ്ടു ഗ്രഹണത്തിന്നും ക്രിയ ഏകദേശം ഒരുപോലെയാകകൊണ്ടു ക്രിയകൾ ഒന്നായിട്ടാണു പറയുന്നതു. ചില ഭേദങ്ങളുള്ളതു അതാതു ദിക്കിൽ പറയുകയും ചെയ്യും. പിന്നെ ചന്ദ്രഗ്രഹണമാണെങ്കിൽ ആദിത്യാസ്തമനത്തിങ്കലേക്കും സൂൎയ്യഗ്രഹണമാണെങ്കിൽ ആദിത്യോദയത്തിങ്കലേക്കും ഉക്കകൊണ്ടു ആദിത്യചന്ദ്രന്മാരെ ഉണ്ടാക്കി ചന്ദ്രനിൽ നിന്നു ആദിത്യനെ വാങ്ങുക. ശേഷത്തെ ഉള്ള യല്ലതിൽ ഭുജയാക്കി അതുള്ള നാ—ൽ പുറമി ഉപയാക്കി നാ—ൽ പെരുക്കുകയും, സൂൎയ്യചന്ദ്രന്മാരുടെ ഗത്യന്തരത്തിൽ (൨൦൨) ലിപ്തകളെ ഉപയാക്കിക്കൊണ്ടു ഹരിക്കയും ചെയ്യുക. അപ്പോൾ കിട്ടുന്ന ഫലം നാഴികയാകുന്നു. ശേഷത്തെ നാ—ൽ പെരുക്കി വീണ്ടും മേൽപറഞ്ഞ ഹാരകംകൊണ്ടു തന്നെ ഹരിച്ചാൽ കിട്ടുന്നതു വിനാഴികയുമാകുന്നു. ഇങ്ങിനെ വരുത്തിയതിന്നു 'പ്രായികപൎവ്വാന്തം' എന്നു പേരാകുന്നു. സോമഗ്രഹണമാണെങ്കിൽ അത്ര നാഴികയും വിനാഴികയും കഴിച്ചുള്ളപ്പോൾ വാവു കഴിയുമെന്നും, സൂൎയ്യഗ്രഹണമാണെങ്കിൽ അത്ര നാഴികയും വിനാഴികയും ചെല്ലുമ്പോൾ വാവു കഴിയുമെന്നും അറിയണം. അങ്ങിനെ വരുത്തിയ പ്രായികപൎവ്വാന്തത്തിങ്കലേക്കു

ക്കെകൊണ്ടു വിലിയാദിയായിട്ടു ആദിത്യമദ്ധ്യമവും ചന്ദ്രമദ്ധ്യമവും വരുത്തി, അതാതു ഖിലദിനങ്ങളെ ദേശാന്തരം അഹഃസ്സാനം മുതലായവകൊണ്ടു സംസ്കരിച്ച്, രണ്ടു മദ്ധ്യമങ്ങളും ഒരു ദിക്കിൽ വെക്കുക. പിന്നെ രാഹുദിനത്തെയും ("ദിനപാമദ്ധ്യം വലിപ്താവധികത്തെ തുടങ്ങി എന്ന്" ൧൦൯-ാം പാദയിൽ പറഞ്ഞപ്രകാരം) സ്ഫുടമാക്കുകയും, ആ പര്യന്തത്തിൽ വെക്കുക തന്നെ ദ്രവ്യകൊണ്ടു വിലിയാദിയായി രാഹുചരിതവും ഉണ്ടാക്കുകയും വേണം. ചന്ദ്രനെ ഗണിക്കുമ്പോൾ ഉണ്ടാക്കുന്ന ചന്ദ്രഇംഗണന കൂടി കളയാതെ ഓർമ്മിച്ചു വെക്കണം.

## ൨൧൧

ഇനി ചന്ദ്രഗ്രഹണത്തിന്റെ ഒരു വിശേഷമുള്ളതിനെ പറയുന്നു.

(വ്യ) രാകാരവിഃ ഷഡ്ഭയുക് സ്വയം— ക്രമേണോനാഃ. സ്യാദ്വിധി ...

ചന്ദ്രഗ്രഹണമാണെങ്കിൽ ആദിത്യസ്ഫുടത്തിൽ ആറു രാശിയും കൂടി കൂട്ടണം. പ്രായികപര്യന്തവും, ആദിത്യചന്ദ്രന്മാരുടെ സ്ഫുടങ്ങളും പേരിട്ടു ചാർത്തുക.

## ൨൧൨

ഇനി ആദിത്യചന്ദ്രന്മാരുടെ ഗതി വരുത്തുവാൻ പറയുന്നു:

(വ്യ) കർക്ക്യാദിഗകേന്ദ്രകോടിജ്യാതോ "നാമാക്ഷക"പ്പും ത്വയ, "നാമാ"പ്പും ... സ്വർണ്ണം ത്വാ സ്യാൽ ഗതിർവിധോഃ— രവേഃ കർക്ക്യാദിഗകേന്ദ്രകോടിജ്യാതഃ "നാമാക്ഷക"പ്പും, വിധോഃ "നാമാ"പ്പും ... സ്വർണ്ണം, ത്വാ ഗതിഃ സ്യാൽ ഇത്യനാഖ്യാ

അവിടെ വേറെ വെച്ചിരിക്കുന്ന ആദിത്യമധ്യമത്തിൽ നിന്നു മന്ദോച്ചത്തെയും, ചന്ദ്രമധ്യമത്തിൽ നിന്നു ഉച്ചത്തെയും വാങ്ങി, രണ്ടിന്റെയും കർക്കിമകരാദി നിശ്ചയിച്ച്, രണ്ടിൽ നിന്നും ഭുജാജ്യാവു കണ്ടു, ആദിത്യന്റെ ഭുജാജ്യാവിനെ "നാലായിരം" എന്ന ഹാരം കൊണ്ടും, ചന്ദ്രന്റെ ഭുജാജ്യാവിനെ "നാമ" എന്ന ഹാരം കൊണ്ടും ഹരിക്കുക: കിട്ടുന്ന ഫലം കലകളാകുന്നു. ശേഷത്തെ നാൽ പെരുക്കി വീണ്ടും ഹരിച്ച് വികലകളുമാക്കി, അതുകളെ അതാതിന്റെ വിപരീതമായ മധ്യഗതിയിൽ സംസ്കരിച്ചാൽ അതു സൂര്യചന്ദ്രന്മാരുടെ സ്ഫുടഗതിയായി വരുന്നതാകുന്നു. കേന്ദ്രജ്യാവ് കർക്യാദിയാകുന്നതിൽ ഫലം മധ്യഗതിയിൽ കൂട്ടുകയും, മകരാദിയാകുന്നതിൽ കളയുകയുമാണ വേണ്ടതു. ചന്ദ്രന്റെ സ്ഫുടഗതിയിൽ നിന്നു ആദിത്യന്റെ സ്ഫുടഗതി വാങ്ങിയാൽ ശേഷം ഗത്യന്തരമാകുന്നു. സ്ഫുടഗതി രണ്ടും, ഗത്യന്തരവും പേരിട്ടു ചാർത്തുക.

## ൨൩൮

അനന്തരം സമയിപ്പിച്ചു പതനുവാൻ പറയുന്നു.

(ശ്ലോ.) വ്യർക്കശശികലാ ഗത്യന്തരാപ്താഃ പശ്ചിമ സപർജ്ജമിതി— ഗ്രഹണനാഴികകൾ ശേഷം.

അവിടെ ആദിത്യസ്ഫുടവും ചന്ദ്രസ്ഫുടവും വേറെ വെച്ചു ചന്ദ്രസ്ഫുടത്തിൽ നിന്നു സൂര്യസ്ഫുടം വാങ്ങിയിരിക്കെ, ഉച്ചയെങ്കിൽ ഉച്ചയാക്കി, ആ ഉച്ചയെ ഏറെ വികലയാക്കുകയും, അങ്ങിനെ ഗത്യന്തരത്തിന്റെ വികലകളെ നാൽ ഏറെ ഗുണിച്ചിട്ടു കൊണ്ടു ഹരിക്കുകയും ചെയ്താൽ അപ്പോൾ കിട്ടുന്ന ഫലം നാഴികയാകുന്നു. ശേഷത്തെ നാൽ പെരുക്കി ഹരിച്ചു വിനാഴികളും ഉണ്ടാക്കുകയും, ആ നാഴി

കവിനാഴികകളെ പ്രായികപർവ്വാന്തത്തിൽ സംസ്കരിക്കയും വേണം. സൂര്യനെ വാങ്ങിയ ചന്ദ്രൻ മേഷാദിയാണെങ്കിൽ ഋണവും, തുലാദിയാണെങ്കിൽ ധനവുമായിട്ടാണ പ്രായികപർവ്വാന്തത്തിൽ സംസ്കരിക്കേണ്ടത്.

൧൦൫

(വൃത്ത്) ഭുക്തിലവാഹതാ യോ വിഹഗേശ്ചതി— ഭുക്തിലവാപ്തയോഃ വിഹഗേശ്ച ച ഭുത്യാനാഡ്യഃ. സ്വർണ്ണം കുര്യാൽ ഭുത്യാത്താപി ദ്വാദശാഭ്യസ്തഃ.

ഇപ്പോൾ ഗണ്യാന്തരത്തിന്റെ ഇലികളെക്കൊണ്ടു ഹരിച്ചുണ്ടാക്കിയ നാഴികയും വിനാഴികയും വെച്ചു സൂര്യന്റെ സ്ഫുടഗതികൊണ്ടു ചോട്ടം മുകളും പെരുക്കി നാല്പതിൽ കയറി സൂര്യസ്ഫുടത്തിലും, ചന്ദ്രന്റെ സ്ഫുടഗതികൊണ്ടു പെരുക്കി കയറി ചന്ദ്രസ്ഫുടത്തിലും സംസ്കരിക്കണം. ഋണധനം ഇവിടെയും പ്രായികപർവ്വാന്തത്തിലെ പ്രകാരം തന്നെയാകുന്നു. ഇങ്ങിനെ സംസ്കരിച്ചാൽ രണ്ടു സ്ഫുടങ്ങളും സമമായി വന്നുവെങ്കിൽ അതു സമലിപ്തകളാകുന്നു. രണ്ടു സ്ഫുടത്തിന്റെയും ഇലികൾ ഒന്നുവന്നാൽ മതി, വിലികൾ ഒന്നുവരേണമെന്നില്ല: അപ്പോൾ ഇലികൾ ഒന്നുവന്നില്ലെങ്കിൽ പിന്നെയും ചന്ദ്രനെ വെച്ചു അതിൽ നിന്നും തുടങ്ങുന്ന വാങ്ങുക (മുൻപാരയിൽ പറഞ്ഞ ക്രിയ) മുതൽക്കുള്ള ക്രിയകളെല്ലാം, രണ്ടിന്റെയും ഇലികൾ ഒന്നുവരുന്നതുവരെ, പിന്നെയും പിന്നെയും ചെയ്യുകയും വേണം. രണ്ടിന്റെയും ഇലികൾ സമമായി വന്നാൽ അതു സമലിപ്തമാകുന്നു. സമലിപ്തമായാൽ പിന്നെ അതിൽ തെറ്റു കയ്യാം. സമലിപ്തവന്ന നേരമാകുന്നു പർവ്വാന്തം സോമഗ്രഹണത്തിന്റെ മദ്ധ്യകാലമാകുന്നു. സൂര്യഗ്രഹണത്തിൽ സമലിപ്തവന്ന നേരമായ ഈ പർവ്വാന്തം സ്ഫുടപർവ്വാന്തം മാത്രമെ ആകുന്നുള്ളു. ഈ സ്ഫുടപർവ്വാന്തത്തിൽ, മുകളിൽ പറയും പ്രകാരം നതലംബനം സംസ്കരിച്ചാലെ സൂര്യഗ്രഹണത്തിലെ മദ്ധ്യകാലം കിട്ടുകയുള്ളു.

## ൨൦൩

(വ്യ) ഗ്രാഹ്യായാം മ. കലിപ്തേ രീതി—ക്രമേണാനയേൽ.

പിന്നെ ഭൂമിയിലെ അസ്തമയലഗ്നം വിലിയാദിയായി ഉണ്ടാക്കി സമലിപ്തയിലും രാഹുവിലും വിലിയാദിയായി സംസ്കരിക്കണം. പിന്നെ അതു രണ്ടിനും വിലയിൽ അപ്പോധിക്യമുണ്ടെങ്കിൽ അതും കൂടി ഇലിയിൽ കൂട്ടി രണ്ടിന്റേയും വിലി കളയാം. പിന്നെ ആസ്സായനസമലിപ്തയും രാഹുവും പേരിട്ട ചാൎത്തുകയും ചെയ്ക.

## ൨൦൪

ഇനി സൂൎയ്യചന്ദ്രന്മാരുടെ ബിംബങ്ങൾ വരുത്തുവാൻ പറയുന്നു.



(വ്യ) സൂൎയ്യസ്യ "നവകൈ" "നടൈ" ശ്ശശിനോ ഹതൌ "കമാരൈ" ർഹരേൽ ബിംബൌ ഇതി—സൂൎയ്യസ്യ ശശിനശ്ച "നവകൈ" "നടൈഃ" ഹതൌ "കമാരൈ" ർഹരേൽ ബിംബൌ ഉത്പന്നൌ സ്യാതാമിതി ശേഷഃ.

ആദിത്യന്റെ സ്ഫുടഗതി വെച്ച് അതിന്റെ ഇലിയേയും വിലിയേയും "നവകൈ" (൧൪൦) കൊണ്ടു പെരുക്കി വിലി ൬൦-ൽ കയററി ആ ഇലിയെ "കമാരൻ" എന്ന ൨൫൧ കൊണ്ടു ഹരിച്ചാൽ ഉണ്ടാകുന്ന ഫലം ഇലിയാകുന്നു; ശേഷത്തെ ൬൦-ൽ പെരുക്കി "കമാര" നെ കൊണ്ടു ഹരിച്ച വിലിയും വരുത്തിയാൽ അതു സൂൎയ്യബിംബമാകുന്നു. പിന്നെ ചന്ദ്രന്റെ സ്ഫുടഗതിയെ "നടൈഃ" എന്ന ൧൦ കൊണ്ടു പെരുക്കി "കമാര" നെ കൊണ്ടു തന്നെ ഹരിച്ച് ഇലിയും ശിഷ്ടത്തിൽ നിന്നു വിലിയും ഉണ്ടാക്കിയാൽ അതു ചന്ദ്രബിംബവുമാകുന്നു.

## ൨൦൫

ഇനി താരാബിംബങ്ങളെ വരുത്തുവാൻ പറയുന്നു.

(൧൯) "രാശി" "കല" ഇത്യാദികളായ "വിപരീതച്ഛേദ്യ" സ്ഥലങ്ങൾ—[illegible]

ചന്ദ്രന്റെ സ്ഫുടഗതി ചെയ്തു് അതിന്റെ ഇലിയും വിലിയും "ശുക്ര" എന്ന ഫലം കൊണ്ടും, സൂര്യഗതിചെയ്തു് അതിന്റെ ഇലിയും വിലിയും "ഭവാൻ" എന്ന സംഖ്യ കൊണ്ടും പെരുക്കി രണ്ടിന്റേയും വിലി നാ—ൽ കയറി ഇലിയാക്കുകയും, ഈ പെരുക്കി കയറിയ ചന്ദ്രഗതിയിൽ നിന്നു പെരുക്കികയറിയ സൂര്യഗതി കുറയ്ക്കുകയും ചെയ്ക; ശേഷത്തെ "ലിപിസ്യൂർ" എന്ന ഫലം കൊണ്ടു ഹരിച്ച ഇലിയും, ശേഷത്തെ നാ—ൽ പെരുക്കി ഹരിച്ച വിലിയും വരുത്തിയാൽ അതു തമോബിംബമാകുന്നു. ആ ബിംബങ്ങളും പേരിട്ടു മാറ്റുക.

ഇവിടെ ചന്ദ്രഗ്രഹണത്തിനു സൂര്യബിംബവും സൂര്യഗ്രഹണത്തിനു തമോബിംബവും വരുത്തേണ്ടതില്ലെന്നും ധരിച്ചു കൊൾക. ചന്ദ്രബിംബവും തമോബിംബവും തമ്മിൽ കൂട്ടി അർദ്ധിച്ചു വന്നതു ചന്ദ്രഗ്രഹണത്തിന്റേയും, സൂര്യബിംബവും ചന്ദ്രബിംബവും തമ്മിൽ കൂട്ടി അർദ്ധിച്ചു വന്നതു സൂര്യഗ്രഹണത്തിന്റേയും 'സമ്പർക്കാർദ്ധ' മാകുന്നു. പിന്നെ ഈ സമ്പർക്കാർദ്ധത്തെ വേറെ കുറിച്ചുവെച്ചു അതിന്റെ ഇലി നാ—ൽ പെരുക്കി വിലിയാക്കി വർഗ്ഗിക്കുകയും, ആ സമ്പർക്കാർദ്ധവും സമ്പർക്കാർദ്ധവർഗ്ഗവും പേരിട്ടു മാറ്റുകയും ചെയ്ക. ഈ ക്രിയകളെല്ലാം രണ്ടു ഗ്രഹണത്തിനും ഒരുപോലെയുമാകുന്നു.

## ൨.൦൬

ഇനി സൂര്യഗ്രഹണത്തിനുള്ള വിശേഷക്രിയ പറയുന്നു; ഇതുകൊണ്ടു് "ലംബന" ത്തെ വരുത്തുവാനാണു് പറയുന്നതു്.

(ശ്ലോ) ആക്ഷം "സ്വന്ദരകാ" ക്ഷരോഹദിദളം ഇതി— "സ്വന്ദരകാ" ക്ഷരോഹദിദളം ആക്ഷം ഇത്യന്വയഃ. സ്യാ ദിതി ശേഷഃ.

സ്വദേശത്തെ പലാംഗുലം വെച്ച്, അതിന്റെ ഇലിയും വിലിയും "സ്വന്ദരക" എന്ന ൧൨൨൭ നിളത്തിൽ വെച്ചു പെരുക്കി വിലിയെ സ്വാ—ൽ കയറി ഇലിയിൽ കൂട്ടി അർദ്ധിച്ചാൽ അതിന്ന 'ആക്ഷം' എന്നു പേരാകുന്നു. ഈ ആക്ഷം എപ്പോഴും ഇലാദിയുമാണു. ഇതും പേരിട്ട ചാർത്തുക.

൨൦൯

അനന്തരം ഭേച്ഛിത്തിനെ വരുത്തുവാൻ പറയുന്നു.

(ശ്ലോ) "നാമ" സ്വഹാരാന്തത്തു "പാദാ" ഹൃതോ ഗതിരേരാഗവി ഹൃതോ ഭേച്ഛിദാദ്യോ ഭവേൽ ഇതി— ക്രമേണാന്വയഃ.

സ്വദേശഹാരകത്തെ "നാമം" എന്ന ൨൦ കൊണ്ടു പെരുക്കി "പാദം" എന്ന ൧൧ കൊണ്ടു ഹരിക്കുക: അപ്പോൾ കിട്ടുന്ന ഫലത്തെ അറുപതിൽ പെരുക്കി ഗത്യന്തരംകൊണ്ടു ഹരിക്കുകയും ചെയ്ക: കിട്ടുന്ന ഫലം ഇലിയാകുന്നു. ശേഷം കൊണ്ടു വിലിയും വരുത്തിയാൽ അതിന്നു 'ഭേച്ഛിത്തു' എന്നു പേരാകുന്നു. ഇതിന്നു "നതിഹാരകം" എന്നും പെരുപറയാറുണ്ടു. അതും പേരിട്ട ചാർത്തുക.

൨൧൦

ഇനി ലംബനം വരുത്തുവാൻ പറയുന്നു.

(ശ്ലോ) ത്രിഘ്നാ പ്രാണകലാന്തരം ചരമിതി സ്വധർമ്മാംശ്ചക്ഷപേൽ നാഡികാ രാശൌ കാലവിലഗ്നക മിതി— ഇതി പ്രാണകലാന്തരം ചരം ചത്രിഘ്നാ, ധർമ്മാംശ്ചക്ഷപേൽ നാഡികാഃ രാശൌ ക്ഷിപേൽ, കാലവിലഗ്നക മിത്യന്വയഃ. സ്യാ ദിതിശേഷഃ.

സായനസമലിപ്തയെ സ്പഷ്ടമെന്നു കല്പിച്ചു അതുകൊണ്ട ഭുജജ്യ വരുത്തി വെച്ച്, അതിൽനിന്നും ചരപ്രാണകലാന്തരങ്ങൾ കൊണ്ടു ദിക്കിന്നു തക്കവണ്ണം മൂന്നിൽ സംസ്കരിച്ച്, അ

ഷ്ൻ

തിന്റെ തിഥിയിൽ സ്ഫുടപർവ്വഗതനാഴികകളേയും, ഇഷ്ടിയിൽ സ്ഫുടപർവ്വാന്തവിനാഴികകളേയും ആറിൽ പെരുക്കി കൂട്ടുക. എന്നാൽ അതു 'കാലലഗ്ന'മാകുന്നു.

൨൧൮

(ശ്ലോ) ചരഹതാദ്യ വിത്രിഭജ്യാ ന്നയേ ദിതി— വിത്രിഭജ്യാഃ ചരഹതാദ്യ ന്നയേ ദിത്യന്വയഃ.

പിന്നെ, സായനസമലിപ്തയെ ചന്ദ്രനെന്നു കല്പിച്ച് ഒരിക്കൽകൂടി രണ്ടെടുത്തു വെച്ച്, ഒന്നിൽനിന്നു മൂന്നുരാശി കളഞ്ഞു മേഷതുലാദിയും ഓജയുഗ്മപദവും സൂക്ഷിച്ച്, അതിൽനിന്നു ഹാരജ്യാവും * സ്വദേശത്തെക്കുള്ള ചരജ്യാവും കൊള്ളണം. അവിടെ മേലിൽ പ്രാണകലാന്തരം വരുത്തുന്നതു ആവശ്യമാകയാൽ ഈ ഹാരജ്യാവും ചരജ്യാവും വരുത്തുമ്പോൾ തന്നെ പ്രാണകലാന്തരംകൂടി വരുത്തുക, എന്നാൽ എളുപ്പമുണ്ട്, ഹാരജ്യാവ് എപ്പോഴും ധനമാകുന്നു. ഈ മൂന്നു ജ്യാവുകളും വേറെടുത്തു വെക്കുക.

൨൧൯

(ശ്ലോ) ഹാരജ്യാസഹിതഃ സ്വഹാരചരണോ ഹാര ഇതി— ക്രമേണാന്വയഃ. സ്യാ ദിതി ശേഷഃ.

പിന്നെ സ്വദേശഹാരകത്തെ നാലിൽ ഹരിച്ചാൽ വരുന്ന ഫലത്തിൽ ഹാരജ്യാവ് കൂട്ടിയാൽ അതു 'ലംബനഹാരകം' ആകുന്നു.

൨൨൦

(ശ്ലോ) ത്രിഭോനജ്യാ വിധൌ കൎണ്ണേ സ്വാസുകലാന്തര മിതി— ത്രിഭോനജ്യാ വിധൌ സ്വാസുകലാന്തരം കൎണ്ണാദിത്യന്വയഃ.

പിന്നെയും സായനസമലിപ്തയെ ചന്ദ്രനെന്നു കല്പിച്ചു വേറെ വെച്ച് മൂന്നു രാശികൂട്ടി, മുമ്പേ വരുത്തിയ പ്രാണ

* ഹാരജ്യാവ ൧൯൮-ാം പാറയിൽ നോക്കുക.

കലാന്തരം ഓജയുഗ്മക്രമേണ ഋണധനമായി അതിൽ സംസ്കരിക്കണം.

൨൧൪

(൧൭) പുനരതഃ കാലൊന്നിതാൽ ദൊർഗ്ഗുണാൽ. ദിഗൈക്യവശാൽ ചരൊനസഹിതൊഃ ഹാരാപ്തയൊ ലംബന ലിപ്താ— പുനഃ കാലൊന്നിതാൽ അതഃ ദൊർഗ്ഗുണാഃ ദിഗൈക്യവശാൽ ചരൊനസഹിതഃ ഹാരാപ്തഃ ലംബന ലിപ്ത്യനപയഃ. സ്യാദിതി ശേഷഃ.

മേൽപ്പറഞ്ഞ വിധം പ്രാണകലാന്തരം സംസ്കരിച്ചിരിക്കുന്ന ചന്ദ്രനിൽനിന്നു മുമ്പുണ്ടാക്കിവെച്ചിട്ടുള്ള കാലലഗ്നത്തെ വാങ്ങി, തുലാമേഷാദി സൂക്ഷിച്ച് ഉള്ളക്ക മദ്ധ്യജ്യാവ (൨൦൨) കൊള്ളുകയും ആ ജ്യാവിൽ മുൻപ് ഉണ്ടാക്കിവെച്ചിരിക്കുന്ന ചരം സംസ്കരിക്കുകയും ചെയ്യു. രണ്ടും ദിക്ക ഒന്നാണെങ്കിൽ തമ്മിൽ കൂട്ടുകയും, രണ്ടാണെങ്കിൽ അന്തരിക്കുകയുമാണു വേണ്ടതു്. പിന്നെ ചരം സംസ്കരിച്ചിരിക്കുന്ന ഈ മദ്ധ്യജ്യാവിനെ മുൻ ഉണ്ടാക്കിവെച്ചിരിക്കുന്ന ലംബനഹാരകം കൊണ്ടു ഹരിക്കുക: കിട്ടുന്ന ഫലം നാഴികയാകുന്നു. ശേഷത്തെ ൬൦-ൽ പെരുക്കി "ലംബനഹാരകം" കൊണ്ടു ഹരിച്ചു വിനാഴികയും ഉണ്ടാക്കണം. എന്നാൽ അതു ലംബനമാകുന്നു. മദ്ധ്യജ്യാവിന്റെ തുലാമേഷാദി തന്നെയാണു ലംബനത്തിന്റെയും ദിക്ക്. അവിടെ മദ്ധ്യജ്യാവിനും ചരത്തിനും ദിക്ക രണ്ടായി വരികയും, ചരം വലുതായിരിക്കയും ചെയ്യുമ്പോൾ അവ തമ്മിൽ അന്തരിച്ചാൽ ചരം ശേഷിക്കുന്നതുകൊണ്ടു, അങ്ങിനെ വന്നാൽ ലംബനത്തിന്റെ ദിക്ക ചരത്തിന്റെ ദിക്കാണെന്നു ധരിക്കയും വേണം. ഉച്ചക്കു മുമ്പാണെങ്കിൽ ലംബനം ഋണമായിട്ടും, ഉച്ചതിരിഞ്ഞിട്ടാണെങ്കിൽ ധനമായിട്ടും മാത്രമെ വരികയുള്ളു വെന്നു നിയമമുണ്ടെന്നും അറിയണം.

൨൧൫

(൧൮) യദാ ലംബനലിപ്താഭിഃ ഋണചരാ ഹാരേണ ഘടികാദി— ക്രമേണാനയേൽ. സ്യാദിതി ശേഷഃ.

അവിടെ ലംബനം അവിശേഷം വരുത്തുവാൻ ഒന്നിലധികം തവണ ഇതുപോലെ ക്രിയ ചെയ്യേണ്ടിവരുന്നതു കൊണ്ടു, ഇപ്പോൾ (ഒന്നാമത്തെ പ്രാവശ്യം) പറഞ്ഞ ക്രിയകൾ മഹാച്ഛായാവു കൊള്ളുവാൻ പറഞ്ഞ സ്ഥാനത്തു ലംബനച്ഛായാവു കൊണ്ടു * അതിൽ ചരം സംസ്കരിച്ച ലംബനഹാരകംകൊണ്ടു ഹരിച്ചിട്ടു ലംബനം വരുത്താം. ആദ്യത്തെ ക്രിയകൾ ലംബനച്ഛായാവു കൊണ്ടാൽ പിന്നെ അവിശേഷം വരുത്തുവാൻ കുറെ എളുപ്പമുണ്ടു. രണ്ടാമത്തെ ക്രിയ മുതൽ മഹാച്ഛായാവു തന്നെ കൊള്ളുകയും വേണം.

## ൨൪൩
### ഇനി ലംബനത്തെ അവിശേഷിപ്പാൻ പറയുന്നു.

(൧൮) സ്പഷ്ടം പർവ്വണി രവിചന്ദ്രമസൌ നീത്വാ വദേദ്വൃഥക് സ്ഫുടേഷു ഇതി— അത്ര പർവ്വണി സ്പഷ്ടം രവിചന്ദ്രമസൌ നീത്വാ അവശേഷം സ്ഫുടമത്യന്തം. സ്യാദിതി ശേഷഃ.

അവിടെ ഒന്നാമത്തെ ക്രിയക്ക് ഉപായമായ ലംബനത്തെ ഋണധനത്തിന്നു തക്കവണ്ണം സ്ഫുടപർവ്വാന്തത്തിൽ സംസ്കരിക്കണം. അനന്തരം സമലിപ്തരായിരുന്ന രണ്ടെടുത്തു വെച്ച് ഒന്നിനെ സൂര്യനെന്നും മറ്റതിനെ ചന്ദ്രനെന്നും കല്പിച്ച്, പിന്നെ ലംബനം രണ്ടെടുത്തു വേറെ വെച്ച്, ഒന്നിനെ സൂര്യഗതികൊണ്ടു പെരുക്കി ഹരിച്ചു സമലിപ്താദിത്യനിലും, മറ്റതിനെ ചന്ദ്രഗതികൊണ്ടു പെരുക്കി ഹരിച്ചു സമലിപ്തചന്ദ്രനിലും ഋണധനത്തിന്നു തക്കവണ്ണം സംസ്കരിക്കയും, ആ ആദിത്യനെ വെച്ച് മുമ്പു പറഞ്ഞതുപോലെ കാലലഗ്നം വരുത്തുകയും വേണം. അതിന്നു ഇവിടെ ലംബനം സംസ്കരിച്ചിരിക്കുന്ന സ്ഫുടപർവ്വാന്തനാഴികവിനാഴികകളെ ആണ് ആദിൽ പെരുക്കി കൂട്ടേണ്ടതെന്ന ഭേദത്തെ ധരിക്കയും വേണം.

* മറ്റൊരു പാഠത്തിൽ ലംബനച്ഛായാവു ചേർത്തിട്ടുണ്ട്.

പിന്നെ ഇവിടേക്ക് തൽക്കാലിച്ചു വെച്ച ചന്ദ്രനെ വെച്ച് മൂന്നു രാശി വാങ്ങി ഹാരജ്യാവും ചരജ്യാവും പ്രാണകലാന്തരജ്യാവും വരുത്തുക തുടങ്ങിയ ക്രിയ ചെയ്തു ലംബനം വരുത്തുക. ഇങ്ങിനെ ലംബനത്തിന്നു അവിശേഷം വരുന്നു വരെ പിന്നേയും പിന്നേയും ക്രിയ ചെയ്തു അവിശേഷം വരുത്തണം. അവിശേഷം വന്ന ലംബനം സ്ഫുടപര്യന്തത്തിൽ ഋണധനത്തിന്നു തക്കവണ്ണം സംസ്കരിച്ചാൽ അതു സ്പഷ്ടഗ്രഹണത്തിന്റെ മദ്ധ്യകാലമാകുന്നു. ആ മദ്ധ്യകാലത്തെയും, ആ മദ്ധ്യകാലത്തേക്കുള്ള സൂര്യചന്ദ്രകാലലഗ്നലംബനങ്ങളേയും പേർത്തു ചാർത്തുക.

൨൫

ഇനി "നതി" വരുത്തുവാൻ പറയുന്നു.

(൧൨) അക്ഷാ വിത്രിഭകോലഗ്നൈക്യമാദൃതാൾ ദോഃഫലാപ്താ നതിർ— വിത്രിഭകോലഗ്നൈക്യമാദൃതാൾ അക്ഷ്യാൽ ഭോഃഫലാപ്താ നതിർ ന്ത്യ നപയം. സ്മാർത്തി ശേഷം.

പിന്നെ മദ്ധ്യകാലത്തിങ്കലെ കാലലഗ്നത്തിൽ നിന്നു മൂന്നു രാശി വാങ്ങി ഉദയമേഷാദി സ്ഫുടിച്ചുണ്ടാക്കിയ മഹാജ്യാവു കൊള്ളുകയും, ആ ജ്യാവിനെ മുമ്പെ ഉണ്ടാക്കിയ അക്ഷത്തിൽ സംസ്കരിക്കുകയും വേണം. മഹാജ്യാവും അക്ഷവും ദിക്കൊന്നാണെങ്കിൽ തമ്മിൽ കൂട്ടുകയും, ഭേദമെങ്കിൽ അന്തരിക്കുകയുമാണ വേണ്ടതു്. ഇങ്ങിനെ മഹാജ്യാവു് സംസ്കരിച്ചിരിക്കുന്ന അക്ഷത്തെ മുൻപു ഉണ്ടാക്കി വെച്ചിരിക്കുന്ന ഭേദച്ഛിത്തുകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം ഇഷ്ടിയാകുന്നു; ഛേദംകൊണ്ടു വിലിച്ചും ഉണ്ടാക്കിയാൽ അതു 'നതി' ആകുന്നു. അക്ഷം വില്ലാ കാലവും ഉദാദിയാകയാൽ മഹാജ്യാവും അക്ഷവും ദിക്കൊന്നാണെങ്കിൽ നതിയുടെ ദിക്കു ഇതു തന്നെ*; ദിക്കു രണ്ടാണെങ്കിൽ, അവ തമ്മിൽ അന്തരിച്ചാൽ ശേഷി

കന്നതിന്റെ ദിക്കുമാകുന്നു നതിയുടെ ദിക്ക്. ഇതെല്ലാം സൂര്യ ഗ്രഹണത്തിനുള്ള പ്രത്യേക ക്രിയകളാകുന്നു.

## ൨൮൭

ഇനി രണ്ടു ഗ്രഹണത്തിന്നും ഒന്നായിട്ടുള്ള ക്രിയയാണ പറയുന്നതു. ഇതിൽ ആദ്യം വിക്ഷേപം വരുത്തുവാൻ പറയുന്നു.

(൪൨) ക്ഷേപോ വിനഹതാ വ്യഹീന്ദുജ്യയാ "കാമൈ"ർഹൃതഃ സ്യാദിതി ശേഷഃ. വിനാഹതാൽ വ്യഹീന്ദുജ്യാതഃ "കാമൈ"രേഷ ക്ഷേപഃ സ്യാദിത്യന്വയഃ.

പിന്നെ മദ്ധ്യകാലചന്ദ്രനിൽ നിന്നു സായനരാഹുവിനെ വാങ്ങി, തുലാമേഷാദി സ്വീകരിച്ച് ഉളവാകും മഹാജ്യാവുകൊള്ളുകയും, ആ ജ്യാവിനെ നാലിൽ പെരുക്കി "കാമ"എന്നതുകൊണ്ടു ഹരിക്കുകയും ചെയ്യു, അപ്പോൾ കിട്ടുന്ന ഫലം ഇലിയാകുന്നു. ശേഷംകൊണ്ടു വിലിയും ഉണ്ടാക്കിയാൽ അതു വിക്ഷേപമായി വരും. സോമഗ്രഹണത്തിലെ വിക്ഷേപം വരുത്തുന്നേടത്തു കുറച്ചു വിശേഷമുള്ളതിനെ പറയുന്നു.

സോമഗ്രഹണത്തിന്നു ലംബനസംസ്കാരമില്ലാത്തതിനാൽ മദ്ധ്യകാലചന്ദ്രനെ വെക്കേണ്ടേടത്തു സായനസമലിപ്തയാണ വേണ്ടതു. ഇവിടെ വരുത്തിയ വിക്ഷേപം വിക്ഷേപവുമാണ. മഹാജ്യാവിന്റെ തുലാമേഷാദിഭേദംപോലെയാണ് വിക്ഷേപത്തിന്റെ തുലാമേഷാദി ദിക്കുഎന്നും അറിയണം. ഈ വിക്ഷേപവും പേരിട്ടു ചാർത്തുക.

## ൨൮൮

സൂര്യഗ്രഹണത്തിൽ മേൽപ്രകാരം വരുത്തിയ വിക്ഷേപത്തിൽ ഒരു സംസ്കാരവും കൂടിയുണ്ടു. അതാണിനി പറയുന്നതു.

(൪൨) സന്നത്യാ കൃത ഇതി— ക്രമേണാന്വയഃ. വിക്ഷേപഃ സ്യാദിതി ശേഷഃ.

ഈ വിക്ഷേപത്തിൽ മുമ്പെ ഉണ്ടാക്കിയ നതി സംസ്കരിച്ചാൽ അതു സൂൎയ്യഗ്രഹണത്തിലെ വിക്ഷേപമായി വരും. അതിനും പേരിട്ടു ചാൎത്തുക. വിക്ഷേപവും നതിയും ദിക്കു ഒന്നാണെങ്കിൽ തമ്മിൽ കൂട്ടുകയും, ഒന്നല്ലെങ്കിൽ തമ്മിൽ അന്തരിക്കുകയുമാണ വേണ്ടതു്. അന്തരിക്കുകയാണ ചെയ്യുന്നതെങ്കിൽ ശേഷിച്ചതിന്റെ ദിക്കാണ വിക്ഷേപത്തിന്റെ ദിക്കെന്നും ധരിക്കണം.

൫൨.

ഇനി പരമഗ്രാസം വരുത്താൻ പറയുന്നു.

(൪൩) തം സമ്പക്കാൎദ്ധാദ്വിക്ഷേപോജ്ഝ്യ പരമഗ്രാസപ്രമാണം വിദ്യാദിതി— ക്രമേണാന്വയഃ.

ചന്ദ്രഗ്രഹണത്തിങ്കലെ സമ്പക്കാൎദ്ധത്തിൽ നിന്നു ചന്ദ്രഗ്രഹണത്തിന്റെ വിക്ഷേപം വാങ്ങിയാൽ ശേഷം ചന്ദ്രഗ്രഹണത്തിന്റെ പരമഗ്രാസപ്രമാണമാകുന്നു. സൂൎയ്യഗ്രഹണത്തിങ്കലെ സമ്പക്കാൎദ്ധത്തിൽ നിന്നു സൂൎയ്യഗ്രഹണത്തിന്റെ വിക്ഷേപം വാങ്ങിയാൽ ശേഷമുള്ളതു സൂൎയ്യഗ്രഹണത്തിന്റെ പരമഗ്രാസപ്രമാണവുമാകുന്നു. പരമഗ്രാസം എന്നു പറയുന്നതു, അതാതു ബിംബത്തിന്നുള്ള ഇലികളിൽ പരമഗ്രാസത്തിന്റെ ഇലികളോളം ഗ്രസിക്കും (മറയും) എന്നാകുന്നു.

ഇവിടെ രണ്ടു ഗ്രഹണത്തിന്നും സമ്പക്കാൎദ്ധത്തെക്കാൾ വിക്ഷേപം വലുതായി വന്നാൽ ആ വാവിന്നു ഗ്രഹണമില്ലെന്നും, വിക്ഷേപത്തെക്കാൾ സമ്പക്കാൎദ്ധം വലുതായി വന്നാൽ ഗ്രഹണമുണ്ടെന്നും അറിയണം. എന്നാൽ പരമഗ്രാസം സൂൎയ്യബിംബത്തിന്റെ ൧൨-ൽ ഒരംശത്തിൽ കുറഞ്ഞാൽ, സൂൎയ്യഗ്ര

ഗ്രഹണവും, ചന്ദ്രബിംബത്തിന്റെ ൧൬-ൽ ഒരംശത്തിൽ കുറയാതെ ചന്ദ്രഗ്രഹണവും വർജ്ജിക്കേണ്ടു എന്നു അറിക. ബിംബത്തിന്റെയും പരമഗ്രാസത്തിന്റെയും ഇലികളുടെ അംശങ്ങളെ നോക്കീട്ടാണ "കാൽഗ്രഹണം" അർദ്ധഗ്രഹണം എന്നും മററും പറയുന്നതു. പരമഗ്രാസവും ബിംബവും സമമായി വന്നാൽ സമസ്ത (മുഴുവനും മറയുന്ന) ഗ്രഹണമുണ്ടെന്നും ധരിക്കാം.

൨൨൭

ഇനി സ്ഥിത്യർദ്ധം വരുത്തുവാൻ പറയുന്നു.

(൨൩) ക്ഷേപൈക്യവർഗ്ഗവിയുതാന്തരവർഗ്ഗമൂലം ഗത്യന്തരാംശാപ്തം സ്ഥിത്യർദ്ധം ഘടികാ ഇന്ദ്വർക്കയോഃ സ്യാദിതി ബോധ്യം.

അതാതിന്റെ (സൂര്യഗ്രഹണത്തിന്നു അതിന്റെയും ചന്ദ്രഗ്രഹണത്തിന്നു അതിന്റെയും) വിക്ഷേപത്തെ വേറാക്കി വിലിയാക്കി വർഗ്ഗിച്ചതിനെ മാനൈക്യാർദ്ധവർഗ്ഗത്തിൽ നിന്നും കളയുകയും, ശേഷത്തെ മൂലിച്ചു ഗത്യന്തരം കൊണ്ടു ഹരിക്കുകയും ചെയ്താൽ അതു മദ്ധ്യകാലസ്ഥിത്യർദ്ധമാകുന്നു. ഹരിച്ചാൽ ആദ്യം കിട്ടുന്ന ഫലം സ്ഥിത്യർദ്ധത്തിന്റെ നാഴികകളാകുന്നു. ശേഷംകൊണ്ടു വിനാഴികയും ഉണ്ടാക്കുകയും വേണം.

ഇനി ഈ മദ്ധ്യകാലസ്ഥിത്യർദ്ധം കൊണ്ടു സ്പർശമോക്ഷകാലങ്ങളിലെ സ്ഥിത്യർദ്ധമുണ്ടാക്കി അവകളെ അവിശേഷിപ്പാൻ പറയുന്നു. അവിടെ ചന്ദ്രഗ്രഹണത്തിന്റെ ക്രിയ വേറിട്ടു തന്നെ പറഞ്ഞാൽ കുറെ എളുപ്പമുണ്ടാകകൊണ്ടു അതു മുമ്പെ പറയുന്നു. ചന്ദ്രഗ്രഹണത്തിന്നു മദ്ധ്യകാലത്തെ ഉണ്ടാക്കിയ സ്ഥിത്യർദ്ധത്തെ ചന്ദ്രഗതികൊണ്ടു പെരുക്കിക്കിട്ടിയതിനെ സായനസമലിപ്തചന്ദ്രനിൽ നിന്നു വാങ്ങുകയും, ആ ചന്ദ്രനി

ൽ നിന്നു രാഹുവിനെ വാങ്ങി മുൻപറഞ്ഞതുപോലെ ചന്ദ്രവിക്ഷേപവും, ആ വിക്ഷേപംകൊണ്ടു സ്ഥിത്യർദ്ധവും വരുത്തുകയും ചെയ്താൽ അതു സ്പർശകാലസ്ഥിത്യർദ്ധമാകുന്നു. പിന്നെ ആ സ്പർശകാലസ്ഥിത്യർദ്ധത്തെ ചന്ദ്രഗതികൊണ്ടു പെരുക്കിക്കയററി സമലിപ്തയിൽ നിന്നു കളഞ്ഞു, ആ ചന്ദ്രനെക്കൊണ്ടു പിന്നെയും വിക്ഷേപവും സ്ഥിത്യർദ്ധവും ഉണ്ടാക്കുക. ഇങ്ങിനെ സ്പർശകാലസ്ഥിത്യർദ്ധവും അവിശേഷിച്ചു വരുത്തുക. പിന്നെ മദ്ധ്യകാലസ്ഥിത്യർദ്ധത്തെ ചന്ദ്രഗതികൊണ്ടു പെരുക്കിക്കയററി സമലിപ്തയിൽ കൂട്ടുകയും, ആ ചന്ദ്രനെക്കൊണ്ടു ചന്ദ്രവിക്ഷേപവും സ്ഥിത്യർദ്ധവും ഉണ്ടാക്കുകയും ചെയ്താൽ അതു മോക്ഷകാലസ്ഥിത്യർദ്ധമാകുന്നു. പിന്നെ ആ മോക്ഷകാലസ്ഥിത്യർദ്ധത്തെ ചന്ദ്രഗതികൊണ്ടു പെരുക്കിക്കയററി സമലിപ്തയിൽ കൂട്ടി, ആ ചന്ദ്രനിൽ നിന്നു രാഹുവിനെ വാങ്ങി മുമ്പു പറഞ്ഞപോലെ ചന്ദ്രവിക്ഷേപവും സ്ഥിത്യർദ്ധവും അവിശേഷം വരുത്തുന്നു. അവിടെ ചന്ദ്രഗ്രഹണത്തിന്നു മദ്ധ്യകാലം സ്ഫുടപർവ്വാന്തം തന്നെയാകുന്നു. മദ്ധ്യകാലം സ്ഫുടപർവ്വാന്തം തന്നെ ആകകൊണ്ടു ആ മദ്ധ്യകാലത്തിൽ നിന്നു അവിശേഷം വന്ന സ്പർശകാലസ്ഥിത്യർദ്ധം വാങ്ങിയാൽ ശേഷമുള്ളതു ചന്ദ്രഗ്രഹണത്തിന്റെ സ്പർശകാലമാകുന്നു. പിന്നെ ആ മദ്ധ്യകാലത്തിൽ അവിശേഷം വന്ന മോക്ഷകാലസ്ഥിത്യർദ്ധം കൂട്ടിയാൽ മോക്ഷകാലവും വരുന്നതാണ്. ഇങ്ങിനെ, സ്പർശസ്ഥിത്യർദ്ധവും മോക്ഷസ്ഥിത്യർദ്ധവും വരുത്തുമ്പോൾ പരമഗ്രാസം വരുത്തേണ്ട എന്നു ഭേദം. ഇങ്ങിനെ വരുത്തിയ സ്പർശകാലസ്ഥിത്യർദ്ധവും, മോക്ഷകാലസ്ഥിത്യർദ്ധവും സ്പർശകാലവും, മോക്ഷകാലവും, ആ രണ്ടു സമയങ്ങളിലെക്കുള്ള വിക്ഷേപങ്ങളും പേരിട്ടു ചാർത്തുക.

൨൨൨

ഇനി സൂര്യഗ്രഹണത്തിന്റെ ക്രിയാശേഷത്തെ പറയുന്നു.

(൪൩) ക്രാന്ത്യംബനയനാന്തം പൂർണ്ണാന്ത്യലംബനം. സ്ഥിത്യർദ്ധം ച വിധായ കേവലവിധോഃ കൃത്വാ വശിഷ്ടഃ സ്ഫുടഃ മോക്ഷസ്പർശതിഥീ ഇതി— ക്രാന്ത്യംബനം പൂർണ്ണതിഥ്യന്തം ഉണ്ടാം, അതിൽ ലംബനം സ്ഥിത്യർദ്ധം ച കേവലവിധോഃ വിധായ അവശിഷ്ടം കൃത്വാ മോക്ഷസ്പർശതിഥീ സ്ഫുടേ ഇത്യന്വയഃ കാര്യം ഇതി ശേഷഃ.

അവിടെ സൂര്യഗ്രഹണത്തിന്റെ മദ്ധ്യകാലത്തിൽനിന്ന മദ്ധ്യകാലസ്ഥിത്യർദ്ധം വാങ്ങി, തൽകാലത്തേക്ക സമലിപ്താദിത്യചന്ദ്രന്മാരെ തൽകാലിച്ച്, ആ ആദിത്യനെകൊണ്ട കാലലഗ്നം വരുത്തുക: അവിടെ തൽകാലനാഴികകളാകുന്നതിൽ പെരുക്കി കൂട്ടേണ്ടു. പിന്നെ മുൻപറഞ്ഞതുപോലെ ദൃക്ക്ഷേപജ്യാവും, ചരജ്യാവും, ലംബനവും നതിയും വിക്ഷേപവും, സ്ഥിത്യർദ്ധവും വരുത്തേണം. എന്നാലതു സ്പർശകാലസ്ഥിത്യർദ്ധമാകുന്നു. ഇവിടെയും പരമഗ്രാസം വരുത്തേണ്ടു. പിന്നെ അപ്പോഴത്തെ ലംബനത്തെ സ്ഫുടപർവ്വാന്തത്തിൽ സംസ്കരിച്ച്, അതിൽ നിന്ന സ്പർശകാലസ്ഥിത്യർദ്ധം വാങ്ങി, തൽകാലത്തേക്ക സൂര്യചന്ദ്രന്മാരെ തൽകാലിച്ച്, അതുകൊണ്ട കാലലഗ്നാദി സ്ഥിത്യർദ്ധാന്തം വരുത്തി, അപ്പോഴത്തെ ലംബനം സംസ്കരിച്ചിരിക്കുന്ന സ്ഫുടപർവ്വാന്തത്തിൽ നിന്ന അപ്പോഴത്തെ സ്പർശസ്ഥിത്യർദ്ധം വാങ്ങി, അവിടേക്ക സൂര്യചന്ദ്രന്മാരെ തൽകാലിച്ച്, അതുകൊണ്ടും ഇതിനെ തന്നെ ക്രിയ ചെയ്ത് സ്പർശലംബനസ്ഥിത്യർദ്ധങ്ങൾക്ക അവിശേഷം വരുത്തുക. പിന്നെ അവിശേഷം വന്നിരിക്കുന്ന സ്പർശലംബനം സ്ഫുടപർവ്വാന്തത്തിൽ സംസ്കരിച്ച്, അതിൽനിന്ന അവിശേഷം വന്നിരിക്കുന്ന സ്പർശസ്ഥിത്യർദ്ധം വാങ്ങിയത സൂര്യഗ്രഹണത്തിന്റെ സ്പർശകാലമാകുന്നു. ഈ സ്പർശകാലവും,

തൽകാലത്തെക്കുള്ള സൂൎയ്യചന്ദ്രസ്ഫുടങ്ങളും, കാലലഗ്നാദി സ്ഥിത്യൎദ്ധാന്തവും പേരിട്ട ചാൎത്തുക. പിന്നെ മദ്ധ്യകാലസ്ഥിത്യൎദ്ധം മദ്ധ്യകാലത്തിൽ കൂട്ടി, അവിടെക്ക സമലിപ്താദിത്യചന്ദ്രന്മാരെ തൽക്കാലിച്ച് അതുകൊണ്ടു കാലലഗ്നാദി സ്ഥിത്യൎദ്ധാന്തം വരുത്തിയാൽ അതു മോക്ഷസ്ഥിത്യൎദ്ധമാകുന്നു. പിന്നെ അപ്പോഴുണ്ടായ ലംബനം സ്ഫുടപൎവ്വാന്തത്തിൽ സംസ്കരിച്ച്, മോക്ഷസ്ഥിത്യൎദ്ധം കൂട്ടി, അവിടെക്ക സൂൎയ്യചന്ദ്രന്മാരെ തൽക്കാലിച്ചു, സ്പൎശകാലത്തിൽ പറഞ്ഞതുപോലെ മോക്ഷലംബനസ്ഥിത്യൎദ്ധങ്ങൾക്കു അവിശേഷം വരുത്തി, അവിശേഷം വന്നിരിക്കുന്ന മോക്ഷലംബനം സ്ഫുടപൎവ്വാന്തത്തിൽ സംസ്കരിക്കുകയും, അവിശേഷം വന്നിരിക്കുന്ന സ്ഥിത്യൎദ്ധം അതിൽ കൂട്ടുകയും ചെയ്താൽ അതു സൂൎയ്യഗ്രഹണത്തിന്റെ മോക്ഷകാലവുമായിവരും, ഈ മോക്ഷകാലവും, തൽക്കാലത്തെക്കുള്ള സൂൎയ്യചന്ദ്രസ്ഫുടങ്ങളും, കാലലഗ്നാദി സ്ഥിത്യൎദ്ധാന്തവും പേരിട്ട ചാൎത്തുക. അവിടെ സ്പൎശകാലം എന്നു പറയുന്നതു ഗ്രഹണം തുടങ്ങുന്നതിന്റേയും, മദ്ധ്യകാലമെന്നു പറയുന്നതു ഗ്രാസം കഴിഞ്ഞു മോചനം തുടങ്ങുന്നതിന്റേയും, മോക്ഷകാലമെന്നതു മോചനം കഴിഞ്ഞു ശുദ്ധമണ്ഡലം കാണുന്നതിന്റെ സമയമാകുന്നു എന്നും അറിക. സ്പൎശമോക്ഷങ്ങൾ വരുത്തുവാനുള്ള ക്രിയ ഇങ്ങിനെയാകുന്നു.

൨൨൬

ഇനി നിമീലനവും ഉന്മീലനവും വരുത്തുവാൻ പറയുന്നു.

(൨൩) തഥാ നതാല്പാത് ഛേദ്യകാ പിമൾ മശീ ഇതി ക്രമേണ അനയോഃ സ്യാതാ മിതി ശേഷഃ.

അവിടെ സൂൎയ്യഗ്രഹണത്തിനു ഗ്രാഹ്യഗ്രാഹകബിംബങ്ങൾക്ക തമ്മിൽ അധികം വ്യത്യാസമില്ലാത്തതിനാൽ ചന്ദ്രഗ്രഹ

ണത്തിന്നു മാത്രമെ നിമീലനോന്മീലനങ്ങൾ പ്രത്യക്ഷമാകുന്നുള്ളു. ഇവിടെ "ഗ്രാഹ്യം" എന്നു പറയുന്നതു ചന്ദ്രബിംബവും, "ഗ്രാഹകം" എന്നു പറയുന്നതു തമോബിംബവുമാകുന്നു. അതു കൊണ്ടു തമോബിംബത്തിൽ നിന്നു ചന്ദ്രബിംബം വാങ്ങി, ശേഷത്തെ അർദ്ധിച്ചു പെരുക്കി വിലിയാക്കി വർഗ്ഗിച്ചതും, മദ്ധ്യകാല വിക്ഷേപം പെരുക്കി വിലിയാക്കി വർഗ്ഗിച്ചതും, തമ്മിൽ അന്തരിച്ചു ശേഷത്തെ മൂലിക്കുകയും, അതിനെ ഗത്യന്തരംകൊണ്ടു ഹരിക്കുകയും ചെയ്താൽ കിട്ടുന്ന ഫലം വിമർദ്ദാർദ്ധമാകുന്നു. ഹരിച്ചാൽ ആദ്യം കിട്ടുന്നതു നാഴികയാകയാൽ ശേഷത്തെ അറുപതിൽ പെരുക്കി ഹരിച്ചു വിനാഴികയും ഉണ്ടാക്കണം. പിന്നെ മദ്ധ്യകാലത്തെ രണ്ടേടത്തു വെച്ചു, ഒന്നിൽനിന്നു വിമർദ്ദാർദ്ധം കളഞ്ഞാൽ അതു നിമീലനകാലവും, മറേറതിൽ വിമർദ്ദാർദ്ധം കൂട്ടിയാൽ അതു ഉന്മീലനകാലവുമായി വരും. ചന്ദ്രന്റെ സമസ്തഗ്രഹണത്തിങ്കൽ മാത്രമെ ഇതു വരികയുള്ളു. അങ്ങിനെ വരുമ്പോൾ മദ്ധ്യകാലത്തിൽ നിന്നു വിമർദ്ദാർദ്ധനാഴികയോളം മുമ്പെ ചന്ദ്രബിംബം ഒട്ടും കാണാനില്ലാതെയാകുമെന്നും, മദ്ധ്യകാലം കഴിഞ്ഞതു വിമർദ്ദാർദ്ധത്തോളം നാഴിക ചെന്നാൽ ബിംബം വീണ്ടും കണ്ടു തുടങ്ങുമെന്നും അറിക. ഈ വിമർദ്ദാർദ്ധനാഴികകളെ സ്ഥിത്യർദ്ധത്തിന്നു പറഞ്ഞതുപോലെ അവിശേഷിച്ചു വരുത്തിയാൽ നല്ലവണ്ണം സൂക്ഷ്മമാകയും ചെയ്യും.

## ൨൮

ഇനി ഇഷ്ടകാലത്തെ ബിംബത്തിന്റെ ഏതു ഗ്രസിച്ചിരിക്കുമെന്നറിയാൻ പറയുന്നു.

(൨൮) ഗത്യന്തരാഹതം മദ്ധ്യസമയേഷ്ടകാലയോരന്തരം തത്ക്ഷിപ്ത്യാ കൃതിയോഗമൂലമിതം യോഗാഖ്യം മിശ്രഗ്രഹ ഇതി—ഇഷ്ടസമയമദ്ധ്യകാലയോരന്തരം ഗത്യന്തരഘ്നം തത്ക്ഷിപ്ത്യാ കൃതിയോഗമൂലമിതം യോഗാഖ്യം ഇഷ്ടഗ്രഹമിത്യന്വയഃ. സ്യാദിതി ശേഷഃ,

അവിടെ സ്പർശകാലത്തിൽ നിന്നു അര നാഴിക, ഒരു നാഴിക, ഒന്നര നാഴിക ഇങ്ങിനെ ചെല്ലുമ്പോഴക്ക ബിംബത്തിന്റെ എത്ര ഭാഗം ഗ്രസിക്കുമെന്നു വരുത്തുകയാണ് 'ഇഷ്ടഗ്രഹം' എന്നു പറയുന്നതു. അതുകൊണ്ടു സ്പർശകാലം തുടങ്ങി മദ്ധ്യകാലത്തിന്നിടക്ക ഏതെങ്കിലും ഇഷ്ടകാലത്തേക്ക സായനസമലിപ്താദിത്യചന്ദ്രന്മാരെ കൽപിച്ച് ആ സമയത്തേക്ക കാലലഗ്നം മുതൽ ലംബനവും, നതിയും, വിക്ഷേപവും വരുത്തി, വിക്ഷേപത്തിൽ നതി സംസ്കരിച്ചു വെക്കുക. ചന്ദ്രഗ്രഹണത്തിന്നാണെങ്കിൽ ലംബനവും നതിയും വരുത്തുകയും വിക്ഷേപത്തിൽ നതി സംസ്കരിക്കയും മാത്രം വേണ്ട. പിന്നെ ഇഷ്ടകാലലംബനം ഗ്രഹണമദ്ധ്യത്തിന്നു ഒരുവണ്ണം സ്ഫുടപൎവ്വാന്തത്തിൽ സംസ്കരിച്ച്, ആ ലംബനം സംസ്കരിച്ചിരിക്കുന്ന സ്ഫുടപൎവ്വാന്തനാഴികയും, ഇഷ്ടകാലനാഴികയും തമ്മിൽ അന്തരിച്ചാൽ ശേഷിച്ച നാഴികവിനാഴികകളെക്കൊണ്ടു ഗത്യന്തരത്തെ പെരുക്കി വൎഗ്ഗിച്ചതും, തൽകാലവിക്ഷേപത്തെ പെരുക്കി വൎഗ്ഗിച്ചതും തമ്മിൽ കൂട്ടി മൂലിച്ചാൽ കൎണ്ണമായിട്ടുള്ള ബിംബാന്തരം വരും. അതിനെ അതിന്റെ സമ്പൎക്കാൎദ്ധത്തിൽ നിന്നു വാങ്ങിയാൽ ഇഷ്ടകാലത്തെക്കുള്ള ഗ്രാസം വരുന്നതാകുന്നു. ചന്ദ്രഗ്രഹണമാണെങ്കിൽ ലംബനമില്ലായ്കയാൽ കേവല സ്ഫുടപൎവ്വാന്തവും ഇഷ്ടകാലവും തമ്മിൽ അന്തരിച്ച ശേഷിച്ച നാഴികകളെക്കൊണ്ടാണു ഗത്യന്തരത്തെ പെരുക്കേണ്ടതെന്നു ഭേദമുള്ളൂ.

൨൨൫

ഇനി സോമഗ്രഹണത്തിന്നു ആവശ്യമില്ലാത്തതു ഇന്നിന്നവയെന്നു പറയുന്നു.

(൪൪) ന ഗ്രാഹ്യം നതിലംബനം ദിവസകൃദ്ബിംബേ ഹി സോമഗ്രഹേ ഇതി- സോമഗ്രഹണേ നതിലംബനേ ന ഗ്രാഹ്യേ. ദിവസകൃദ്ബിംബേ [illegible] പി ഇത്യാദയോ ന ഗ്രാഹ്യാഃ ഇതി ച ബോദ്ധ്യം.

ഇവിടെ രണ്ടു ഗ്രഹണത്തിന്നും ക്രിയ ഒന്നിച്ചു പറഞ്ഞിരിക്കുന്നതിൽ സോമഗ്രഹണത്തിന്നു നതിയും, ലംബനവും, സൂര്യ്യബിംബവും വരുത്തേണ്ട.

൨൨൩

ഇനി എത്ര ഉണ്ടായാലാണ് വർജ്ജിക്കേണ്ടതു എന്നതിനെ പ്പറയുന്നു.

(൨൩) ഗ്രാസേ ബിംബാദിനാംശതോല്പകതരേ വർജ്ജ്യോ ന സൂര്യ്യഗ്രഹ ഇതി— ഗ്രാസേ ബിംബാദിനാംശാത് അല്പകതരേ സൂര്യ്യഗ്രഹഃ ന വർജ്ജ്യ ഇത്യന്വയഃ. സ്യാദിതി ശേഷഃ.

സൂര്യ്യബിംബത്തിന്റെ എട്ടിൽ ഒരു ഭാഗത്തോളം പരമഗ്രാസം ഉണ്ടെങ്കിലെ സൂര്യ്യഗ്രഹണം വർജ്ജിക്കേണ്ടു എന്നർത്ഥം.

൨൨൪

(൨൪) ഗ്രാസേ ഷോഡശഭാഗതഃ ശിശിരഗോരല്പേ ന വർജ്ജ്യോ ഗ്രഹ ഇതി— ഗ്രാസേ ഷോഡശഭാഗതഃ അല്പേ ശിശിരഗോഃ ഗ്രഹഃ ന വർജ്ജ്യഃ ഇത്യന്വയഃ. സ്യാദിതി ശേഷഃ.

ചന്ദ്രബിംബത്തിന്റെ പതിനാറിലൊന്നിനേക്കാൾ പരമഗ്രാസം അധികമില്ലെങ്കിൽ ചന്ദ്രഗ്രഹണവും വർജ്ജിക്കേണ്ട.

൨൨൫

ഇനി ഗ്രഹണം തുടങ്ങുന്ന ദിക്കറിയാൻ പറയുന്നു.

(൨൫) ഖണ്ഡാംശോ ഗ്രഹണേ സദാ ഗതിരിതി ഗ്രാസ ഇതി— ക്രമേണാന്വയഃ. ഭവതീതി ശേഷഃ.

അവിടെ സൂര്യ്യഗ്രഹണത്തിന്നു നതി സംസ്കരിച്ചിരിക്കുന്ന വിക്ഷേപത്തിന്റെ ദിക്കിൽ നിന്നാണു ഗ്രസിച്ചു തുടങ്ങുക. മേഷാദി ഉത്തരദിക്കും, തുലാദി ദക്ഷിണദിക്കുമാകുന്നു. അതുകൊണ്ടു നതിസംസ്കൃതവിക്ഷേപം മേഷാദിയാണെങ്കിൽ സൂര്യ്യ

ബിംബത്തിന്റെ വടക്കേ വക്കത്തുനിന്നും, തുലാദിയാണെങ്കിൽ തെക്കേ വക്കത്തുനിന്നും ആണ ഗ്രസിച്ചു തുടങ്ങുക യെന്നും അറിക.

## ൧൧. ൯

(൩൫) വിക്ഷേപോ ഽന്യഥേതി — ക്രമേണാന്വയഃ.

ചന്ദ്രഗ്രഹണത്തിന്നു ഗ്രാസം സൂർയ്യഗ്രഹണത്തിന്നു പറഞ്ഞതിന്റെ വിപരീതമാകുന്നു. ചന്ദ്രഗ്രഹണത്തിന്റെ വിക്ഷേപം മേഷാദിയാണെങ്കിൽ ചന്ദ്രബിംബത്തിന്റെ തെക്കേ വക്കത്തുനിന്നു ഗ്രാസം തുടങ്ങുമെന്നും, തുലാദിയാണെങ്കിൽ ഗ്രസിച്ചു തുടങ്ങുക വടക്കേ വക്കത്തു നിന്നാണെന്നും താല്പര്യം.

## ൧൧. ൰

സൂർയ്യന്റെ ഉദയാസ്തമയസന്ധ്യകൾക്ക ഗ്രഹണം തട്ടുമോ എന്നു സംശയം വരുന്നേടത്ത് അതു അറിവാൻ പറയുന്നു.

(൩൬) ഗത്യംശോനാന്തരനിഘ്നലംബനരവീന്ദ്വോഃ ക്ഷേപയോരന്തരകൃത്യാ വർഗ്ഗയുതാൽ പദം ന്യൂനമു യോഗാൽ ഇതി— ഗത്യംശോനാന്തരനിഘ്നലംബനരവീന്ദ്വോഃ ക്ഷേപയോഃ അന്തരക്ഷേപകൃത്യാഃ വർഗ്ഗയുതാൽ പദം യോഗാൽ ന്യൂനമു ഇത്യന്വയഃ.

അവിടെ ആദിത്യോദയത്തിന്നോ അസ്തമയത്തിന്നോ ആദിത്യസ്ഫുടവും ചന്ദ്രസ്ഫുടവും ദൃക്കകൊണ്ടു വിലിപ്താദിയായിട്ട ദേശാന്തരാഹർമ്മാനങ്ങളും സംസ്കരിച്ചുണ്ടാക്കി, രാഹുവിനേയും വിലിപ്താദിയായി ഉണ്ടാക്കുകയും, വിലിപ്താദിയായി ഉണ്ടാക്കിയ ഭഗണം മൂന്നിലും സംസ്കരിക്കുകയും ചെയ്ക. പിന്നെ മുൻപറഞ്ഞതു പോലെ ഗത്യന്തരങ്ങളും, അതാതിന്റെ സമ്പർക്കാർദ്ധവും, ആക്ഷേപം, ഛേദ്യവൃത്തം, സമ്പർക്കാർദ്ധവർഗ്ഗവും ഉണ്ടാക്കുക. അനന്തരം ആ ആദിത്യസ്ഫുടവും

ചന്ദ്രസ്ഫുടവും ഭേദംവെച്ച് അവ തമ്മിലന്തരിക്കകയും, ശേഷമുള്ള ഇളിയും വിലിയും ഒരെടുത്തു വെക്കകയും ചെയ്യു. അതിന്നു "സ്ഫുടാന്തരം" എന്നു പേർ. പിന്നെ സൂൎയ്യചന്ദ്രന്മാരുടെയും, രാഹുവിന്റെയും അംശാധിക്യ മുതലായിൽ കയററി വിലിക്കയാം. പിന്നെ അസ്തമനത്തിന്നുള്ള ആദിത്യനാണെങ്കിൽ ആറു രാശി കൂട്ടി രണ്ടെടുത്തു വെച്ച്, ഒന്നിൽനിന്നു ചരപ്രാണകലാന്തരങ്ങൾ വരുത്തി മറേറതിൽ സംസ്കരിച്ചാൽ അതു അവിടെക്കുള്ള കാലലഗ്നമായിവരും. ആദിത്യോദയത്തിന്നും അസ്തമനത്തിന്നും കാലലഗ്നം വരുത്തുമ്പോൾ നാഴികകളെ ആറിൽ പെരുക്കി കൂട്ടുവാനില്ലല്ലോ. പിന്നെ ആ ചന്ദ്രനേയും വെച്ച് ആ ചന്ദ്രനെക്കൊണ്ടും, ആ കാലലഗ്നംകൊണ്ടും മുൻപറഞ്ഞതുപോലെതന്നെ ലംബനവും നതിയും വിക്ഷേപവും വരുത്തി, വിക്ഷേപത്തിൽ നതി സംസ്കരിച്ചുവെക്കുക; ഇവിടെ ലംബനം ഒരിക്കൽ മാത്രം ഉണ്ടാക്കിയാൽ മതിയെന്നും, അപ്പോൾ ലംബനജ്യാവുകൊള്ളാതെ മഹാജ്യാവു തന്നെ കൊള്ളണമെന്നും ഭേദവുമുണ്ട്. ചന്ദ്രഗ്രഹണമാണെങ്കിൽ ആ ചന്ദ്രനെക്കൊണ്ടു വിക്ഷേപം മാത്രമെ വരുത്തേണ്ടതുള്ളുവെന്നും ധരിച്ചുകൊള്ളണം. ഇനി സൂൎയ്യഗ്രഹണത്തിലെ ക്രിയ മുമ്പെ പറയുന്നു.

ഇവിടെ ഗത്യന്തരത്തെ വെച്ചു ഇളി കയററി തിയതിയാക്കി, ആ തിയതയും ഇളിയും വിലിയും ലംബനനാഴിക വിനാഴികകളെക്കൊണ്ടു പെരുക്കുക. അങ്ങിനെ പെരുക്കിയാൽ ലംബനത്തിന്നു വിനാഴികയില്ലെങ്കിൽ ഗത്യന്തരത്തിന്റെ തിയതി ഇളിയായി വരും. ലംബനത്തിന്നു വിനാഴിക ഉണ്ടെങ്കിൽ ഗത്യന്തരത്തിന്റെ തിയതിയുടെ മുകളിൽ വന്നസംഖ്യമെ ഇളിയാവുകയുള്ളൂ. ഇങ്ങിനെ പെരുക്കി അധിക്യമുണ്ടെങ്കിൽ കയററി ഇളിയും വിലിയും സൂക്ഷിച്ചു

ച്ചുവട്ടിലെ സ്ഥാനങ്ങൾ കല്പിക്ക. പിന്നെ ഈ ഭുജാവിലികളും, മുൻവെച്ചിരിക്കുന്ന സ്ഫുടാന്തരത്തിന്റെ ഭുജാവിലികളും തമ്മിൽ അന്തരിക്കുകയും, ശേഷമുള്ള ഇലിയെ വിലിയാക്കി വൎഗ്ഗിക്കുകയും ചെയ്ക. പിന്നെ നതി സംസ്കരിച്ചിരിക്കുന്ന വിക്ഷേപത്തെയും ഏറക്കി വൎഗ്ഗിക്കുകയും, ഈ ഉണ്ടാക്കിയ രണ്ടു വൎഗ്ഗങ്ങളും തമ്മിൽ കൂട്ടി മൂലിച്ചു കിട്ടുന്ന ഫലത്തെ ൬൦-ൽ കയററി സൂൎയ്യഗ്രഹണത്തിലെ സമ്പൎക്കാൎദ്ധത്തിൽ നിന്നു വാങ്ങുകയും വേണം.

൨൩൧

(൪൯) അത്ര ശിഷ്ടേ രവേഃ.

(൫൦) ബിംബപാദശരാംശോനേ സമ്പൎക്കേ സന്ധ്യാസ്പൃഗ്ഗ്രഹ ഇതി—അത്ര ശിഷ്ടേ രവേഃ ബിംബപാദശരാംശോനേ സമ്പൎക്കേ അഗ്രഹഃ സന്ധ്യാസ്പൃക് ഇത്യന്വയഃ. ഭവതീതി ശേഷഃ.

മുമ്പു പറഞ്ഞ വിധം മൂലിച്ചു ൬൦-ൽ കയററിയ ഫലത്തെ സൂൎയ്യഗ്രഹണത്തിങ്കലെ സമ്പൎക്കാൎദ്ധത്തിൽ നിന്നു വാങ്ങിയാൽ ശേഷമുള്ള (സമ്പൎക്കാൎദ്ധത്തിന്റെ) ഇലിയും വിലിയും സൂൎയ്യബിംബത്തെ ൧൨-ൽ ഹരിച്ചാലുണ്ടാകുന്ന ഫലത്തെക്കാൾ അധികമുണ്ടെങ്കിലും, ഫലത്തോടു തുല്യമാണെങ്കിലും സൂൎയ്യഗ്രഹണം സന്ധ്യയെ തട്ടുന്നതാകുന്നു; ബിംബപാദശരാംശത്തെക്കാൾ മൂലഫലം കുറയുമെങ്കിൽ സന്ധ്യയെ തട്ടുകയുമില്ല. സൂൎയ്യബിംബത്തിന്റെ ൧൨-ൽ ഒരംശത്തെക്കാൾ മൂലം വാങ്ങിയ സമ്പൎക്കാൎദ്ധത്തിന്റെ ഇലിവിലികൾ കുറയുമെങ്കിൽ സൂൎയ്യഗ്രഹണം സന്ധ്യയെ തട്ടുക ഇല്ലെന്നും അറിയണം.

൨൩൨

ഇനി ചന്ദ്രഗ്രഹണത്തിങ്കലെ ക്രിയ പറയുന്നു.

(൫൧) തദാൽ ബിംബയാമാംശതഃ സ്ഫുടയിതാക്ഷിപ്ത്യാഃ കുതിഭ്യാം വിധോരിതി— സ്ഫുടയിതാക്ഷിപ്ത്യാഃ കുതിഭ്യാം ബിംബയാമാംശകേ തദാ വിധോഃ ഇത്യന്വയഃ. ഭവതീതി ശേഷഃ.

ചന്ദ്രഗ്രഹണത്തിന്നു ലംബന മില്ലായ്കയാൽ മുൻപു ഉണ്ടാക്കിവെച്ചിരിക്കുന്ന സ്പഷ്ടാന്തരത്തെത്തന്നെ ഇലിയാക്കി വർഗ്ഗിച്ച്, തന്റെ (ചന്ദ്രന്റെ) വിക്ഷേപത്തെയും ഏറാക്കി വർഗ്ഗിച്ച്, ആ രണ്ടു വർഗ്ഗങ്ങളും തമ്മിൽ കൂട്ടി മൂലിക്കുകയും, മൂലത്തെ നാൽ കയററി തന്റെ സമ്പർക്കാർദ്ധത്തിൽനിന്നു വാങ്ങുകയും ചെയ്ക: ശേഷമുള്ള ഇലിയും വിലിയും ചന്ദ്രബിംബത്തിന്റെ ഒരു ഭാഗത്തെക്കാൾ ഏറുകയോ സമമായി വരികയോ ചെയ്താൽ ചന്ദ്രഗ്രഹണം സമ്പൂർണ്ണ തട്ടുന്നതാണെന്നും, കുറവുമെങ്കിൽ സമ്പൂർണ്ണ തട്ടുന്നതല്ലെന്നും അറിയുക. ഗ്രഹണം ഗണിക്കുവാനുള്ള ക്രിയ ഇങ്ങിനെയാകുന്നു.

## ൧൩൩

ഇനി ഗ്രഹണം വരക്കേണ്ടതിന്നു വലനം വരുത്തുവാൻ പറയുന്നു.

(ശ്ലോ) ഭാഗാഃ ഷഡ്ഘ്നമദ്ധ്യകാലഘടികാ ഇതി—ഷഡ്ഘ്നമദ്ധ്യകാലഘടികാഃ ഭാഗാ ഇത്യന്വയഃ. സ്ഥിതിഃ ശേഷഃ.

അവിടെ വലനം വരുത്തുവാനുള്ള ക്രിയ രണ്ടു ഗ്രഹണത്തിന്നും ഒരുപോലെയാകുന്നു. സൂര്യന്റെയും ചന്ദ്രന്റെയും ഗ്രഹണമദ്ധ്യകാലനാഴികകളെ ആറിൽ പെരുക്കിയാൽ അവ തിയ്യതികളായി വരുമെന്നും, വിനാഴികകളെ ആറിൽ പെരുക്കിയാൽ ഇലികളായി വരുമെന്നും അർത്ഥം. അങ്ങിനെ ഗ്രഹണമദ്ധ്യകാലനാഴികയേയും വിനാഴികയേയും ആറിൽ പെരുക്കിയാലും, ഉണ്ടെങ്കിൽ നാലും കയററി ഒരേടത്തു വെക്കുക.

## ൧൩൪

(ശ്ലോ) അപ്പക്കരാശിത്രയെ ക്രമാ ഗ്രാഹ്യചരം തതോ ഭുജജ്ഞാ ദീർഘാ തതോ ക്ഷയാഹതൽ.

(൩൭) ത്രിജ്യാപൂർവ്യ ധനർ ദ്ദിശാ ത്രിജ്യേഷ്ടഗ്രാഹ്യാപമം ചാപിതെ കർണ്ണാദിമി— തദ്ദക്ഷരാശിത്രയെ ഗ്രാഹ്യചരം കൃത്വാ, തത്ര ഭുജഗുണം വീതാ, അക്ഷാഹതാൽ തതഃ ത്രിജ്യാപൂർവ്യ ധനഃ ചാപിതെ ത്രിജ്യേഷ്ടഗ്രാഹ്യാപമം ദിശാ കർണ്ണാൽ ഇത്യന്വയഃ.

മദ്ധ്യകാല് നാഴികവിനാഴികകളെ ആറിൽ പെരുക്കി കയററി വെച്ചിരിക്കുന്നതിൽ മൂന്നു രാശികൂടി കൂട്ടി, ഗ്രാഹ്യങ്കൽ നിന്നു കൊണ്ട ചരം ഋണധനത്തിന്നു തക്കവണ്ണം അതിൽ സംസ്കരിക്കുക. സോമഗ്രഹണത്തിന്നു ഗ്രാഹ്യൻ സായനസമലിപ്തസൂര്യ്യം, സൂര്യ്യഗ്രഹണത്തിന്റെ ഗ്രാഹ്യൻ മദ്ധ്യകാലത്തിങ്കലെ സായനാദിത്യനുമാകുന്നു. ഇങ്ങിനെ ഗ്രാഹ്യചരം സംസ്കരിച്ച് തുലാമേഷാദി അറിഞ്ഞ ഭുജക്കു മഹാജ്യാവുകൊണ്ടു് അതിനെ സ്വദേശത്തെയുള്ള അക്ഷം കൊണ്ടു പെരുക്കി "ജലവേഗം" എന്ന ത്രിജ്യകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം ആക്ഷവലനമാകുന്നു. അതിനെ "ശൈഖ്യം വിശൈഖ്യം" എന്നു പറഞ്ഞപ്രകാരം ചാപിച്ചു (൨൭൧) വെക്കുക. പിന്നെ ആ താത്ക്കാലഗ്രഹണത്തിങ്കലെ ഗ്രാഹ്യനെ വെച്ച് മൂന്നുരാശികൂട്ടി തുലാമേഷാദി അറിഞ്ഞു ഭുജക്കു ക്രാന്തിചാപം (൨൫൨) കൊണ്ടാൽ അതു ആയനവലനമാകുന്നു. ആക്ഷവലനചാപവും, ആയനവലനമാകുന്ന ക്രാന്തിചാപവും ദിക്കു ഒന്നാണെങ്കിൽ തമ്മിൽ കൂട്ടുകയും, അതിന്റെ ദിക്കു ധരിക്കുകയും ചെയ്ക; ദിക്കു രണ്ടാണെങ്കിൽ തമ്മിൽ അന്തരിക്കുകയും, ശേഷിച്ചതിന്റെ ദിക്കു ധരിക്കുകയും വേണം.

൨൫൩

(൩൮) തസ്യ ഭുജാഫലാൽ ച വലനം വിദ്യാൽ "മദ്ധ്യമാം" എന്ന ദി— തസ്യ ഭുജാഫലാൽ ച "മദ്ധ്യമാം" ഏതം വലനം വിദ്യാൽ ഇത്യന്വയഃ.

പിന്നെ ആ ചാപങ്ങളുടെ യോഗത്തെയോ അന്തരത്തെയൊ അറുപതിലും ഉണ്ടെങ്കിൽ മുപ്പതിലും കയററി, അ

തിൽ നിന്നു മഹാജ്യാവുംകൊണ്ട്, ആ മഹാജ്യാവിനെ "മദ്ധ്യം" എന്ന ഛേദം കൊണ്ടു ഹരിച്ചുവരുന്ന ഫലം വലനാംഗുലമാകുന്നു. ശേഷത്തെ എട്ടിൽ പെരുക്കി "മദ്ധ്യം" കൊണ്ടുതന്നെ ഹരിച്ചു വ്യംഗുലവുമുണ്ടാക്കിക്കൊള്ളുക. ചാപയോഗത്തിൽ നിന്നാണു മഹാജ്യാവു കൊണ്ടതെങ്കിൽ ആ യോഗത്തിന്റെ തുലാമേഷാദിത്വംതന്നെയാണു വലനാംഗുലത്തിന്റെയും. തുലാമേഷാദി-ചാപാന്തരത്തിൽ നിന്നാണു മഹാജ്യാവു കൊണ്ടതെങ്കിൽ ചാപങ്ങൾ തമ്മിലന്തരിക്കുമ്പോൾ ബാക്കി വന്നതിന്റെ ദിക്കാകുന്നു വലനത്തിന്റെ ദിക്ക്. വലനം മേഷാദിയാണെങ്കിൽ ദിക്ക ഉത്തരമാണെന്നും, തുലാദിയാണെങ്കിൽ ദക്ഷിണമാണെന്നും അറിക.

## ൧൩൬

ഇനി ഗ്രഹണം വരക്കാൻ പറയുന്നു.

(൪൭) ദിക്‌സൂത്രാ [illegible] ദിവി— ക്രമേണാന്വയഃ.

